320
MARCH - APRIL 2026

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association



# ജനഹൃദയ പക്ഷത്തോടൊപ്പം അണിചേരുക

KERALA PRIVATE
COLLEGE TEACHER
MAR-APR 2026
320

EDITORIAL BOARD

Editor
**Dr. Vidhu Narayan**

Managing Editor
**Dr. N. Renuka**

Assistant Editors
**Dr. M. R. Rajesh**
**Sreelekshmi A.R.**

**Members**
A. Nisanth
Prof. (Dr.) K. Bijukumar
Asha Prabhakaran
Sanjeev G.
Pramod Vellachal
Dr. Sumesh A.S.
Dr. Bindumol B.
N.K. Sunilkumar
Harinarayanan S.
Dr. Vishnu Sreevalsan
Midhun Shah
Dr. Remya G.
Dr. Anju Linda Varghese
Dr. Sanand C. Sadananda Kumar
Dr. Preetha Krishna L.

Design :
Jwala Creatives

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.
Edited, Printed and Published by
Prof. (Dr.) K. Bijukumar, AKPCTA State Committee Office, Vanchiyoor, TVPM-35.

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
**Ph: 0471-2463494**
**Mobile: +91 94470 14956**
collegeteacheredt@gmail.com
www.akpcta.org



# എഡിറ്റോറിയൽ

വ്യക്തിയുടെ സമഗ്രമായ വളർച്ചയും വികാസവും ആണ് വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം എന്ന് വിദ്യാഭ്യാസ വിദഗ്ധർ മുമ്പേ പറഞ്ഞുവെച്ചിട്ടുണ്ട്. വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള ചെലവുകളെ ഭാവിയ്ക്കുള്ള നിക്ഷേപമായും സാമൂഹ്യ മാറ്റത്തിനുള്ള ഉൾപ്രേരകമായുമാണ് കരുതേണ്ടത്. അങ്ങനെ ചിന്തിച്ചതിനാലാണ് കേരളം ഇന്ത്യയിലെ ഏറ്റവും വലിയ മാനവ വിഭവശേഷിയുടെ ഉറവിടമായി മാറിയത്. എല്ലാ മേഖലയിലും വികസനം കൊണ്ടുവന്ന കേരള സർക്കാർ ബിരുദതലംവരെയുള്ള വിദ്യാഭ്യാസം സൗജന്യമാക്കിയതിലൂടെ വിദ്യാഭ്യാസത്തെ സംബന്ധിച്ച നിലപാട് കൂടിയാണ് വെളിപ്പെടുത്തിയത്. അധ്യാപകർക്ക് ആത്മവിശ്വാസം പകരുന്ന തരത്തിൽ അർഹമായ സ്ഥാനക്കയറ്റവും വേതന വർദ്ധനവും നൽകി വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്ന നടപടികളാണ് കേരളസർക്കാർ സ്വീകരിച്ചു വരുന്നത്. അധ്യാപകരുടെ ആവശ്യങ്ങൾ നിറവേറ്റുകയും കഴിഞ്ഞ പത്തുവർഷം സർവ്വതോമുഖമായ വികസനത്തിലൂടെ കേരളത്തെ ബഹുദൂരം മുന്നോട്ടു നയിക്കുകയും ചെയ്ത ജനപ്രിയ സർക്കാരിന് അഭിവാദ്യങ്ങൾ അർപ്പിച്ചുകൊണ്ട് ഈ ലക്കം വായനക്കാർക്ക് സമർപ്പിക്കുന്നു.

**എഡിറ്റർ**
collegeteacheredt@gmail.com
9447237659

# ഉള്ളടക്കം





നിലയ്ക്കാത്ത സമരങ്ങൾ മങ്ങാത്ത പ്രതീക്ഷകൾ
**ഡോ. ബിജുകുമാർ കെ.** .......... 4

ഇന്ത്യയ്ക്ക് ചേരാത്ത ഇന്ത്യൻ നോളജ് സിസ്റ്റവും
പിറകോട്ട് നടക്കുന്ന ഇന്ത്യൻ ഉന്നതവിദ്യാഭ്യാസരംഗവും
**ഡോ. സി. പത്മനാഭൻ** .......... 14

വിട്ടുപോകുന്ന ഉണ്ണികൾ: പൂതപ്പാട്ടിലെ വിദ്യാഭ്യാസ മനശ്ശാസ്ത്രം
**ഡോ. വിനോദ് കുമാർ എം.വി.** .......... 23

A CENTENNIAL HISTORY OF THE SCHRODINGER EQUATION
**Dr. Anju Linda Varghese** .......... 29

വായനയുടെ പട്ടുപാതയിലെ ഗ്രിഗർ സാംസയും നടാഷയും
**കെ.പി. ജയകുമാർ** .......... 33

Cumbum-Theni Grape Wine Cultivation Methods: A Comprehensive Review
**Archana P J** .......... 36

വയലാർ: അപരന്റെ ജീവിതംതൊട്ട വിപ്ലവനാടകഗാനങ്ങൾ
**ഡോ. വിശാൽ ജോൺസൺ** .......... 42

ഉന്നതവിദ്യാഭ്യാസരംഗം പ്രതിരോധവഴിയിൽ മുന്നോട്ട്...
**ഡോ. മനോജ് ടി.ആർ.** .......... 50

कल आज कल
**डॉ. धन्या पी एस** .......... 58

**സർക്കാർ ഉത്തരവുകൾ** .......... 59

**സംഘടനാവാർത്തകൾ** .......... 66












ഡോ. ബിജുകുമാർ കെ.

# നിലയ്ക്കാത്ത സമരങ്ങൾ മങ്ങാത്ത പ്രതീക്ഷകൾ

ആഗോളതലത്തിലും ദേശീയതലത്തിലും തീവ്രവും സംഭവബഹുലവുമായ രാഷ്ട്രീയ വ്യതിചലനങ്ങൾ നടന്നുവരുന്ന സമയമാണിത്. ഇടവേളകളില്ലാതെ ഒന്നിനുപുറകെ ഒന്നായി വന്നുചേരുന്ന സാമൂഹിക ചലനങ്ങളിൽ ഏറ്റവും മുഖ്യമായത് പൗരാവകാശങ്ങൾക്കും ജനാധിപത്യസംവിധാനങ്ങൾക്കും നേരെയുള്ള ആക്രമണങ്ങളാണ്. വംശീയ കലാപങ്ങളും യുദ്ധങ്ങളും തടവുകളും പിടിച്ചെടുക്കലുകളുമായി ഭരണകൂടഭീകരതകൾ മുന്നേറുന്ന സാഹചര്യത്തിലും നമ്മെ പ്രതീക്ഷയോടെ പോരാടുവാൻ പ്രേരിപ്പിക്കുന്നത് ലോകത്താകമാനം സൃഷ്ടിക്കപ്പെട്ടു കൊണ്ടിരിക്കുന്ന ഇടത് തരംഗമാണ്. ഫാസിസ്റ്റ് ശക്തികളിൽ നിന്നും രക്ഷ നേടാൻ കമ്മ്യൂണിസ്റ്റ് ആശയങ്ങളോടും ഭരണസംവിധാനത്തോടും ലോകജനത പുലർത്തുന്ന ആഭിമുഖ്യം തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ തന്നെയാണ് തെളിഞ്ഞു കൊണ്ടിരിക്കുന്നത്.

ദീർഘകാലമായി ഇന്ത്യ അഭിമുഖീകരിക്കുന്ന പ്രധാന വിഷയം സംഘപരിവാറിന്റെ കടന്നുകയറ്റവും ഏകാധിപത്യവുമാണ്. യൂണിയൻ സർക്കാരിന്റെ പശ്ചാത്തലത്തിൽ അത് കൂടുതൽ ഭീകരമാവുകയാണ്. മതരാഷ്ട്രരൂപീകരണത്തിന്റെ വഴികളിൽ മനുഷ്യരെ ജാതീയമായി വിഭജിക്കുകയും വർഗ്ഗീയതയുടെ വിഷലിപ്തമായ മേച്ചിൽപ്പുറമായി മതേതര ഇന്ത്യയെ മാറ്റാനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്തു വരുന്നു. ഇതിന്റെ അടിസ്ഥാനം മതമോ വർഗ്ഗീയതയോ അല്ല എന്നതാണ് യാഥാർത്ഥ്യം. അമിതമായ കോർപ്പറേറ്റുവത്കരണത്തിന്റെ കേന്ദ്രമായി ഇന്ത്യയെ മാറ്റിത്തീർക്കാനുള്ള സംഘപരിവാർ അജണ്ടയുടെ കേവലം ഉപകരണങ്ങൾ മാത്രമാണ് മതവും വർഗ്ഗീയതയും.ഫാസിസത്തിന്റെ ഏറ്റവും നിന്ദ്യമായ ഒരു മുഖമാണിത്. സാമ്പത്തിക അടിയന്തരാവസ്ഥ സൃഷ്ടിച്ചുകൊണ്ട് ജനാധിപത്യ സംവിധാനങ്ങളെ ചിതറിച്ചു കളയുക, സംസ്ഥാനങ്ങളുടെ സ്വയംഭരണവ്യവസ്ഥകളെ അട്ടിമറിക്കുക, വിദ്യാഭ്യാസമേഖലയെ അധികാര ദുർവിനിയോഗത്തിന്റെയും ജാതിവിവേചനത്തിന്റെയും അയുക്തിയുടെയും പൗരോഹിത്യത്തിന്റെയും അരങ്ങാക്കി മാറ്റുക, പൗരത്വത്തിന്റെ മാനദണ്ഡമായി പ്രത്യേക മതത്തെ സ്വീകരിക്കുക എന്നിങ്ങനെ പലവഴികളിലൂടെ ഒരു സാമ്പത്തിക രാഷ്ട്രീയ ലക്ഷ്യത്തിലേക്ക് അതിവേഗം നയിക്കപ്പെടുകയാണ്. ഇതിന് ഏറ്റവും വലിയ തെളിവാണ് 2026-27 കാലയളവിൽ പ്രഖ്യാപിക്കപ്പെട്ട കേന്ദ്ര ബജറ്റ്. " പകയുടെ ബാക്കിപത്രം" എന്ന് വിശേഷിപ്പിക്കപ്പെട്ട കേന്ദ്ര ബജറ്റിൽ കേരളം സമർപ്പിച്ച 29 ഇനങ്ങൾ ഉള്ളടങ്ങിയ നിവേദനത്തിൽ ഒന്നുപോലും പരിഗണിക്കപ്പെട്ടില്ല. വിദ്യാഭ്യാസം, ആരോഗ്യം, മനുഷ്യവിഭവ വികസനം എന്നിവയുടെ പദ്ധതിഘടകങ്ങളിൽ മാറ്റം വരുത്തണമെന്ന ആവശ്യവും നിറവേറിയില്ല. സാമ്പത്തിക പ്രതിസന്ധികൾ പരിഹരിക്കുക എന്ന ബജറ്റിന്റെ ധാർമ്മിക ലക്ഷ്യം പോലും നിറവേറിയില്ല.സാധാരണ ജനങ്ങളുടെ നികുതിപ്പണം വലിയ സാമ്പത്തിക

സ്രോതസ്സായി കാണുകയും കോർപ്പറേറ്റുകളുടെ നികുതി ശേഖരണത്തിൽ മൃദുസമീപനം പുലർത്തുകയും ചെയ്യുന്നു. ലേബർകോഡ് ജനവിരുദ്ധമായി പുന:ക്രമീകരിച്ചതിനെ തുടർന്ന് വേതനവർദ്ധനയോ തൊഴിൽ സുരക്ഷയോ ഉറപ്പാക്കുന്ന പ്രഖ്യാപനങ്ങൾ ഒന്നും ഇല്ല. പുതിയ എസ്റ്റിമേറ്റ് അനുസരിച്ച് വിദ്യാഭ്യാസത്തിന് നീക്കിവച്ചിട്ടുള്ള തുക 128650 കോടി രൂപയിൽ നിന്ന് 121949 കോടിയാക്കി കുറച്ചു. മൗലികമായ വികസനം ആവശ്യമുള്ള കാർഷിക മേഖല ഉൾപ്പെടെയുള്ള മേഖലകളുടെ അവസ്ഥയാണിത്. ജനവിരുദ്ധ കോർപ്പറേറ്റ് സർക്കാർ ആണ് കേന്ദ്രം ഭരിക്കുന്നത് എന്നാണ് ബജറ്റിലൂടെ വ്യക്തമാകുന്നത്.

ഇത്തരം അനീതികൾക്ക് ബദൽമാർഗ്ഗങ്ങൾ ആവിഷ്കരിച്ചുകൊണ്ടാണ് കേരള വികസന മാതൃകകൾ മുന്നോട്ട് വയ്ക്കുന്നത്. ജനക്ഷേമകരമായ വികസനമാണ് കേരള ഗവൺമെന്റ് സാക്ഷാത്കരിക്കുന്ന ആശയം. പരിമിതമായ വിഭവസ്രോതസുകളെ ക്രമീകരിച്ചുകൊണ്ടുള്ള വികസനമാതൃകയാണത്. സർവകലാശാല കളുടെ വികസനം(259.09 കോടി), ഉന്നത വിദ്യാഭ്യാസ മേഖലയുടെ വികസനം(851.46 കോടി),കലാലയങ്ങളുടെ അടിസ്ഥാന വികസനത്തിന് (104 കോടി രൂപ) അനുവദിച്ചു കൊണ്ടുള്ള കേരള ബജറ്റ് പ്രത്യാശാനിർഭരമാണ്.സിഎം റിസർച്ചർ സ്കോളർഷിപ്പ് പ്രതിമാസം 10000 രൂപയിൽ നിന്ന് 15000 ആയി ഉയർത്തിയതും ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ബിരുദ തലത്തിൽ സൗജന്യ വിദ്യാഭ്യാസം ഏർപ്പെടുത്തിയതും വിപ്ലവകരമായ തീരുമാനങ്ങളാണ്. ഇടതുപക്ഷ ഗവൺമെന്റിന്റെ ജനജീവിതസങ്കല്പങ്ങളാണ് കേരള ബജറ്റിൽ പ്രതിഫലിക്കുന്നത്.

അവകാശസംരക്ഷത്തിന് വേണ്ടിയുള്ള സമരങ്ങൾ അവസാനിക്കുന്നില്ല എന്നതിന്റെ സൂചനയാണ് ഫെബ്രുവരി 12 ന് നടന്ന ദേശീയ പണിമുടക്ക്.തൊഴിലാളി വിരുദ്ധ ലേബർ കോഡുകൾ പിൻവലിക്കുക, NEP പിൻവലിക്കുക, സാമൂഹ്യ സുരക്ഷാ അവകാശങ്ങൾ ഉറപ്പാക്കുക, വിദ്യാഭ്യാസ മേഖലയിലെ സ്വകാര്യവൽക്കരണം അവസാനിപ്പിക്കുക, അവശ്യവസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചാണ് വർഗ്ഗബഹുജന സംഘടനകൾ സമരം ചെയ്തത്. ആവശ്യം നിറവേറ്റാൻ കഴിയുക എന്നതിനേക്കാൾ രാജ്യത്തിന്റെ രാഷ്ട്രീയ കാലാവസ്ഥ തിരുത്തിയെഴുതുക എന്ന വിശാലമായ ലക്ഷ്യം കൂടി പണിമുടക്കിൽ ഉണ്ട്. എകെപിസിടിഎ എന്ന സംഘടനയുടെ മുഴുവൻ അംഗങ്ങളും കാലഘട്ടത്തിന്റെ ആവശ്യം മുന്നിൽക്കണ്ട് പണിമുടക്കിൽ അണിചേർന്നു എന്നത് അഭിമാനകരമാണ്.

ദേശീയ വിദ്യാഭ്യാസ നയം 2020 ഇന്ത്യയുടെ മതേതര വിദ്യാഭ്യാസ മേഖലയ്ക്ക് നേരെയുള്ള അപകടകരമായ നീക്കമാണ് എന്ന് രാജ്യത്തെ പുരോഗമന പ്രസ്ഥാനങ്ങൾ മനസ്സിലാക്കുകയും നിരന്തരമായ പ്രതിഷേധ സമരങ്ങൾ രൂപപ്പെടുകയും ചെയ്തു. എന്നാൽ തടയാനാകാത്ത വിധം സംഘപരിവാർ ആശയങ്ങളും അശാസ്ത്രീയതകളും വിശ്വാസങ്ങളും ഇടകലർന്ന ഒരു വിദ്യാഭ്യാസ സങ്കല്പം ആയി അത് വ്യാപിച്ചു തുടങ്ങി.വികസിത് ഭാരത് ശിക്ഷാ അധിഷ്ഠാൻ ബിൽ (VBSA) അതിന്റെ പുതിയ മുഖമാണ്. ഏകീകൃതവും ഏകാധിപത്യപരവുമായ വിദ്യാഭ്യാസ സമ്പ്രദായം നടപ്പിൽ വരുന്നതോടെ സംസ്ഥാന സർക്കാരുകൾക്ക് വിദ്യാഭ്യാസ മേഖലയിൽ ഉള്ള സ്വാധീനവും സ്വാതന്ത്ര്യവും അധികാരവും നഷ്ടപ്പെടും. ഇപ്പോൾത്തന്നെ കേരളത്തിലെ സർവ്വകലാശാലകൾ പിടിച്ചെടുക്കുവാനുള്ള സംഘപരിവാറിന്റെ തന്ത്രങ്ങൾ പല രീതിയിൽ പുരോഗമിക്കുകയാണ്. കണ്ണൂർ സർവകലാശാലയിലെ അക്കാദമിക് കൗൺസിലേക്ക് ഏകപക്ഷീയമായി സംഘപരിവാർ പ്രതിനിധികളെമാത്രം ഉൾപ്പെടുത്താനും കേരള സർവ്വകലാശാലയിലെ രജിസ്ട്രാർ സസ്പെൻഷൻ മുതൽ വിദ്യാർത്ഥി യൂണിയനെ നിയമവിരുദ്ധമായി പിരിച്ചു വിടാനുമെല്ലാം ഒരു വൈസ് ചാൻസലർ നേതൃത്വം കൊടുക്കുന്നതും മറ്റ് സർവകലാശാലകളിൽ അധികം വൈകാതെ വരാനിരിക്കുന്നതുമായ ശൈഥില്യത്തിന്റെ കാരണം നമ്മൾ കണ്ടറിയേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ ആണ് എകെപിസിടിഎ " വർഗ്ഗീയ മുക്ത ഇന്ത്യ ജനപക്ഷ വൈജ്ഞാനിക കേരളം" എന്ന മുദ്രാവാക്യം സ്വീകരിച്ചു കൊണ്ട് അറുപത്തിയെട്ടാം സംസ്ഥാന സമ്മേളനത്തിലേക്ക് പോകുന്നത്.

എകെപിസിടിഎ സംസ്ഥാന സമ്മേളനം നടക്കുന്നത് സംസ്ഥാനം നിർണായകമായ ഒരു നിയമസഭാ തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുന്നതിന്റെ പശ്ചാത്തലത്തിൽ ആണ്.ജനപക്ഷ വൈജ്ഞാനിക കേരളം എന്ന മുദ്രാവാക്യം സാർത്ഥകമാകുന്നത് അവിടെയാണ്. പത്തു വർഷമായി കേരള ജനതയുടെയും അതിഥിത്തൊഴിലാളികളുടെയും അടിസ്ഥാന ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കേരളത്തെ ലോകോത്തര നിലവാരമുള്ള ഒരു വിജ്ഞാന സമൂഹമായി മാറ്റുന്നതിനും അക്ഷീണം പ്രയത്നിച്ച ഒരു സർക്കാരിന് തുടർഭരണം ലഭിച്ചാൽ മാത്രമേ ഈ സ്വപ്നം സാക്ഷാത്കരിക്കാൻ കഴിയുകയുള്ളൂ.അതിദാരിദ്ര്യമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ട കേരളത്തിൽ ആരും അരക്ഷിതരല്ല. ദേശീയ ജനസംഖ്യാ രജിസ്റ്റർ ( NPR) ഒരുതരത്തിലും കേരളത്തിൽ നടപ്പിലാക്കില്ല എന്ന് തീരുമാനിച്ച സർക്കാരാണ് കേരളം ഭരിക്കുന്നത്. വിഭജനത്തിന്റേതും പുറന്തള്ളലിന്റേതുമല്ല ഉൾക്കൊള്ളലിന്റെ രാഷ്ട്രീയം ആണ് ഇടതുപക്ഷം മുന്നോട്ട് വയ്ക്കുന്നത്.

മൂന്ന് ദശാബ്ദങ്ങളായി കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് അധ്യാപക സ്വാഭിമാനത്തിന്റെ ശബ്ദമായി നിലകൊള്ളുന്ന, ത്യാഗോജ്വലമായ സമരചരിത്രം പേറുന്ന, എയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ അനവധി സംഭാവനകൾ നൽകിയ AKPCTA എന്ന മഹത്തായ സംഘടനയിൽ ഒരു സാധാരണ അംഗം മുതൽ ജനറൽ സെക്രട്ടറി എന്ന പരമോന്നത പദവി വരെ വഹിക്കാൻ കഴിഞ്ഞതിലുള്ള ഹൃദയം നിറഞ്ഞ സന്തോഷവും ചാരിതാർഥ്യവും അനുഭവിക്കുന്നു.

സമരപഥങ്ങളിലൂടെ കൈകോർത്തു നിന്ന സഹപ്രവർത്തകരുടെ സ്നേഹവും പിന്തുണയും എന്നും ഓർമിക്കും. ഇനിയുള്ള വഴികളിലും, പുറത്തുനിന്നെങ്കിലും, സംഘടനയുടെ ഉയർച്ചയ്ക്കും ലക്ഷ്യസാഫല്യത്തിനും വേണ്ടി എന്റെ എല്ലാവിധ പിന്തുണയും സഹകരണവും തുടർന്നും ഉണ്ടാകും. എല്ലാവർക്കും സ്നേഹാഭിവാദനം! ■

ഡോ. പ്രദീപ്കുമാർ കെ.
ശ്രീവ്യാസ എൻ.എസ്.എസ്. കോളേജ്, വടക്കാഞ്ചേരി

# ജനഹൃദയപക്ഷത്തോടൊപ്പം അണിചേരുക

സാർവത്രികമായ സാമൂഹ്യനീതിയും സർവ്വജനവിഭാഗങ്ങളുടെയും ക്ഷേമവും സമഗ്രവും സുസ്ഥിരവുമായ വികസനവും മുൻനിർത്തിക്കൊണ്ടുള്ള നയത്തിന്റെ അടിസ്ഥാനത്തിൽ മുന്നോട്ടുപോയ കഴിഞ്ഞ പത്തു വർഷങ്ങളിൽ കേരളം കൈവരിച്ച നേട്ടങ്ങൾ ഐതിഹാസികമാണ്. ക്ഷേമ സംസ്ഥാനമെന്ന നിലയിൽ ദുർബല വിഭാഗങ്ങളോടുള്ള പ്രതിബദ്ധത വ്യക്തമാക്കുന്ന നയപരിപാടികൾ ആവിഷ്കരിക്കുന്നതോടൊപ്പം തന്നെ സംസ്ഥാനത്തിന്റെ വികസന ഭൂപടമാകെ ഗുണപരമായി മാറ്റി വരച്ച കാലം കൂടിയാണ് ഇതെന്ന് നിസ്സംശയം പറയാനാകും.

കേരള സംസ്ഥാനത്തിന്റെ വളർച്ചയും വികാസവുംകഴിഞ്ഞ ഒരു ദശാബ്ദം കൊണ്ട് മാത്രം ഉണ്ടായതല്ല എന്ന് നമുക്കെല്ലാവർക്കും അറിയാം. ഏത് വികസന സൂചിക വച്ച് നോക്കിയാലും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ബഹുദൂരം മുന്നിലാണ് എന്ന് കാണാനാകും. സാമ്പത്തിക വളർച്ച കൂടാതെ തന്നെ ഈ വിധത്തിൽ സാമൂഹിക വികാസം ഉറപ്പുവരുത്തിയതിനെയാണ് കേരള മാതൃക എന്ന് സാമ്പത്തിക വിദഗ്ധർ വിശേഷിപ്പിക്കുന്നത്. ജീവിത ഗുണതയുടെ (HDI) കാര്യത്തിൽ ലോകത്തെ ഏറ്റവും സമ്പന്ന രാജ്യങ്ങൾക്ക് ഒപ്പമാണ് നമ്മുടെ നില. പ്രതീക്ഷിത ആയുസ്സ്, ശിശുമരണ നിരക്ക്, മാതൃമരണ നിരക്ക്, ലിംഗാനുപാതം, സാക്ഷരതാ നിരക്ക് എന്നിവയിൽ മാത്രമല്ല കുടിവെള്ള ലഭ്യത, കുട്ടികളുടെ പോഷകാഹാര ലഭ്യത എന്നിവയിലും മികച്ച നേട്ടങ്ങൾ കേരളം കൈവരിച്ചു. മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിദ്യാർഥി അധ്യാപക അനുപാതം, ഉയർന്ന സാർവത്രിക എൻറോൾമെൻറ് നിരക്ക്,കുറഞ്ഞ കൊഴിഞ്ഞുപോക്ക്, ശാസ്ത്രീയമായ പാഠ്യ പദ്ധതി വികാസം, മെച്ചപ്പെട്ട പൊതുജനാരോഗ്യം, ജനസംഖ്യാനുപാതികമായ ആശുപത്രി സൗകര്യങ്ങൾ, എന്നിവ കേരളത്തിന്റെ നേട്ടങ്ങളിൽ ചിലതു മാത്രമാണ്. നിതി ആയോഗ്, റിസർവ് ബാങ്ക്, വിവിധ ധനകാര്യ കമ്മീഷനുകൾ എന്നിങ്ങനെയുള്ള ദേശീയ ഏജൻസികളും, UNDP, UNICEF, ലോക ബാങ്ക്, ലോകാരോഗ്യ സംഘടന, UNESCO, ILO തുടങ്ങിയ അന്താരാഷ്ട്ര ഏജൻസികളും പലവുരു ഉയർത്തിക്കാണിച്ച ഈ നേട്ടങ്ങൾ ഒരു സുപ്രഭാതത്തിൽ ഉണ്ടായതോ രാജ്യമാകമാനം സംഭവിച്ചതോ അല്ല എന്ന് വ്യക്തമാണല്ലോ. ആഗോളതലത്തിൽ വലിയ ശ്രദ്ധ നേടിയ കേരള വികസന മാതൃക ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ സംഭാവനയാണ് എന്ന് നിസംശയം പറയാം. കമ്മ്യൂണിസ്റ്റ്പാർട്ടി നേതൃത്വം നൽകിയ 1957ലെ ആദ്യത്തെ കേരളസർക്കാർആയിരുന്നു ഇന്ത്യയിലെ മറ്റു പ്രദേശങ്ങളിൽ നിന്ന് വിഭിന്നമായി സവിശേഷവും നവീനവുമായ വികസനമാതൃകക്ക് തുടക്കം കുറിച്ചത്. ഇഎംഎസിന്റെ നേതൃത്വത്തിലുള്ള ആ സർക്കാർ അടിസ്ഥാന വർഗ്ഗങ്ങളുടെ ക്ഷേമത്തിനു വേണ്ടി കൈക്കൊണ്ട



നടപടികൾ പ്രധാനമായും നാല് മേഖലകളെ ഊന്നിയുള്ളതാണ്.

1. ഭൂപരിഷ്കരണത്തിൽ ഊന്നിയുള്ള കാർഷിക പുനരുദ്ധാരണം

2. സഹകരണ അടിസ്ഥാനത്തിൽ ഉള്ള പരമ്പരാഗത വ്യവസായ മേഖലയുടെ പുനസംഘടന

3. പൊതുമേഖലയുടെ വികാസം

4. സ്വകാര്യമേഖലയെ കൂടി ഉൾപ്പെടുത്തി കൊണ്ടുള്ള ആധുനിക വ്യവസായ വികസനം.

മാനവികത, ജനാധിപത്യം, യുക്തിവാദം, മതേതരത്വം, സോഷ്യലിസം എന്നീ മൂലങ്ങളെ ആധാരമാക്കിയ കേരള നവോത്ഥാനത്തിന്റെ സാംസ്കാരിക പശ്ചാത്തലം ഈ വികസന മാതൃകക്ക്  ആശയപരവും രാഷ്ട്രീയവുമായ ചട്ടക്കൂട് നൽകിയെന്ന് പി ഗോവിന്ദപ്പിള്ള നിരീക്ഷിക്കുന്നുണ്ട്.

സമ്പത്തിന്റെയും വിഭവങ്ങളുടെയും വിതരണം നീതിപൂർവ്വമാക്കുന്നതിനും സാമൂഹിക ബോധവും സാമ്പത്തിക വളർച്ചയും ഉറപ്പുവരുത്തുന്നതിനുമുതകുന്ന നിരവധി നടപടികൾക്കാണ് ഒന്നാം കേരള സർക്കാർ തുടക്കം കുറിച്ചത്. അധികാരത്തിൽ വന്ന് പത്തു ദിവസത്തിനുള്ളിൽ നടപ്പിലാക്കിയ ഐതിഹാസികമായ കുടിയൊഴിക്കൽ നിരോധന നിയമം മുതൽ ദേഹണ്ഡ പ്രതിഫല നിയമം, ജന്മിക്കരം നിർത്തലാക്കൽ നിയമം, കടാശ്വാസ നിയമം, സ്വകാര്യ വന മാനേജ്മെൻറ് നിയമം, കാർഷിക ബന്ധ നിയമം, മര്യാദ പാട്ടം, ഭൂപരിധി താഴ്ത്തൽ, കൂലി കൂട്ടൽ






എന്നിവ ഉറപ്പുവരുത്തുന്ന ചട്ടങ്ങൾ എന്നിവയെല്ലാം ആ സർക്കാരിന്റെ സംഭാവനകളാണ്. അതുവരെ നിലനിന്നിരുന്ന ചൂഷണപരവും മർദ്ദനപരവുമായ സാമൂഹ്യഘടനയെ തകർക്കാൻ ഈ നയങ്ങളിലൂടെ സാധിച്ചു. വിദ്യാഭ്യാസം ആരോഗ്യം സാമൂഹ്യക്ഷേമം എന്നിവ ഉറപ്പുവരുത്തുക മാത്രമല്ല സമസ്ത ജനവിഭാഗങ്ങളുടെയും അവകാശബോധം ഉണർത്തുക വഴി നേട്ടങ്ങളെ സുസ്ഥിരമാക്കാനും കഴിഞ്ഞു.

എന്നാൽ ജാതി- ജന്മി -ബൂർഷ്വാ- ഭൂപ്രഭു മുന്നണി ഈ സർക്കാരിനെ കുപ്രസിദ്ധമായ വിമോചന സമരത്തിലൂടെ പുറത്താക്കിയതോടെ നീതിപൂർവ്വമായ വികസനപാതകൾക്ക് തുടർച്ച നഷ്ടപ്പെട്ടു. പിന്നീട് കൃത്യമായ ഇടവേളകളിൽ അധികാരത്തിലെത്തിയ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരുകൾ ആവിഷ്കരിച്ച സാക്ഷരതാ പ്രസ്ഥാനം ജനകീയ ആസൂത്രണം തുടങ്ങി കുടുംബശ്രീ വരെയുള്ള വിവിധ മാതൃകകൾ കേരള വികസനത്തിന് ആക്കംകൂട്ടി. ഇതിലേക്ക് ഒരു സംഭാവനയും നൽകാൻ കഴിഞ്ഞിട്ടില്ല എന്ന് മാത്രമല്ല,പല നേട്ടങ്ങളെയും ഇല്ലാതാക്കുന്ന സമീപനമാണ് വിവിധ കാലങ്ങളിലെ കോൺഗ്രസ് മുന്നണി സർക്കാരുകൾ കൈക്കൊണ്ടത്.

കേരളത്തിന്റെ സവിശേഷമായ വികസന മാതൃകയ്ക്ക് ചില പരിമിതികൾ ഉണ്ട് എന്ന് പൊതുവേ നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. സാമ്പത്തിക വളർച്ച ഇല്ലാതിരുന്നിട്ടും സാമൂഹ്യ വികാസം സാധ്യമായത് ഇടതുപക്ഷത്തിന്റെ പ്രഖ്യാപിത നയമായ സാമൂഹിക വികാസം മുൻനിർത്തിയുള്ള പദ്ധതികൾ മുഖേനയാണ്. എന്നാൽ സാമ്പത്തിക വളർച്ച കൈവരിക്കാൻ കഴിയാതിരുന്നത് കേരള വികസന മാതൃകയുടെ കിതപ്പിലേക്ക് നയിച്ചു. വർദ്ധിച്ച തൊഴിലില്ലായ്മ, സ്ത്രീകളുടെ കുറഞ്ഞ തൊഴിൽ പങ്കാളിത്തം,കുറഞ്ഞ ആഭ്യന്തര വരുമാനം എന്നിങ്ങനെ നിരവധി പ്രശ്നങ്ങൾ നാം അഭിമുഖീകരിച്ചു.

2016 ൽ അധികാരത്തിലെത്തിയ സർക്കാരിന്റെ മുന്നിലുള്ള വെല്ലുവിളികളും ഇതൊക്കെ തന്നെയായിരുന്നു. നേട്ടങ്ങൾ നിലനിർത്താനും എല്ലാവർക്കും ആരോഗ്യം, ഗുണനിലവാരമുള്ള വിദ്യാഭ്യാസം, ശുദ്ധമായ വെള്ളവും വായുവും, മലിനമാകാത്ത ആവാസവ്യവസ്ഥ, എല്ലാവർക്കും പാർപ്പിടവും തൊഴിലും തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കാനുമായി 2016 മുതൽ 2021 വരെയുള്ള കാലഘട്ടത്തിൽ നവകേരള കർമ്മപദ്ധതി ആവിഷ്കരിച്ചു. ഇതുവരെ നാം നേടിയ നേട്ടങ്ങളിൽ കാലൂന്നി നിന്ന് പുതിയ കാലഘട്ടം മുന്നോട്ടുവയ്ക്കുന്ന സാമൂഹിക, സാമ്പത്തിക വെല്ലുവിളികളെ നേരിടാനും കേരള വികസന മാതൃകയുടെ വിടവുകൾ ഇല്ലാതാക്കാനും ഉതകുന്ന സമഗ്രമായ കാഴ്ചപ്പാടാണ് ഇതിലൂടെ മുന്നോട്ടുവച്ചത്. പാർപ്പിടം,ആരോഗ്യസംരക്ഷണം വിദ്യാഭ്യാസം, ഹരിത കേരളം, ശുചിത്വം മാലിന്യസംസ്ക്കരണം , പരിസ്ഥിതി സംരക്ഷണം / ജലസ്രോതസുകളുടെ സംരക്ഷണം തുടങ്ങിയ ആറു വിഷയമേഖലകളിലായി വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ അതിവേഗ പദ്ധതി നിർവഹണത്തിനായി 'ആർദ്രം', 'ലൈഫ്', 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം', 'ഹരിത കേരളം' എന്നി നാല് മിഷനുകൾ രൂപീകരിച്ചു.

സാധാരണക്കാരും അതിനു താഴെയുള്ളവരുമായ ജനങ്ങളുടെ ജീവിതത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ കൊണ്ടുവരിക എന്നതായിരുന്നു ലക്ഷ്യം. സ്ഥൂല തല വികസനത്തിന് ഒപ്പം സൂക്ഷ്മ തല വികസനം ഉറപ്പുവരുത്തുന്ന സമഗ്രവും കൃത്യവുമായ ആസൂത്രണത്തോടെ ഉള്ളതുമായ നയപരിപാടികൾ ആവിഷ്കരിച്ചത് കേരളചരിത്രത്തിൽ ആദ്യമായി ആയിരുന്നു എന്നു പറയാം. ഈ മിഷനുകളുമായി മുന്നോട്ടു പോകുന്നതിനിടയിൽ തന്നെ ഓഖി ചുഴലിക്കാറ്റും 2018, 19 വർഷങ്ങളിലെ പ്രളയങ്ങളും കോവിഡ് മഹാമാരിയും നിപ്പയും ജനജീവിതത്തിനും സമ്പദ് വ്യവസ്ഥയ്ക്കും കനത്ത ആഘാതമേൽപ്പിച്ചുവെങ്കിലും 2016 ലെ പ്രകടനപത്രികയിലെ 600 ഇനങ്ങളിൽ 580 ഇനങ്ങളും നടപ്പിലാക്കിക്കൊണ്ടാണ് ആ സർക്കാർ കാലാവധി പൂർത്തിയാക്കിയത്. ഒരുപക്ഷേ രാജ്യത്തിൽ തന്നെ ആദ്യമായിട്ടായിരിക്കും ഒരു സർക്കാർ അതിന്റെ പ്രകടനപത്രികയിൽ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കി ആയതിന്റെ പ്രോഗ്രസ് റിപ്പോർട്ട് ജനങ്ങളുടെ മുൻപാകെ അവതരിപ്പിക്കുന്നത്. ഇതിന്റെയെല്ലാം ഫലമായി 2021 ൻ ചരിത്രം തിരുത്തിക്കുറിച്ചുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി തന്നെ തുടർച്ചയായി അധികാരത്തിൽ എത്തി. ഈ ഭരണ തുടർച്ച സംസ്ഥാനത്തിന്റെ വികസന ചരിത്രത്തിൽ പുതിയ വഴിത്തിരിവായി മാറി. സർക്കാരിന്റെ ഓരോ വാർഷിക വേളയിലും പ്രോഗ്രസ്സ് റിപ്പോർട്ടിലൂടെ പ്രവർത്തന പുരോഗതി ജനങ്ങളെ അറിയിക്കുന്ന രീതി തുടർന്നുവരികയാണ്.

മേൽ സൂചിപ്പിച്ച മഹാമാരികളും പ്രകൃതിക്ഷോഭങ്ങളും തകർത്ത സമ്പദ് വ്യവസ്ഥയുടെയും സാമൂഹിക ജീവിത സാഹചര്യങ്ങളുടെയും പുനർനിർമ്മാണം കൂടി ലക്ഷ്യമിട്ടുകൊണ്ട് റീ ബിൽഡ് കേരള പദ്ധതി ഉൾച്ചേർത്തുകൊണ്ട് നവകേരളം കർമ്മ പദ്ധതി രണ്ടാംഘട്ടം ആവിഷ്കരിച്ചു. ആർദ്രം, ലൈഫ് മിഷൻ, വിദ്യാകിരണം, ഹരിത കേരളം എന്നിങ്ങനെയായിരുന്നു രണ്ടാംഘട്ടത്തിലെ മിഷനുകൾ. ഈ സർക്കാർ അഞ്ചാം വർഷം പൂർത്തിയാക്കുമ്പോൾ ഈ മിഷനുകളുടെ പ്രവർത്തനം അഭൂത പൂർവമായ നേട്ടങ്ങൾ കൈവരിച്ചിരിക്കുകയാണ്. ഭവനരഹിതരായവർക്ക് 5 ലക്ഷം വീടുകൾ ആയിരുന്നു ലൈഫ് മിഷന്റെ ലക്ഷ്യം. അത് പൂർത്തീകരിച്ചു കഴിഞ്ഞു. ആദ്യഘട്ടത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, പിന്നീടുള്ള വിദ്യാകിരണം എന്നിവ മുഖേന വിദ്യാഭ്യാസ രംഗത്ത് പശ്ചാത്തല സൗകര്യ വികസനത്തിലും അക്കാദമിക പ്രവർത്തനങ്ങളിലും വലിയ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു. ആദ്യഘട്ടത്തിൽ 5500 ക്ലാസ് മുറികൾ ഹൈടെക് ആക്കി മാറ്റി. 16275 സ്കൂളുകളിൽ ഹൈടെക് ലാബുകൾ സ്ഥാപിച്ചു. ഇതോടെ ഉന്നത നിലവാരമുള്ള ക്ലാസ് മുറികൾ ലൈബ്രറികൾ, ലബോറട്ടറികൾ, ഊൺ തളങ്ങൾ, ആംഫി തിയേറ്റർ, ഹാളുകൾ, കളിസ്ഥലങ്ങൾ, ആർട്ട് ഗ്യാലറികൾ എന്നിവയോടെ നമ്മുടെ സ്കൂളുകൾ അന്താരാഷ്ട്ര നിലവാരം ഉള്ളതായി മാറി. ഇതോടൊപ്പം തന്നെ ടിങ്കറിംഗ് ലാബുകളും പ്രത്യേക പഠന പരിപാടികളും ആയി അക്കാദമിക

## ലൈഫ് മിഷൻ

**ഭൗതികനേട്ടം - ഒറ്റനോട്ടത്തിൽ**

ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ഭാഗമായി 2017 മുതൽ 31.07.2025 വരെ കരാറിലേർപ്പെട്ട 5,91,107 ഗുണഭോക്താക്കളിൽ 4,58,370 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

| ലൈഫ് മിഷൻ / വകുപ്പുകൾ | അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| ലൈഫ് ഒന്നാം ഘട്ടം (പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം) | 54,116 | 52,680 |
| ലൈഫ് രണ്ടാം ഘട്ടം + അഡീഷണൽലിസ്റ്റ് - (എസ്സി/ എസ്.ടി/ ഫിഷറീസ്) - (ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണം) (പി.എം.എ.വൈ-ലൈഫ് (അർബൻ, റൂറൽ) (വിവിധ വകുപ്പുകൾമുഖേന) | 5,04,031 | 3,76,741 |
| ലൈഫ് മൂന്നാംഘട്ടം (ഭൂരഹിത ഭവനരഹിതരിൽ നിന്നും ഭൂമിയാർജ്ജിച്ചവർ) | 32,960 | 28,023 |
| ഭവനസമുച്ചയങ്ങളിലൂടെ പുനരധിവസിപ്പിക്കപ്പെട്ടവർ | 926 | 926 |
| **ആകെ** | **5,91,107** | **4,58,370** |

**2024-25 വർഷത്തിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ**

**വ്യക്തിഗത ഭവനം**

| | |
|---|---|
| ഭൗതികലക്ഷ്യം 2025-26 (ബജറ്റ് പ്രഖ്യാപനം) | - 1,00,000 |
| 2024-25-ൽ കരാറിലേർപ്പെട്ടവരിൽ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വീടുകൾ | - 95,922 |
| 2025-26-ൽ പുതിയതായി കരാറിലേർപ്പെട്ടവർ | - 43,554 |
| **ആകെ** | **- 1,39,476** |
| 2025-26 വർഷം പൂർത്തീകരിച്ച വീടുകൾ | - 6,739 |
| പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വീടുകൾ | - 1,32,737 |
| റൂഫ് | - 21,770 |
| ലിൻറിൽ | - 13,842 |
| ബേസ്മെന്റ് | - 18,741 |
| നിർമ്മാണം ആരംഭിച്ചവർ | - 27,262 |
| നിർമ്മാണം ആരംഭിക്കാത്തവ | - 51,122 |
| **ആകെ** | **- 1,32,737** |

| 2025 ജൂൺ വരെ | 2025 ജൂലൈ മാസം | 2025 ജൂലൈ വരെ |
|---|---|---|
| 4,57,671 | 699 | 4,58,370 |

**ലൈഫ് 2020 - ഗുണഭോക്താക്കളുടെ എണ്ണം**

| | |
|---|---|
| ഭൂമിയുള്ള ഭവനരഹിതർ | 3,66,590 |
| ഭൂരഹിത ഭവനരഹിതർ | 1,94,964 |
| ആകെ | 5,61,554 |

ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുള്ള ഭവനരഹിതരിൽ 31.07.2025 വരെ 1,23,902 ഗുണഭോക്താക്കൾ കരാറിലേർപ്പെട്ടിട്ടുണ്ട്.

### പ്രവർത്തന പുരോഗതി ഒറ്റ നോട്ടത്തിൽ

| പ്രവർത്തനങ്ങൾ | 2021 ഏപ്രിൽ മുതൽ 2025 ജൂൺ വരെ | ജൂലൈ | ആകെ |
|---|---|---|---|
| **ജലസംരക്ഷണം പ്രവർത്തനങ്ങൾ** | | | |
| സ്ഥാപിച്ച ജലഗുണനിലവാര നിർണ്ണയ ലാബുകൾ (എണ്ണം) | | | 335 |
| ലാബുകൾ നടത്തിയ പരിശോധനകൾ എണ്ണത്തിൽ | 35,751 | 4747 | 40,498 |
| പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ (കി.മി) | 50,988 | 748 | 51736 |
| പുനരുജ്ജീവിപ്പിച്ച കുളങ്ങൾ എണ്ണത്തിൽ | 4,188 | 32 | 4,220 |
| നിർമ്മിച്ച കുളങ്ങൾ എണ്ണത്തിൽ | 5,923 | 20 | 5,943 |
| റീചാർജ് ചെയ്ത കിണറുകൾ എണ്ണത്തിൽ | 10,334 | 90 | 10,424 |
| നിർമ്മിച്ച കിണറുകൾ എണ്ണത്തിൽ | 19,684 | 78 | 19,762 |
| നിർമ്മിച്ച സ്ഥിര തടയണകൾ എണ്ണത്തിൽ | 891 | 25 | 916 |
| നിർമ്മിച്ച താൽക്കാലിക തടയണകൾ എണ്ണത്തിൽ | 79,897 | 1328 | 81,225 |
| ജല ബജറ്റിനായി തിരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങൾ | | | 1,034 |
| ജല ബജറ്റ് റിപ്പോർട്ട് അവതരണത്തിന് സജ്ജമായിട്ടുള്ള ത.സ്വ.ഭ സ്ഥാപനങ്ങൾ (എണ്ണം) (*ആദ്യ ഘട്ടത്തിൽ പ്രസിദ്ധീകരിച്ച 94 റിപ്പോർട്ടുകൾ ഉൾപ്പെടെ) | 517 | 25 | 542 |
| ജല ബജറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ (എണ്ണം) (*ആദ്യ ഘട്ടത്തിൽ പ്രസിദ്ധീകരിച്ച 94 റിപ്പോർട്ടുകൾ ഉൾപ്പെടെ) | 383 | 21 | 404 |
| മാപത്തോൺ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്ത പഞ്ചായത്തുകൾ | | | 230 |
| മാപത്തോൺ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച പഞ്ചായത്തുകൾ | | | 230 |
| മാപത്തോൺ നീർച്ചാൽ പുനരുജ്ജീവനം (കിമീ) | 4,164.48 | 242.79 | 4407.27 |
| ജലം പ്രയോജനപ്പെടുത്താൻ ലക്ഷ്യം ഇട്ടിട്ടുള്ള പാറ ക്വാറികളുടെ എണ്ണം | | | 286 |
| **കാർഷിക പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ** | | | |
| പ്രവർത്തനങ്ങൾ | 2019 ജൂൺ മുതൽ 2025 ജൂൺ വരെ | ജൂലൈ | ആകെ |
| സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ എണ്ണം | 3,987 | 43 | 4030 |
| പച്ചത്തുരുക്കളുടെ ആകെ വിസ്തൃതി (ഏക്കറിൽ) | 1,252.68 | 20.21 | 1272.89 |
| **നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിൻ** | | | |
| ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടക്കുന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | | | 152 |
| കാർബൺ സർവ്വേ പൂർത്തീകരിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ (GIDA) | | | 8 |
| കാർബൺ സർവ്വേ നടക്കുന്ന സ്ഥാപനങ്ങൾ (Institutions) | | | 54 |
| കാർബൺ നെഗറ്റിവ് പദവികൈവരിച്ചസ്ഥാപനങ്ങൾ (Institutions) | | | 10 |
| **ഒരു തൈ നടാം** | | | |
| ജനകീയമായി ശേഖരിച്ച തൈകളുടെ എണ്ണം | | | 46,06,387 |
| സർക്കാർ സ്ഥാപനതലത്തിൽ ശേഖരിച്ച തൈകളുടെ എണ്ണം | | | 8,66,631 |
| ആകെ ശേഖരിച്ച തൈകളുടെ എണ്ണം | | | 54,73,018 |
| സ്വകാര്യഭൂമിയിൽ നട്ട തൈകളുടെ എണ്ണം | | | 40,10,650 |
| പൊതുഭൂമിയിൽ നട്ട തൈകളുടെ എണ്ണം | | | 6,56,782 |
| ആകെ നട്ട തൈകളുടെ എണ്ണം | | | 46,67,432 |

രംഗത്തും സവിശേഷമായ പരിപാടികൾ ആവിഷ്കരിക്കാൻ കഴിഞ്ഞു. (ചിത്രങ്ങൾ കാണുക)

ഇതിന് സമാനമായി ഉന്നത വിദ്യാഭ്യാസരംഗത്ത് കിഫ്ബിയിൽ നിന്നും 2227 കോടി രൂപ ചെലവഴിച്ച് കൊണ്ട് വികസന പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. സർവകലാശാലകളുടെയും കോളേജുകളുടെയും പശ്ചാത്തല സൗകര്യ വികസനമാണ് ഇതിൽ പ്രധാനമായും നടന്നത്. ഇതോടൊപ്പം തന്നെ വൈജ്ഞാനിക സമൂഹ നിർമ്മിതിക്ക് ഉതകുന്ന തരത്തിലുള്ള ഗവേഷണ രംഗത്തെ ഫലങ്ങളെ നിത്യജീവിതത്തിലേക്ക് പ്രയോഗിക്കുന്നതിനുള്ള ട്രാൻസ്ലേഷനൽ റിസർച്ച് ലാബുകൾ പരിശീലന കേന്ദ്രങ്ങൾ എന്നിവയും കേരളത്തെ ഉന്നത വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുന്നത് ലക്ഷ്യമിട്ടു കൊണ്ടുള്ള അന്താരാഷ്ട്ര നിലവാരമുള്ള ഹോസ്റ്റൽ മുറികൾ അടക്കമുള്ള സൗകര്യ വികസന പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തിക്കൊണ്ടിരിക്കുകയാണ്. (പട്ടിക ചേർത്തിട്ടുണ്ട്) പുതുതായി 900 ബിരുദ പ്രോഗ്രാമുകളും 204 ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളും 35 സ്വകാര്യ കോളജുകളും പുതിയ ഒരു എയിഡഡ് കോളജും അനുവദിച്ചിട്ടുണ്ട്. അഞ്ച് സർവ്വകലാശാലകളിൽ ട്രാൻസ്ലേഷണൽ റിസർച്ച്സെന്ററുകളും 13 മികവിന്റെ കേന്ദ്രങ്ങളും സ്ഥാപിച്ചുവരുന്നു. 5 വർഷ കാലാവധിയിൽ നൂതനമായ പ്രോജക്ട് മോഡ് കോഴ്സുകളും അനുവദിച്ചു.

സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ ടീച്ചിംഗ്, ലേണിംഗ് ആന്റ് ട്രെയിനിംഗ് സെന്റർ, കുസാറ്റിൽ കേരള സയൻസ്, ടെക്നോളജി ആന്റ് ഇന്നോവേഷൻ, മൂന്നാറിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, കണ്ണൂർ സർവ്വകലാശാലയിൽ കേരള നെറ്റ് വർക്ക്ഫോർ റിസർച്ച് സപ്പോർട്ട് ഇൻ ഹയർ എഡ്യൂക്കേഷൻ, കാലിക്കറ്റ് സർവകലാശാലയിൽ സെന്റർ ഫോർ ഇൻഡീജിനിയസ് പീപ്പിൾ എഡ്യൂക്കേഷൻ, കാലടിയിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ജൻഡർ ഇക്വാലിറ്റി, മലയാളം സർവ്വകലാശാലയിൽ കേരള ലാംഗ്വേജ് നെറ്റ് വർക്ക് എന്നീ 7 പുതിയ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ ആരംഭിച്ചു. 2021 -22, 2022- 23 സാമ്പത്തിക വർഷങ്ങളിൽ 20% വീതം വർദ്ധനവോടെ പദ്ധതി ഉന്നത വിദ്യാഭ്യാസ രംഗത്ത് പദ്ധതി അടങ്കൽ തുക അനുവദിച്ചു. 2023- 24 വർഷം 900 കോടി രൂപയും 24 -25 വർഷത്തിൽ 870 കോടി രൂപയും പദ്ധതി വിഹിതമായനുവദിച്ചു. ഡിജിറ്റൽ സർവകലാശാല, കേരള നോളജ് ഇക്കോണമി മിഷൻ, കെ- ഡിസ്ക്, എന്നിവയ്ക്ക് വേറെയും തുക അനുവദിച്ചു

ആരോഗ്യ മേഖലയുടെ മുഖച്ഛായ മാറ്റിയത് ആർദ്രം മിഷനാണ്. കേരളത്തിലെ ആതുരാലയങ്ങൾ അന്താരാഷ്ട്ര നിലവാരമുള്ളവയായിമാറി. കേവലം ഭൗതിക സാഹചര്യ സൃഷ്ടിക്കുപരി കൂടുതൽ ഡോക്ടർമാരുടെ സേവനവും, ഡയാലിസിസ് സംവിധാനം അടക്കംആധുനിക വൈദ്യശാസ്ത്ര ഉപകരണങ്ങളുടെ ലഭ്യതയും ഉറപ്പുവരുത്തി. മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകൾ നിർമ്മിച്ചു. ഒപ്പം തന്നെ ക്യാൻസർ നിയന്ത്രണ പദ്ധതി, വയോജന സാന്ത്വന പരിചരണം, ഏകാരോഗ്യം, രോഗനിവാരണം,സാംക്രമിക രോഗനിയന്ത്രണം എന്നീ രംഗങ്ങളിൽ ഗവേഷണവും കർമ്മ പദ്ധതികളും ആവിഷ്കരിക്കാനും കഴിഞ്ഞു.

വികസനം എന്നാൽ കേവലം റോഡുകളും പാലങ്ങളും കെട്ടിടങ്ങളും അല്ല, ശുദ്ധമായ വെള്ള

| കിഫ്ബി അനുവദിച്ചത് | സ്കൂളുകൾ | പൂർത്തിയാക്കിയത് | വിവിധ ഘട്ടങ്ങളിൽ ഉള്ളത് |
|---|---|---|---|
| 5കോടി | 141 | 139 | 2 |
| 3 കോടി | 386 | 195 | 191 |
| 1 കോടി | 446 | 230 | 216 |
| **ആകെ** | **973** | **564** | **409** |

## ആർദ്രം മിഷൻ

### 1) ആരോഗ്യ സ്ഥാപനങ്ങളുടെ പരിവർത്തന പ്രവർത്തനങ്ങൾ

| ഘട്ടം | തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ | നിർമ്മാണം പൂർത്തിയായവ | നിർമ്മാണം പുരോഗമിക്കുന്നവ |
|---|---|---|---|
| മെഡിക്കൽ കോളേജുകളിലെ ഒ.പി പരിവർത്തനം | 8 | 8 (100%) | 0 |
| ജില്ലാ ആശുപത്രികളിലെ ഒ.പി പരിവർത്തനം | 17 | 14 (82%) | 1 |
| താലൂക്ക് ആശുപത്രികളുടെ ഒ.പി പരിവർത്തനം | 43 | 24 (56%) | 10 |
| സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി | 152 | 105 (68%) | 17 |
| പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി | 885 | 737 (83%) | 54 |

വും വായുവും മലിനമാക്കാത്ത ആവാസ വ്യവസ്ഥയും കൂടി ഉൾക്കൊള്ളുന്ന സുസ്ഥിര വികസനമാണ് എന്ന കാഴ്ചപ്പാടാണ് ഹരിത കേരളം മിഷനെ ലക്ഷ്യത്തിലേക്ക് നയിച്ചത്. കമ്മ്യൂണിറ്റി ബേസ്ഡ് സുസ്ഥിര മാലിന്യ നിർമാർജന പദ്ധതിയായ ഹരിത കർമ്മ സേന ഇന്ത്യയ്ക്ക് ആകെ മാതൃകയായി. നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും പച്ചക്കറി കൃഷി ഉൾപ്പെടെ മറ്റു വിളകൾ പ്രോത്സാഹിപ്പിക്കുന്നതിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചു. നീർച്ചാലുകളും തടയണകളും വ്യാപകമായി നിർമ്മിച്ചു.

പശ്ചാത്തല സൗകര്യമേഖലയിലെ മൂലധന നിക്ഷേപം കേരളത്തിന്റെ മുഖച്ഛായ തന്നെ മാറ്റി. കിഫ്ബിയിലൂടെ 1190 പദ്ധതികൾക്കായി 91562 കോടി രൂപ ചെലവഴിച്ചു. റെയിൽവേ മേൽപ്പാലങ്ങൾ (2263 കോടി) റോഡുകളും പാലങ്ങളും (27624 കോടി) നാഷണൽ ഹൈവേ സ്ഥലമെടുപ്പ് (6769 കോടി), മലയോര ഹൈവേ (3633 കോടി) തീരദേശ ഹൈവേ (3267 കോടി) വയനാട് തുരങ്കപാത (2134 കോടി) എന്നിങ്ങനെയാണ് പ്രധാന വികസന പദ്ധതികൾ. 5500 കോടി രൂപചെലവഴിച്ചാണ് വിഴിഞ്ഞം അന്താരാഷ്ട്ര കണ്ടെയ്നർ തുറമുഖം യാഥാർത്ഥ്യമാക്കിയത് ഇന്ത്യയിൽ ഏതെങ്കിലും ഒരു സംസ്ഥാന സർക്കാർ ഈ മേഖലയിൽ ഇത്രയും തുക മുതൽമുടക്കുന്നത് ആദ്യമാണ്. ലോഡ് ഷെഡ്ഡിങ്ങും വൈദ്യുത പ്രതിസന്ധികളും ഇല്ലാതായത് ദീർഘവീക്ഷണത്തോടുകൂടി ഈ മേഖലയിൽ ഇടപെട്ട് 5200 കോടി രൂപ ചെലവഴിച്ചത് കൊണ്ടാണ്. 1300 കോടി രൂപ ചെലവഴിച്ചുകൊണ്ട് 148 K M നീളത്തിൽ കൊച്ചി-ഇടമൺ 400 കെ വി പവർ ഹൈവേ സ്ഥാപിച്ചതോടെ കൂടംകുളത്തുനിന്നുള്ള വൈദ്യുതിയുടെ പ്രസരണ നഷ്ടം ഗണ്യമായി കുറച്ചു വൈദ്യുത വിതരണം സാധ്യമായി.

വ്യാവസായിക രംഗത്തും അഭൂതപൂർവ്വമായ നേട്ടങ്ങളാണ് കഴിഞ്ഞ 10 വർഷങ്ങൾക്കുള്ളിൽ നേടാനായത്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മാത്രം 2040 കോടി രൂപയുടെ വിറ്റുവരവും 27.3 0 കോടി രൂപ ലാഭവും നേടി. 2016 ൽ 646 .കോടി രൂപ നഷ്ടമായിരുന്ന സ്ഥാനത്തുനിന്നാണ് ഈ നേട്ടം കൈവരിക്കാൻ ആയത് എന്നത് പ്രത്യേകം പറയേണ്ടതാണ്. ഇതോടൊപ്പം സൂക്ഷ്മ- ചെറുകിട വ്യവസായ രംഗത്തും (MSME) വലിയ വളർച്ചയാണ് സംഭവിച്ചത്. 22688.4 രൂപ നിക്ഷേപമുള്ള 353133 സംരംഭങ്ങൾ ആരംഭിക്കുകയും അതുവഴി 749712 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്ത കേരളം യൂണിയൻ സർക്കാരിന്റെ ease of doing business പട്ടികയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

ഇന്ത്യയിൽ സ്റ്റാർട്ടപ്പ് നയം ആദ്യം നടപ്പിലാക്കിയ സംസ്ഥാനം കേരളമാണ്. 2016 ൽ 300 സ്റ്റാർട്ട് അപ്പുകൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 7400 സ്റ്റാർട്ടപ്പുകളും 6000 കോടി രൂപ നിക്ഷേപവും 45,000 ഇന്നവേറ്റർമാരും 10 ലക്ഷം സ്ക്വയർ ഫീറ്റ് ഇൻക്യുബേഷൻ സ്ഥലവുമായി കേരളം ബെസ്റ്റ് നീതി ആയോഗിന്റെ ബെസ്റ്റ് പെർഫോമർഅവാർഡിന് അർഹമായിരിക്കുന്നു. വർക്ക്-നിയർ-ഹോം സൗകര്യങ്ങളും സൂപ്പർഫാബ് ലാബുകളും ആയി കേരളം കൂടുതൽ മുന്നേറുകയാണ്.

അതിദാരിദ്ര്യമുക്തമായ രാജ്യമായ ചൈനയ്ക്ക് ശേഷം അതിദാരിദ്ര്യ നിർമാർജനം നടത്തിയലോകത്തിലെ രണ്ടാമത്തെ ഭൂഭാഗമായി കേരളം പ്രശസ്തി നേടിയതും ഈ ഭരണത്തിലാണ് നാലുവർഷം നീണ്ടു നിന്ന, 13 ലക്ഷത്തിലധികം പേർ പങ്കെടുത്ത 58000 ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷനുകൾ , ഗ്രാമസഭകളുടെ ഓഡിറ്റിംഗ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിശോധനകൾ എന്നിവയെല്ലാം അടങ്ങിയ സവിശേഷമായ രീതിയിലാണ് (Community Based Participatory Identification), അതിദരിദ്രാവസ്ഥയിൽ കഴിഞ്ഞ 64006 കുടുംബങ്ങളെ കണ്ടെത്തിയത്. അന്ത്യോദയ കാട്ടപോലുമില്ലാത്തവരും കിടപ്പു രോഗികളും അവശരും ഒരു ക്ഷേമ പദ്ധതിയുടെയും കണക്കിൽ പെടാത്തവരുമായ ആളുകളെയാണ് ഈ രീതിയിൽ കണ്ടെത്തിയത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓരോരുത്തർക്കും ഉണ്ടായ വേണ്ടി തയ്യാറാക്കിയ മൈക്രോ പ്ലാനിങ്ങിലൂടെ ഇതിൽ 90%ത്തിലധികം പേരെയും അതിദാരിദ്ര്യവസ്ഥയിൽ നിന്ന് കരകയറ്റാൻ കഴിഞ്ഞു. ഒരു മുതലാളിത്ത സമൂഹത്തിൽ അതിദരിദ്രരോ ദരിദ്രരോ ശാശ്വതമായി ഇല്ലാതാവില്ലെന്ന വസ്തുത ഇരിക്കെത്തന്നെ ജനങ്ങൾക്ക് ദുരിതശാന്തി പ്രദാനം ചെയ്യുക എന്ന ജനകീയ ജനാധിപത്യ വിപ്ലവത്തിന്റെ കടമ കേരള സർക്കാർ നിറവേറ്റി. അതുകൊണ്ട് തന്നെയാണ് നീതി ആയോഗിന്റെ കണക്കുകൾ പ്രകാരം ഏറ്റവും കുറഞ്ഞ ബഹുമുഖദാരിദ്ര സൂചികയുള്ള സംസ്ഥാനമായിത്തീരാൻ (ഇന്ത്യയിൽ ജനസംഖ്യയുടെ 11.28 ശതമാനവും കേരളത്തിൽ 0.48 ശതമാനം) നമുക്ക് സാധിച്ചത്.

വികസന പ്രവർത്തനങ്ങൾക്ക് ഒപ്പം തന്നെ പ്രധാനമാണ് നമ്മുടേതുപോലെയുള്ള ഒരു സമൂഹത്തിൽ ക്ഷേമ പ്രവർത്തനങ്ങളും. കേരളത്തിന്റെ പ്രധാനപ്പെട്ട മൂന്നു വെല്ലുവിളികളെ നേരിടാൻ ക്ഷേമപെൻഷനുകൾ സഹായിക്കുമെന്നാണ് സാമ്പത്തിക വിദഗ്ധർ കരുതുന്നത്. ഒന്ന്: ജനസംഖ്യയിലെ ഉയർന്ന വയോജന ശതമാനം മൂലം ഉണ്ടാകുന്ന ആശ്രിതത്വം, അബലത്വം, സമ്പാദനശേഷി കുറയൽ എന്നീ വെല്ലുവിളികളെ നേരിടുക. രണ്ട്: സ്ത്രീകളുടെ കാണാപ്പണിയും കുറഞ്ഞ തൊഴിൽ പങ്കാളിത്ത നിരക്കും അടക്കമുള്ള പ്രശ്നങ്ങളെ അഭിമുഖീകരിക്കുക. മൂന്ന്: വിദ്യാസമ്പന്നരുടെ താൽക്കാലിക തൊഴിലില്ലായ്മ പരിഹരിക്കുക.

നിലവിൽ 6377935 പേർക്ക് വിവിധതരത്തിലുള്ള പെൻഷനുകൾ നൽകുന്നുണ്ട്. ഇതിൽ 28.5 ലക്ഷം പേർക്ക് വാർദ്ധക്യകാല പെൻഷൻ, നാല് ലക്ഷം പേർക്ക് അംഗപരിമിതർക്കുള്ള പെൻഷൻ, 13 ലക്ഷം പേർക്ക് വിധവാ പെൻഷൻ, മൂന്ന് ലക്ഷം പേർക്ക് കർഷകത്തൊഴിലാളി പെൻഷൻ, 82000 പേർക്ക് 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ എന്നിവയും 13 ലക്ഷം പേർക്ക് വിവിധ ക്ഷേമനിധി പെൻഷനുകളും നൽകുന്നത്. ഇതിൽ തന്നെ 13% പേർക്ക് വളരെ നാമ മാത്രം വിഹിതമാണ് യൂനിയൻ സർക്കാർ നൽകുന്നത്. അതു തന്നെ കുടിശ്ശികയുമാണ് നവംബർ ഒന്ന് മുതൽ പ്രഖ്യാപിച്ചിട്ടുള്ള ക്ഷേമ പെൻഷനിൽ 31 ലക്ഷം പേർക്ക് സ്ത്രീ സുരക്ഷാ പെൻഷനും





സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 30 വയസ്സിന് താഴെയുള്ള അഞ്ച് ലക്ഷം അഭ്യസ്തവിദ്യർക്ക് കണക്റ്റ് ടു വർക്ക് സ്കോളർഷിപ്പും ഉൾപ്പെടുന്നു. സ്ത്രീ സുരക്ഷാ പെൻഷനിലൂടെ കെയർ ഇക്കോണമി അഥവാ വീട്ടമ്മമാരുടെ കാണാപ്പണിയെ ആദരിച്ച് കേരള സർക്കാർ ഇന്ത്യയ്ക്ക് മാതൃകയായി. ഇതോടെ മൂന്നരക്കോടി വരുന്ന കേരള ജനസംഖ്യയിൽ 99 ലക്ഷം അഥവാ മൂന്നിൽ ഒന്ന് പേർക്ക് ഏതെങ്കിലും തരത്തിലുള്ള ക്ഷേമ പദ്ധതികളിലൂടെ കൈത്താങ്ങ് നൽകാൻ സർക്കാരിന് കഴിയുന്നുണ്ട്. ഇതോടൊപ്പം പ്രീ പ്രൈമറി അധ്യാപകർ, അംഗൻവാടി- ആശ പ്രവർത്തകർ, ഉച്ചഭക്ഷണ തൊഴിലാളികൾ എന്നിവരുടെയും ഗസ്റ്റ് അധ്യാപകരുടെയും വേതനവും വർധിപ്പിച്ചിട്ടുണ്ട്

ജനങ്ങളുമായുള്ള നാഭീനാള ബന്ധം കൃത്യമായി കാത്തുസൂക്ഷിച്ചു കൊണ്ടാണ് വികസന പന്ഥാവിലൂടെ സർക്കാർ മുന്നേറുന്നത്. ജനങ്ങളുടെ പരാതികൾ നേരിട്ട് കേൾക്കാനും വികസനപ്രശ്നങ്ങളിൽ അഭിപ്രായങ്ങളും നിർദേശങ്ങളും സ്വീകരിക്കാനും നിരവധി സംവിധാനങ്ങൾ ആസൂത്രണം ചെയ്തു. ഇതിന്റെ ഭാഗമായി 2024 ൽ, 140 മണ്ഡലങ്ങളിൽ നടന്ന നവ കേരള സദസ്സിന്റെ ഭാഗമായി ലഭിച്ച നിർദ്ദേശങ്ങളിൽനിന്നും 982 കോടി രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ അംഗീകരിച്ച് പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. “സി എം വിത്ത് മി” എന്ന നവീന പരിപാടി ആധുനിക വാർത്താ വിനിമയ സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് ജനങ്ങളുടെ അടിയന്തിരാവശ്യങ്ങൾ വളരെ പെട്ടെന്ന് പരിഹരിക്കുകയാണ്.

പൗരസേവനങ്ങൾ അവകാശമാക്കി മാറ്റുകയും ഡിജിറ്റൈസ് ചെയ്യുകയും ചെയ്തതിലൂടെ ഉദ്യോഗസ്ഥ തലത്തിൽ അഴിമതി ഗണ്യമായി കുറക്കാൻ കഴിഞ്ഞു. സർക്കാരിന്റെ ഇ-സർവീസ് പോർട്ടൽ (services.kerala.gov.in) വഴി 885 സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. പബ്ലിക് സർവിസ് കമീഷൻ മുഖേന രാജ്യത്ത് നടന്ന നിയമനങ്ങളിൽ 42 ശതമാനവും കേരളാ പി എസ് സി വഴി ആണെന്ന് യു പി എസ് സി റിപ്പോർട്ടിൽ തന്നെ കാണിക്കുന്നു.

കോവിഡ് മഹാമാരിയുടെ തുടർച്ചയായി ആഗോളതലത്തിൽ ആരോഗ്യ, സാമ്പത്തിക, തൊഴിൽ മേഖലകളിൽ ഉൾപ്പെടെ ഉണ്ടായ വലിയ തകർച്ച ബാധിച്ചതിനു പുറമെയാണ് സാമ്പത്തിക രംഗത്ത് യൂണിയൻ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ. എന്നാൽ ഇതിനെയെല്ലാം ജനപിന്തുണയും ഇച്ഛാശക്തിയും കൊണ്ട് മറികടന്ന് സാമ്പത്തിക വികാസം നേടാൻ സർക്കാരിന് കഴിഞ്ഞു. തനത് നികുതി വരുമാനം ഗണ്യമായി വർദ്ധിപ്പിക്കുക വഴി ആകെ റെവന്യൂ വരുമാനത്തിന്റെ 74 ശതമാനമായി ഉയർന്നു.

സംസ്ഥാനത്തിന്റെ സമസ്ത മേഖലകളിലും വികസന വിസ്മയം തീർത്ത ഇടതുപക്ഷ സർക്കാർ പത്തുവർഷം പൂർത്തിയാക്കുമ്പോൾ അഴിമതിയും സ്വജനപക്ഷപാതവും, കെടുകാര്യസ്ഥതയും വർഗീയ പ്രീണന നയങ്ങളും കേട്ടുകേൾവി മാത്രമായ ഒരു ദശാബ്ദമാണ് മലയാളികൾ പിന്നിടുന്നത്. നമുക്ക് ജനഹൃദയപക്ഷത്തിന്റെ തുടർച്ചക്കായി അണിചേരാം.

അവലംബം

നവകേരള കർമ പദ്ധതി റിപ്പോർട്ട് ജൂലൈ 2025 https://nkp.kerala.gov.in/reports/27.pdf

കേരള സർക്കാർ പ്രോഗ്രസ്സ് റിപ്പോർട്ട് 2024-25

https://prd.kerala.gov.in/sites/default/files/inline-files/Progress%20Report%202025.pdf

■ ഡോ.സി. പത്മനാഭൻ
കേരള വിദ്യാഭ്യാസ സമിതി ജനറൽ കൺവീനർ & എകെപിസിടിഎ മുൻ ജനറൽ സെക്രട്ടറി

# ഇന്ത്യക്ക് ചേരാത്ത "ഇന്ത്യൻ നോളജ് സിസ്റ്റവും" പിറകോട്ട് നടക്കുന്ന ഇന്ത്യൻ ഉന്നതവിദ്യാഭ്യാസ രംഗവും

2020ൽ പ്രഖ്യാപിക്കപ്പെട്ട സ്വതന്ത്ര ഇന്ത്യയുടെ മൂന്നാം ദേശീയ വിദ്യാഭ്യാസ നയം സംബന്ധിച്ച രേഖയിൽ ഒരു നയരേഖ സാധാരണ ഗതിയിൽ പിന്തുടരുന്ന രീതിശാസ്ത്രമോ ശ്രുപഭാവങ്ങളോ കാണാനില്ലല്ലോ എന്ന ഒരു വിമർശനം അക്കാലത്ത് ഇറങ്ങിയ എകെപിസിടിഎ ലഘുലേഖ തന്നെ ഉയർത്തിയിരുന്നു. 2020 ജൂലൈ 29 ന് പ്രസ്തുത നയരേഖ പുറത്തിറങ്ങിയ ശേഷം ഏതാനും ദിവസങ്ങൾക്കുള്ളിൽ തന്നെ ഇത് സംബന്ധിച്ച് എകെപിസിടിഎ നടത്തിയ പഠനം ഒരു ലഘുലേഖയുടെ രൂപത്തിൽ പുറത്ത് വരികയുണ്ടായി. മൂന്നാം ദേശീയ നയത്തെക്കുറിച്ചുള്ള അഭിപ്രായരൂപീകരണത്തെ വൻതോതിൽ സ്വാധീനിക്കാൻ അന്ന് സംഘടന പ്രസിദ്ധീകരിച്ച ലഘുലേഖയ്ക്ക് അതുകൊണ്ടുതന്നെ കഴിയുകയും ചെയ്തു.

ഇക്കാര്യം ഞാൻ ഇവിടെ പ്രത്യേകമായി സൂചിപ്പിക്കാൻ ഒരു കാരണം ഉണ്ട്. യഥാർത്ഥത്തിൽ 2020 ൽ പുറത്തിറങ്ങിയ രേഖയ്ക്ക് ആസ്പദമായ പ്രവർത്തനങ്ങൾ കേന്ദ്ര സർക്കാർ ആരംഭിച്ചത് 2015 ജൂലൈ മാസം ആണ്. അന്ന് കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രിയായിരുന്ന ശ്രീമതി സ്മൃതി ഇറാനിയാണ് മൂന്നാം ദേശീയ വിദ്യാഭ്യാസ നയം രൂപീകരിക്കുന്നതിന്റെ ഭാഗമായുള്ള അതിവിപുലമായ ഒരു പ്രവർത്തനപദ്ധതി പ്രഖ്യാപിച്ചത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുതൽ ആരംഭിക്കുന്ന ചർച്ചകൾ, വ്യക്തികൾക്കും സംഘടനകൾക്കും അഭിപ്രായം പ്രകടിപ്പിക്കാൻ സൗകര്യം പ്രദാനം ചെയ്യുന്ന ഓൺലൈൻ പോർട്ടലുകൾ, വിദഗ്ധരെ അണിനിരത്തിക്കൊണ്ടുള്ള വിശകലനങ്ങൾ എന്നിവയൊക്കെ ആയിരുന്നു അഭിപ്രായങ്ങൾ ശേഖരിക്കാൻ അക്കാലത്ത് ഒരുക്കിയ സംവിധാനങ്ങൾ. വിദ്യാഭ്യാസ കാര്യങ്ങളിൽ വളരെ പിന്തിരിപ്പൻ ആയ സമീപനങ്ങൾ വെച്ചുപുലർത്തുന്ന, അധികാരപ്രമത്തത ഒരു അലങ്കാരമായി കൊണ്ടുനടക്കുന്ന ഒരു സർക്കാർ ആണ് രാജ്യം ഭരിക്കുന്നത് എന്ന് അറിയാമായിരുന്നിട്ടും എകെപിസിടിഎ ഈ സംരംഭങ്ങളോട് വളരെ ക്രിയാത്മകമായി പ്രതികരിക്കാൻ തീരുമാനിച്ചു. അതിന്റെ ഭാഗമായി വളരെ വിപുലമായ ഒരു ബദൽ രേഖ തന്നെ സംഘടന കേന്ദ്രസർക്കാർ ഒരുക്കിയ പോർട്ടലിൽ സമർപ്പിച്ചു. അതോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ആദ്യകാലത്ത് നടന്ന ചർച്ചകളിൽ സംഘടനാ പ്രവർത്തകർ പങ്കെടുക്കുകയും സുചിന്തിതമായ നിർദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു. ബിജെപി നയിക്കുന്ന കേന്ദ്ര സർക്കാർ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കാര്യങ്ങളിൽ

പ്രത്യേകിച്ചും വിദ്യാഭ്യാസകാര്യങ്ങളിൽ പൊതുവായും കാണിക്കുന്ന നിഷേധാത്മകനയം അതേപടി പ്രതിഫലിപ്പിക്കുകയല്ല മറിച്ച് വിദ്യാഭ്യാസ സംബന്ധിയായ കാര്യങ്ങളിൽ ആവേശപൂർവ്വം ഇടപെടുകയാണ് സംഘടന ചെയ്തത് എന്ന് ചുരുക്കം.

എന്നാൽ സ്മൃതി ഇറാനിയുടെ നേതൃത്വത്തിൽ തുടക്കത്തിൽ കാണിച്ച ഈ ആവേശം പെട്ടെന്ന് ശമിച്ചു. പൂർണ്ണ സുതാര്യത വാഗ്ദാനം ചെയ്ത് ആരംഭിച്ച ചർച്ചകളും സംവാദങ്ങളും ഒരു ഇരുമ്പുമറയുടെ പിന്നിലേക്ക് തട്ടി നീക്കപ്പെട്ടു. പിന്നീടുണ്ടായ പൂർണ നിശബ്ദത കണ്ട് സർക്കാർ നയരൂപീകരണ ശ്രമം ഉപേക്ഷിച്ചു പോയോ എന്ന് പോലും രാജ്യത്തെ വിദ്യാഭ്യാസ നിരീക്ഷകർ പരസ്പരം ചോദിക്കുന്ന അവസ്ഥ ഉണ്ടായി.

ഈ നിശബ്ദതയ്ക്കും അതിനു കാരണമായ ആശയക്കുഴപ്പങ്ങൾക്കും കാരണം എന്താണ് എന്ന് ഇന്ന് നമുക്ക് അറിയാം. ഇരുമ്പുമറയ്ക്ക് പിന്നിൽ അന്തരീക്ഷം ശബ്ദായമാനമായിരുന്നു. പ്രഖ്യാപിക്കപ്പെടാൻ പോകുന്ന ദേശീയ വിദ്യാഭ്യാസ നയത്തിന്റെ അപാര സാദ്ധ്യതകൾ തിരിച്ചറിഞ്ഞ രണ്ട് വിഭാഗങ്ങൾ തങ്ങളുടെ താല്പര്യങ്ങൾ പ്രസ്തുത നയരേഖയിലൂടെ സാക്ഷാൽക്കരിച്ച് പ്രാവർത്തികമാക്കിയെടുക്കാൻ നടത്തിയ പിൻവാതിൽ ഇടപെടലുകളാണ് ഈ ആശയക്കുഴപ്പങ്ങൾക്ക് കാരണമായത്. അതിൽ ഒരു വിഭാഗം ഈ നയരേഖയുടെ പ്രത്യയശാസ്ത്രപരമായ പ്രാധാന്യം തിരിച്ചറിഞ്ഞ സംഘപരിവാർ ബുദ്ധികേന്ദ്രങ്ങളാണ്. ദശകങ്ങളായി തങ്ങൾ പ്രചരിപ്പിക്കാൻ ആഗ്രഹിക്കുന്ന ആശയങ്ങൾ വിദ്യാഭ്യാസ പദ്ധതിയുടെ തന്നെ ഭാഗമാക്കാനും അതുവഴി തീവ്രവർഗീയ സ്വഭാവമുള്ളതും ജനതയെ പലതട്ടുകളായി വിഭജിച്ചു ഭരിക്കാൻ ഉതകുന്നതുമായ ആശയങ്ങൾ ജനതയുടെ പൊതുബോധത്തിൽ സന്നിവേശിപ്പിക്കാനും ഉള്ള സന്ദർഭമായി അവർ ഈ അവസരത്തെ കണ്ടു. ഈ രേഖയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ രണ്ടാമത്തെ വിഭാഗം ഇന്ത്യയിലെ വൻകിട വ്യവസായ സ്ഥാപനങ്ങൾ ആണ്. 1944- 45 ലെ ബോംബെ പ്ലാൻ കാലത്ത് ലാഭകരമല്ല എന്ന് കണ്ട് സർക്കാരിന്റെ ഉത്തരവാദിത്തമാക്കി മാറ്റി വെച്ച ഇന്ത്യയിലെ വിദ്യാഭ്യാസമേഖല വലിയതോതിൽ ലാഭം ഉണ്ടാക്കാൻ സാധ്യതയുള്ള മേഖലയായി 1990 കൾ മുതൽ മാറി വന്നത് തിരിച്ചറിഞ്ഞ ഇക്കൂട്ടർ നയരൂപീകരണം തങ്ങൾക്ക് അനുകൂലമാക്കി മാറ്റാൻ കച്ചകെട്ടിയിറങ്ങി. ഇതിന്റെയൊക്കെ ഭാഗമായി രേഖ തയ്യാറാക്കാൻ ആദ്യം നിയോഗിക്കപ്പെട്ട ടി എസ് ആർ സുബ്രഹ്മണ്യൻ താൻ തയ്യാറാക്കിയ രേഖ സർക്കാർ അവഗണിച്ചതിൽ പ്രതിഷേധിച്ച് അത് സ്വന്തമായി പ്രസിദ്ധീകരിക്കുന്ന സാഹചര്യംവരെ ഉണ്ടായി. സർക്കാർ ആകട്ടെ ഉടൻ മറ്റൊരു കമ്മിറ്റിയെ രേഖ തയ്യാറാക്കാൻ നിയോഗിച്ചു. ജനങ്ങളുടെ കണ്ണിൽ പൊടിയിടാനായി കമ്മിറ്റികളെ പ്രഖ്യാപിച്ചുവെങ്കിലും അത്തരം കമ്മിറ്റികളെ നോക്കുകുത്തികളാക്കിക്കൊണ്ട് സാംസ്കാരിക ദേശീയത എന്ന സംഘപരിവാർ അജണ്ടയും നവലിബറൽ കച്ചവടതാല്പര്യങ്ങളും സമഞ്ജസമായി സമ്മേളിക്കുന്ന ഒരു രേഖയാണ് ഇന്ത്യയിലെ ജനങ്ങൾക്ക് മൂന്നാം ദേശീയ വിദ്യാഭ്യാസനയം എന്ന പേരിൽ ലഭിച്ചത് എന്ന് ചുരുക്കം.

ലക്ഷക്കണക്കിന് ചർച്ചാവേദികൾ സംഘടിപ്പിച്ച് ജനങ്ങളെ ആകെ പങ്കെടുപ്പിച്ചുകൊണ്ട് അതീവസുതാര്യമായി നയരൂപീകരണം നടത്തും എന്ന ആദ്യകാല വാഗ്ദാനം എവിടെയോ പോയി മറഞ്ഞു എന്ന് മാത്രമല്ല പാർലമെന്റിൽ പോലും ചർച്ച ചെയ്യാതെയാണ് ഒടുവിൽ സ്വതന്ത്ര ഇന്ത്യയുടെ മൂന്നാം ദേശീയ വിദ്യാഭ്യാസ നയം 2020 ജൂലൈ 29 ന് പ്രഖ്യാപിക്കപ്പെട്ടത് എന്നത് ഇന്ത്യയുടെ വിദ്യാഭ്യാസ ചരിത്രത്തിലെ ഏറ്റവും വലിയ വിരോധാഭാസമായി ബാക്കി നിൽക്കുന്നു.

അത്യന്തം പ്രതിലോമകരമായ ഈ രണ്ട് ഇടപെടലുകളിൽ ഒന്നിനെ കുറിച്ച് മികച്ച പഠനങ്ങൾ നമുക്ക് ലഭിച്ചിട്ടുണ്ട്. ആയതിനാൽ ഉന്നതവിദ്യാഭ്യാസ മേഖലയിൽ നവലിബറൽ നയങ്ങൾ വരുത്തിവയ്ക്കാൻ പോകുന്ന മാറ്റങ്ങളെ കുറിച്ച് അദ്ധ്യാപകസമൂഹം ആശങ്കാകുലരാണ്. ഡിജിറ്റൽ സംവിധാനങ്ങളും, പൂർണമായും സജ്ജമാക്കപ്പെട്ട ഓൺലൈൻ പോർട്ടലുകളും എല്ലാം ചേർന്ന് ആത്യന്തികമായി പുറത്താക്കാൻ പോകുന്നത് തങ്ങളെ തന്നെയാണ് എന്ന് അനുഭവത്തിലൂടെ അദ്ധ്യാപകസമൂഹം തിരിച്ചറിഞ്ഞു കഴിഞ്ഞു. കേരളത്തിൽ മാത്രമാണ് ഇന്ന് സർക്കാർ- എയ്ഡഡ് മേഖലകളും സ്ഥിരം നിയമനവുമെല്ലാം അതേപടി നിലനിൽക്കുന്നത്. കേരളത്തിന് പുറത്ത് സ്വകാര്യവൽക്കരണ നയങ്ങൾ ഏറെക്കുറെ പൂർണമായി തന്നെ ഉന്നതവിദ്യാഭ്യാസ മേഖലയെ വിഴുങ്ങി കഴിഞ്ഞു. നിർമ്മിത ബുദ്ധിയുടെ ആധുനിക സന്നാഹങ്ങൾ പുറത്ത് വരുന്നതോടെ അദ്ധ്യാപകരോ സ്ഥാപനങ്ങളോ ഇല്ലാത്ത വിദ്യാഭ്യാസ വ്യവസായം

**ഉന്നതവിദ്യാഭ്യാസ മേഖലയിൽ നവലിബറൽ നയങ്ങൾ വരുത്തിവയ്ക്കാൻ പോകുന്ന മാറ്റങ്ങളെ കുറിച്ച് അദ്ധ്യാപകസമൂഹം ആശങ്കാകുലരാണ്. ഡിജിറ്റൽ സംവിധാനങ്ങളും, പൂർണമായും സജ്ജമാക്കപ്പെട്ട ഓൺലൈൻ പോർട്ടലുകളും എല്ലാം ചേർന്ന് ആത്യന്തികമായി പുറത്താക്കാൻ പോകുന്നത് തങ്ങളെ തന്നെയാണ് എന്ന് അനുഭവത്തിലൂടെ അദ്ധ്യാപകസമൂഹം തിരിച്ചറിഞ്ഞു കഴിഞ്ഞു. കേരളത്തിൽ മാത്രമാണ് ഇന്ന് സർക്കാർ- എയ്ഡഡ് മേഖലകളും സ്ഥിരം നിയമനവുമെല്ലാം അതേപടി നിലനിൽക്കുന്നത്.**



സ്വപ്നം കാണുന്ന വനകിട കോർപ്പറേറ്റ് കമ്പനികൾ ഇപ്പോൾത്തന്നെ ഈ മേഖലയിലെ വിവിധ ഘടകങ്ങൾ തങ്ങൾക്ക് അനുകൂലമായി മാറ്റാനുള്ള ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. അക്കാദമിക് ബാങ്ക് ഓഫ് ക്രഡിറ്റ്, ഓട്ടോമേറ്റഡ് പെർമനന്റ് അക്കാദമിക് അക്കൌണ്ട് രെജിസ്ട്രി (APAAR) സംവിധാനങ്ങൾ വ്യാപകമാവുന്നതോടെ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ ഉള്ള സ്വകാര്യവൽക്കരണം പൂർത്തിയാക്കാൻ സാധിക്കും എന്ന സാഹചര്യമാണ് നിലവിലുള്ളത്. ഉന്നതവിദ്യാഭ്യാസ മേഖലയുടെ സ്വകാര്യവൽക്കരണവും അതിനുതകുന്ന രീതിയിലുള്ള ഘടനാപരമായ പരിഷ്ക്കാരങ്ങളും ഒരു വൻ ഭീഷണിയായി 1990 കൾ മുതൽ നിലവിലുണ്ട് എങ്കിലും ഈ ദിശയിലുള്ള മൂർത്തമായ നീക്കങ്ങൾ ആരംഭിച്ചത് ബിജെപി സർക്കാർ ഭരണത്തിലേറിയ ശേഷം അവർ ആവിഷ്ക്കരിച്ച മൂന്നാം ദേശീയ വിദ്യാഭ്യാസ നയത്തിലൂടെയാണെന്നത് വ്യക്തമാണ്.

സ്വകാര്യവൽക്കരണ നയങ്ങൾക്ക് എതിരേ ഉയർന്ന ശബ്ദങ്ങളെ അടിച്ചമർത്താൻ യൂണിയൻ സർക്കാർ സ്വീകരിച്ച പദ്ധതിയുടെ കേന്ദ്രബിന്ദു ലോകമെമ്പാടും ഫാസിസ്റ്റുകൾ പ്രയോഗിച്ചു വിജയിപ്പിച്ച വിഭജിച്ചുഭരിക്കൽ തന്നെയായിരുന്നു. വൈജ്ഞാനിക സംവാദങ്ങൾക്ക് പകരം വർഗീയ സംവാദങ്ങളിലേക്ക് കാമ്പസുകളെ എത്തിക്കാൻ ഉള്ള ശ്രമങ്ങൾ ബിജെപി സർക്കാർ ആരംഭിച്ചു. പുരോഗമന, ദളിത്, ന്യൂനപക്ഷ വിഭാഗങ്ങളെ ശത്രുപക്ഷത്ത് നിർത്തിക്കൊണ്ടുള്ള ഇടപെടലുകൾ വ്യാപകമായത് അങ്ങനെയാണ്. അങ്ങനെയാണ് ചരിത്രത്തിൽ ആദ്യമായി ജെഎൻ യുവിൽ വിദ്യാർത്ഥികൾക്കെതിരെ രാജ്യദ്രോഹക്കുറ്റം ചുമത്തി കേസെടുക്കുന്ന സാഹചര്യം ഉണ്ടായത്. ഫീസ് വർദ്ധനവ് പോലുള്ള വിദ്യാർത്ഥിസമരങ്ങൾക്ക് വിഷയീഭവിക്കാറുള്ള സാധാരണ പ്രശ്നങ്ങൾ പോലും ദേശസ്നേഹത്തിന്റെയും മതത്തിന്റെയും വ്യാഖ്യാനങ്ങൾക്ക് വിധേയമായി മാറി. ഹൈദരാബാദ് സർവകലാശാല, പൂനെ ഫിലിം ഇൻസ്റ്റിട്ട്യൂട്ട്, ജാമിയ മിലിയ ഇസ്ലാമിയ, അലിഗർ മുസ്ലീം യൂണിവേഴ്സിറ്റി, ജാദവ്പൂർ സർവകലാശാല, ബനാറസ് ഹിന്ദു സർവകലാശാല, മദ്രാസ് ഐഐടി, ടാറ്റ ഇൻസ്റ്റിട്ട്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് എന്നിവിടങ്ങളിൽ വിദ്യാർത്ഥികൾക്കെതിരെ അച്ചടക്ക നടപടികളും പോലീസ് നടപടികളും വ്യാപകമായി നടന്നു. കാമ്പസുകളിൽ വിദ്യാർത്ഥികൾ പ്രക്ഷോഭങ്ങളിൽ ഏർപ്പെടുന്നത് അവർ യഥാർത്ഥ ഇന്ത്യൻ സംസ്ക്കാരവും അതിന്റെ ഭാഗമായ സാംസ്ക്കാരിക ദേശീയതയും ഈ വക എല്ലാറ്റിനെയും നയിക്കുന്ന സനാതന ധർമ്മത്തിൽ അധിഷ്ഠിതമായ കാഴ്ച്ചപ്പാടും ഉൾക്കൊള്ളാതെ നെഹ്രുവിയൻ, ജനാധിപത്യ, മതനിരപേക്ഷ , പുരോഗമന കാഴ്ച്ചപ്പാടുകൾക്ക് പുറകെ പോകുന്ന

വരായത് കൊണ്ടാണ് എന്നൊരു വ്യാഖ്യാനം പതിയെ പതിയെ ദേശീയമാധ്യമങ്ങൾ വാരി വിതറാൻ തുടങ്ങി. യഥാർത്ഥ ചരിത്രത്തെ ആകെ മാറ്റി എഴുതിയും ഇന്ത്യയെ സൃഷ്ടിച്ച വിമോചനാത്മകമായ രാഷ്ട്രഭാവനയെ പുനർനിർവചിച്ചും വൈവിധ്യങ്ങളെ അടിച്ചമർത്തിയും സംഘപരിവാർ ശക്തികൾ അക്കാദമിക് രംഗത്ത് നടത്തിയ ഈ രഥയാത്രയുടെ ആശയപരമായ പര്യവസാനമായിരുന്നു "ഇന്ത്യൻ നോളജ് സിസ്റ്റംസ്" എന്ന പുത്തൻ ചിന്താപദ്ധതിയുടെ പിറവി.

ആശയപരമായ ബലപ്രയോഗത്തിലൂടെ കൃത്രിമമായി സൃഷ്ടിച്ച ഏകീകരണം ആണ് യൂണിയൻ സർക്കാരും യുജിസിയും "ഇന്ത്യൻ നോളജ് സിസ്റ്റം" എന്ന പുത്തൻ ജ്ഞാനസഞ്ചയത്തിന്റെ രൂപീകരണം കൊണ്ട് ലക്ഷ്യമിടുന്നത്. സംസ്കൃത- ബ്രാഹ്മണിക്ക് പാഠങ്ങളെ ഇന്ത്യയുടെ ആകെ ജ്ഞാനവ്യവസ്ഥയായി വ്യാഖ്യാനിച്ചും ഇതര ജ്ഞാനവ്യവസ്ഥകളെയും സമ്പ്രദായങ്ങളെയും പാർശ്വവൽക്കരിച്ചും ആണ് ഇതിനാവശ്യമായ പഠന പദ്ധതികൾ തയ്യാറാക്കിയത്. മനുസ്മൃതിയെ കേന്ദ്ര സ്ഥാനത്ത് സ്ഥാപിച്ചും ജാതി വിരുദ്ധവും നവോത്ഥാന സ്വഭാവം ഉള്ളതുമായ ഇന്ത്യയുടെ വൈവിധ്യമാർന്ന പാരമ്പര്യങ്ങളെ അവഗണിച്ചും സംഘപരിവാറിന്റെ സാംസ്കാരിക ദേശീയതാ സിദ്ധാന്തത്തിന് അനുസരിച്ച് രൂപപ്പെടുത്തിയ ഒരു കൃത്രിമ സൃഷ്ടി ആണ് നിലവിൽ യുജിസി മുന്നോട്ട് വെയ്ക്കുന്ന ഇന്ത്യൻ നോളജ് സിസ്റ്റംസ് എന്ന വിജ്ഞാന സഞ്ചയം.

നാനാത്വത്തെ ശൈഥില്യമായും അതുകൊണ്ടുതന്നെ ഒരു ബാധ്യതയുമായി കാണുന്ന യൂണിയൻ സർക്കാർ വളരെ കൃത്രിമവും അസമത്വം സൃഷ്ടിക്കുന്നതുമായ ഒരു സാംസ്കാരിക ഏകീകരണം ആണ് ഇതുവഴി ലക്ഷ്യമിടുന്നത് എന്ന് ചുരുക്കം. അത്ഭുതകരവും വൈവിധ്യമാർന്നതുമായ ജ്ഞാന -ജീവിത അവസ്ഥകളിൽ സ്ഥിതി ചെയ്യുന്ന രാജ്യമാണ് ഇന്ത്യ. അനന്തവൈവിധ്യമാർന്ന ഈ പാരമ്പര്യങ്ങളിൽ ചിലതിനെ മാത്രം ഇങ്ങനെ പ്രധാന സ്ഥാനത്ത് നിർത്തുന്നത് തന്നെ ഇന്ത്യ എന്ന രാഷ്ട്ര സങ്കൽപ്പത്തിന് തികച്ചും വിരുദ്ധമായ ഏർപ്പാട് ആണ്. "ഇന്ത്യൻ" അല്ലാത്തത് എന്ത് എന്നത് ഒരു മറുചോദ്യമായി ഉയർന്നുവരുന്നത് ഈ സാഹചര്യത്തിൽ ആണ്.

നോളജ് അഥവാ അറിവ് എന്ന വാക്ക് പൌരാണിക ഭാവനാ സങ്കല്പനങ്ങളെ ശാസ്ത്രസത്യങ്ങളായി അവതരിപ്പിക്കാൻ വേണ്ടി പ്രത്യേകമായി രൂപകൽപ്പന ചെയ്ത ഒന്നായി ഇവിടെ മാറുന്നു. അതിമനോഹരമായ ഒരു ഭാവനാ സൃഷ്ടി എന്ന പദവിയിൽ നിന്നും പ്രാചീന അറിവ് എന്ന ഗണത്തിലേക്ക് "പുഷ്പകവിമാനം" മാറ്റി സ്ഥാപിക്കപ്പെടുന്നു. ആധുനിക ശാസ്ത്രരീതികളുടെ ഒരു പിൻബലവും ഇല്ലാത്ത പഴങ്കഥകൾ ശാസ്ത്രമായി വാഴ്ത്തപ്പെടുന്നു. ഇപ്രകാരം ഒരു സമ്പ്രദായത്തിനും വഴങ്ങാത്ത ആശയങ്ങളെ ഏകീകൃതം എന്ന് തോന്നിപ്പിക്കുന്ന തരത്തിൽ "സിസ്റ്റംസ്" എന്ന വാക്ക് കൂടി കടന്നുവരുന്നതോടെ "ഇന്ത്യൻ നോളജ് സിസ്റ്റംസ്" എന്ന കപട വിജ്ഞാനസഞ്ചയം പാഠപുസ്തകങ്ങളിലേക്ക് അതിന്റെ നുഴഞ്ഞുകയറ്റം ആരംഭിക്കുന്നു.

2020 ജൂലൈ മാസം ദേശീയവിദ്യാഭ്യാസനയം പ്രഖ്യാപിക്കപ്പെട്ടതിന് തൊട്ടു പിന്നാലെ ഒക്ടോബർ മാസം തന്നെ "ഇന്ത്യൻ നോളജ് സിസ്റ്റംസ്" വകുപ്പ് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ തീരുമാനപ്രകാരം സ്ഥാപിക്കപ്പെട്ടു. ഭാരതീയ ജ്ഞാന പരമ്പര വിഭാഗ് എന്ന പേരിലുള്ള ഈ വകുപ്പ് ഇന്ത്യയിലെ സാങ്കേതിക വിദ്യാഭ്യാസത്തിന് മേൽനോട്ടം വഹിക്കുന്ന സമിതിയായ ആൾ ഇന്ത്യ കൌൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ (AICTE)ന്റെ ഭാഗമായാണ് രൂപീകരിച്ചത്. പ്രഥമ ലക്ഷ്യം ശാസ്ത്ര സാങ്കേതിക മേഖലയായിരുന്നു എന്നത് സുവ്യക്തം. സംഘപരിവാർ കുടുംബത്തിൽ പെട്ട ഭാരതീയ ശിക്ഷാ മണ്ഡൽ എന്ന സംഘടനയുമായി ചേർന്ന് കൊണ്ട് സ്ഥാപനങ്ങൾ ദേശീയ വിദ്യാഭ്യാസനയം അനുശാസിക്കുന്ന രീതിയിലുള്ള പരിപാടികൾ ഏറ്റെടുക്കണം എന്ന് കേന്ദ്ര വിദ്യാഭ്യാസ വകുപ്പ് തന്നെ ആവശ്യപ്പെട്ടുന്ന സ്ഥിതി ഉണ്ടായി. 2022 നവംബറിൽ യുജിസി തന്നെ "IKS" നെ പ്രചരിപ്പിക്കാനുള്ള മാർഗ നിർദേശങ്ങൾ പുറത്തിറക്കി. ഐഐടി കാൺപൂർ മന്ത്രങ്ങളെ കുറിച്ചുള്ള പഠനങ്ങൾ ആരംഭിക്കുന്നതും ഐഐടി ധാർവാഡ് വിഗ്രഹ നിർമാണം ഏറ്റെടുക്കുന്നതും ഈ നീക്കങ്ങൾക്ക് ശേഷമാണ്.

ഈ ലേഖനം എഴുതുന്ന സമയത്ത് നമ്മുടെ പ്രധാനമന്ത്രി യു.എസ് പ്രസിഡന്റ് ട്രമ്പുമായി എത്തിച്ചേർന്ന വ്യാപാരകരാറിനെക്കുറിച്ചുള്ള വാർത്തകൾ പുറത്ത് വന്നുകൊണ്ടിരിക്കുകയാണ്. ഇന്ത്യയുടെ സാമ്പത്തിക താല്പര്യങ്ങൾ പൂർണമായി നവസാമ്രാജ്യത്വശക്തികളുടെ കാൽക്കീഴിൽ സമർപ്പിച്ചു എന്നാണ് വാർത്തകൾ സൂചിപ്പിക്കുന്നത്. ഇതേരീതിയിലുള്ള രാജ്യദ്രോഹപരമായ പൂർണമായ കീഴടങ്ങൽ ആണ് ഉന്നതവിദ്യാഭ്യാസമേഖലയിലും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. എല്ലാ മേഖലകളിലും പുത്തൻ വിജ്ഞാനം നിരന്തരമായി ഉൽപാദിപ്പിച്ചുകൊണ്ട് സമഗ്രമായ രാഷ്ട്രനിർമാണത്തിന് നേതൃത്വം വഹിക്കേണ്ട സർവകലാശാലകളെ സർക്കാർ വകുപ്പുകളെ പോലെ തരം താഴ്ത്തുക വഴി രാജ്യത്തിന്റെ വൈജ്ഞാനിക ഭാവിയെ തന്നെ അപകടത്തിൽ ആക്കുകയാണ് യൂണിയൻ സർക്കാർ. പഴങ്കഥകളിലും ആചാരാനുഷ്ഠാനങ്ങളിലും തീവ്രദേശീയതയുടെ പ്രകടനപരതയിലും വർഗീയ വ്യവഹാരങ്ങളിലും ഒക്കെ അഭിരമിക്കുന്ന സ്ഥാപനങ്ങളായി നമ്മുടെ സർവകലാശാലകളെ മാറ്റിയെടുക്കാൻ ഉള്ള ശ്രമം ആണ്. നടന്നുകൊണ്ടിരിക്കുന്നത്. പുതിയ അറിവുകൾക്കായി യൂറോ-അമേരിക്കൻ സ്ഥാപനങ്ങളെ പൂർണമായും ആശ്രയിക്കേണ്ടി വരുന്ന പുത്തൻ വൈജ്ഞാനിക അടിമത്തത്തിന്റെ കാലമാണ് ഇനി വരാൻ പോകുന്നത്.

ഡോ. സനന്ദ് സദാനന്ദൻ
എം. ഇ.എസ് അസ്മാബി കോളേജ് കൊടുങ്ങല്ലൂർ

# സന്ദേശത്തിലെ അരാഷ്ട്രീയതയും അന്താരാഷ്ട്രീയതയും

ശ്രീനിവാസൻ തിരക്കഥ എഴുതി,സത്യൻ അന്തിക്കാട് സംവിധാനം ചെയ്ത് 1991 ൽ റിലീസ് ചെയ്ത സിനിമയാണ് സന്ദേശം. ഇറങ്ങിയ സമയത്ത് ഇതിന് കേരളത്തിൽ വലിയ വിജയം നേടാനായിരുന്നില്ല. എന്നാൽ ഇപ്പോൾ കേരളത്തിലെ ആക്ഷേപ രാഷ്ട്രീയ സിനിമകളുടെ മുഖമായി കൊണ്ടാടപ്പെടുന്ന ചലച്ചിത്രമാണ് സന്ദേശം. വിഘടനവാദികളും പ്രതിക്രിയാവാദികളും തമ്മിലുള്ള അന്തർധാര, എന്തുകൊണ്ട് തോറ്റു, താത്വികമായ ഒരവലോകനം, പോളണ്ടിനെപ്പറ്റി മിണ്ടരുത് ഇത്തരത്തിൽ മലയാളി ഉത്തമൻമാരുടെ നിത്യ വ്യവഹാരങ്ങളിൽ, വിശിഷ്യാ സൈബർ ഇടത്തിൽ ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് മലയാളിക്ക് ഈ സിനിമ. ഈ സിനിമ മുന്നോട്ട് വെച്ച അരാഷ്ട്രീയതയെക്കുറിച്ച് നിരവധി വിമർശനങ്ങൾ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. രാഷ്ട്രീയപാർട്ടികളിലെ അഴിമതി, പ്രത്യയശാസ്ത്ര സംബന്ധമായ അടിത്തറകളിലെ അസബന്ധം,പ്രഖ്യാപിത മൂല്യങ്ങളും യാഥാർത്ഥ്യവും തമ്മിലുള്ള വിടവ് ... ഇങ്ങനെയുള്ള ഒരു പാറ്റേൺ ഒരു ഭാഗത്തും, വ്യക്തിഗത നന്മ, കുടുംബ മൂല്യങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള സന്മാർഗ പാഠങ്ങളുടെ ടൈൽ എൻഡ് മറുഭാഗത്തും. സംഘടിത ശ്രമങ്ങളിലൂടെ സമൂഹത്തിൽ മാറ്റം വരുത്താൻ ശ്രമിക്കുന്നത് കാലഹരണപ്പെട്ടതാണ്, അവനവൻ നന്നാവുക, ഞാൻ പണിക്കു പോയാൽ എനിക്ക് ജീവിക്കാം എന്ന യുക്തിയുടെ മുൻമാതൃക. ഒരുതരത്തിൽ പറഞ്ഞാൽ ഒരു വർഗ്ഗത്തിന്റെയും സമൂഹത്തിന്റെയും ഭാഗം എന്നതിലപ്പുറം ഒരാളെ ഒരു വ്യക്തിയായി കാണുന്ന,  പ്രശ്നങ്ങളെ വ്യക്തിപരമായി നേരിടുന്ന മെറിറ്റോക്രസിയിൽ വിശ്വസിക്കുന്ന നിയോലിബറൽ ബോധ്യവസ്ഥയുടെ പൂർവ്വ നിർമിതി. ഇത്തരത്തിലുള്ള പല നിരീക്ഷണങ്ങൾ പ്രസക്തവുമാണ്.

ഇടതു വലതു മുന്നണികളെ ആക്ഷേപഹാസ്യ രൂപത്തിൽ വിമർശിക്കുന്ന നിരവധി കഥാസന്ദർഭങ്ങൾ ചിത്രത്തിൽ ഉണ്ടെങ്കിലും പൊതുവേ ഇത് ഒരു ഇടതുപക്ഷ വിരുദ്ധ ചലച്ചിത്രമായാണ് കൊണ്ടാടപ്പെടുന്നത്. അന്താരാഷ്ട്ര രാഷ്ട്രീയത്തെപ്പറ്റി ശ്രീനിവാസൻ സന്ദേശത്തിലൂടെ മുന്നോട്ടുവെച്ച സൂചകങ്ങൾ എങ്ങിനെയാണ് ഇന്നത്തെ മലയാളിയുടെ കൂടി അരാഷ്ട്രീയ വിചാരമാതൃകകളായി ചേർന്ന് പോകുന്നത് എന്ന് രാഷ്ട്രീയമായി പരിശോധിക്കുകയാണ് ഈ ലേഖനത്തിൽ.

ടൺ കണക്കിന് സ്വർണം വിദേശത്തു കൊണ്ടുപോയി പണയം വെച്ചിരിക്കുകയാണ് ഇനി ഐഎംഎഫ് കാർ നമ്മളെ അറസ്റ്റ് ചെയ്യാൻ വരും. രൂപയുടെ മൂല്യം കുറച്ചത് കൊണ്ട് നിക്ഷേപം കുന്നു കൂടും തുടങ്ങിയ  സംവാദങ്ങളെ തുടർന്നാണ് ശ്രീനിവാസനും ജയറാമും അഭിനയിക്കുന്ന ഇടതു വലതു രാഷ്ട്രീയ കഥാപാത്രങ്ങൾ ചർച്ചയെ അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്തുന്നത്.നിക്വരാഗയിൽ ഒർട്ടേഗയെ പുറത്താക്കി അമേരിക്കൻ പാവ ഗവൺമെന്റിനെ പ്രതിഷ്ഠിച്ചു, റുമാനിയയിലും മറ്റൊന്നല്ല സംഭവിച്ച



ത്, ജർമനിയെ നിങ്ങൾ തകർത്തു,
വിയറ്റ്നാമിലേയും കമ്പോഡിയയി
ലെയും വടക്കൻ കൊറിയയിലേയും
ജനങ്ങൾ ഞങ്ങൾക്ക് ആവേശമാ
ണ് എന്നും മനുഷ്യന്റെ കഥ ലോക
ത്ത് എല്ലായിടത്തും ഒന്നാണെന്നും
ശ്രീനിവാസൻ സമർത്ഥിക്കുന്നു.
ഇൻ്റർനാഷണൽ പൊളിറ്റിക്സിനെ
കുറിച്ച് ഒരു ചുക്കും അറിയില്ല എന്ന
തിന് ഹംഗറിയിൽ എന്ത് സംഭ
വിച്ചു എന്ന് ജയറാം കഥാപാത്രം
തിരിച്ചടിക്കുന്നു. അവിടെ നിന്നാ
ണ് പോളണ്ടിനെപ്പറ്റി ഒരക്ഷരം
മിണ്ടരുത് എന്ന പ്രയോഗത്തിലൂടെ
ആ ചർച്ച തെറ്റിപ്പിരിയുന്നത്.
ഈ സിനിമ ഇറങ്ങിയ 1991 ലെ
ആഗോള രാഷ്ട്രീയത്തിന്റെ പരിസ
രമാണ് ഈ പരാമർശങ്ങളിലൂടെ
വ്യക്തമാവുന്നത്. വർഷങ്ങൾക്ക്
ശേഷം ഈ രാഷ്ട്രീയ സംഭവങ്ങളെ
വിലയിരുത്തുമ്പോൾ, ശീതയുദ്ധ
ത്തിന്റെ മൂർദ്ധന്യത്തിൽ നിൽക്കെ
നിരവധി സോഷ്യലിസ്റ്റ് ഭരണ
കൂടങ്ങളെയാണ് അമേരിക്കയും
സിഐഎയും കൂടി അസ്ഥിരപ്പെടു
ത്താൻ ശ്രമിച്ചത്.നിരവധി ഇടത്ത്
കമ്മ്യൂണിസ്റ്റ് വ്യാപനം തടയുന്ന
തിൽ അവർ വിജയിക്കുന്നുണ്ട്.
എന്നാൽ വിയറ്റ്നാം, കമ്പോഡിയ,
വടക്കൻ കൊറിയ പോലുള്ള ചില
രാജ്യങ്ങൾ കമ്മ്യൂണിസ്റ്റുകൾക്ക്
ആവേശമായി ഇതിനെ പ്രതിരോ
ധിച്ചു നിന്നു .ഇതാണ് ശ്രീനിവാ
സന്റെ കോട്ടപ്പള്ളി പ്രഭാകരനെ
വികാരം കൊള്ളിക്കുന്നത്.ഭരണം
അട്ടിമറിക്കുന്നതിൽഅമേരിക്ക വി
ജയിച്ച ഹംഗറിയും പോളണ്ടും ജയ
റാമിന്റെ പ്രകാശനെ സംബന്ധിച്ച്
കമ്മ്യൂണിസത്തിന്റെ പരാജയമാ
ണ്.ഐ എം എഫിൽ സ്വർണം
പണയം വെച്ച വിഷയം ഇറക്കുമ
തി അടിസ്ഥാനമാക്കി യ സമ്പത്ത്
വ്യവസ്ഥയിൽ എൻപതുകളുടെ
മധ്യത്തോടെ തുടങ്ങിയ പ്രശ്നങ്ങൾ
മുഖ്യപങ്കാളിയായിരുന്ന സോവി
യറ്റ് യൂണിയന്റെ തകർച്ച, ഒന്നാം
ഗൾഫിൽ യുദ്ധം ഓയിലിന്റെ
വില വർദ്ധിപ്പിച്ചത് എന്നിവ മൂലം
പ്രതിസന്ധിയിലായി. ഇന്ത്യൻ
കരുതൽ ശേഖരത്തിന്റെ മൂല്യം കു
ത്തനെ ഇടിഞ്ഞു. വേൾഡ് ബാങ്ക്
ലോൺ നിർത്തിവയ്ക്കുന്ന ഇതിനു
പ്രതിവിധിയായി രാജ്യത്തിലെ
സ്വർണ്ണത്തിന്റെ വലിയ ഒരു
ഭാഗം ഇംഗ്ലണ്ട് സ്വിറ്റ്സർലൻഡ്
എന്നിവിടങ്ങളിലെ ബാങ്കുകളിൽ
നിക്ഷേപിക്കുന്നു . അന്താരാഷ്ട്ര
സാമ്പത്തിക ശക്തികളുടെ നിർബ
ന്ധങ്ങൾ കൊണ്ട് കൂടിയായിരുന്നു
ഈ മാറ്റങ്ങൾ. ഇതിനെ തുടർന്നാ
ണ് പിന്നീട് ഇന്ത്യൻ സമ്പത്ത്
വ്യവസ്ഥയെ മാറ്റിമറിച്ച ഉദാരവൽ
ക്കരണ നടപടികളിലേക്ക് രാജ്യം
കടക്കുന്നത്. വർഷങ്ങൾക്കിപ്പുറം
നവ സമ്പദ് വ്യവസ്ഥയിൽ കട
മെടുക്കലും പണയപ്പെടുത്തലും
ഒരു വിഷയമല്ല. ഇന്ന് ഇന്ത്യയുടെ
വിദേശ കടം 747 ബില്യൺ ഡോ
ളറാണ്, വിദേശ ലോണുകൾ ഇന്ന്
ഒരു വാർത്തയേ, അല്ല അതിനായി
കേന്ദ്രവും, സംസ്ഥാനങ്ങളും ഇന്ന്
മത്സരത്തിലാണ്.

ഒർട്ടേഗക്ക് സംഭവിച്ചത്-1945ൽ
തെക്കൻ അമേരിക്കൻ രാജ്യമായ
നിക്വരാഗയിൽ വിപ്ലവകുടുംബ
ത്തിൽ ജനനം. ഫിഡൽ കാസ്ട്രോ
യുടെ ക്യൂബയിൽ നിന്ന് ഗറില്ല



യുദ്ധമുറകളിൽ പരിശീലനം സിദ്ധിച്ച്, Sandinista National Liberation Front(FSLN) സംഘടനയിലൂടെ അമേരിക്കൻ പക്ഷപാതിയായിരുന്ന പ്രസിഡൻറ് അനസ്താസിയോ സോമോസക്കെതിരായ പ്രവർത്തനങ്ങളിലൂടെ രാഷ്ട്രീയത്തിന്റെ മുൻ നിരയിലെത്തുന്നു. 1979 ലെ വിപ്ലവത്തിലൂടെ സാമോസയെ ഭരണത്തിൽ നിന്ന് പുറത്താക്കി, 1984 ൽ രാജ്യത്തിന്റെ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെടുന്നു. ഭൂപരിഷ്കരണം, സാക്ഷരത, ആരോഗ്യ മേഖലയിൽ സമഗ്ര മാറ്റങ്ങൾ, ബാങ്ക് ദേശസാൽക്കരണം, വൻ വ്യവസായങ്ങൾ ഏറ്റെടുക്കൽ തുടങ്ങി വിപ്ലവാത്മകമായ ഭരണപരിഷ്ക്കാരങ്ങൾകൊണ്ട് ലോകശ്രദ്ധ പിടിച്ചു പറ്റുന്നു.ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ കൊണ്ടുവന്ന ജനകീയ മാറ്റങ്ങൾക്ക് ലോകാരോഗ്യ സംഘടന, യുനെസ്കോ എന്നിവയുടെ പുരസ്കാരങ്ങൾ കരസ്ഥമാക്കുന്നു. ശീതയുദ്ധത്തിൽ കമ്മ്യൂണിസ്റ്റ് വ്യാപനത്തെ തടയുന്നതിന്റെ ഭാഗമായി വലിയ രീതിയിൽ അമേരിക്കൻ സഹായങ്ങൾ ഒർട്ടേഗ വിരുദ്ധ വിഭാഗത്തിന് ലഭിക്കുന്നു. കോൺട്രാസ് എന്നറിയപ്പെടുന്ന അവർക്ക് അമേരിക്ക വൻതുകകൾ കൈമാറുന്നു.1979ലെ ഇസ്ലാമിക വിപ്ലവത്തിനു ശേഷം അമേരിക്കയ്ക്ക് അനഭിമതയായ ഇറാന് ആയുധങ്ങൾ വിറ്റ്,ആ തുക രഹസ്യമായി കോട്രാകൾക്ക് കൈമാറി എന്നത് അമേരിക്കൻ ആഭ്യന്തര രാഷ്ട്രീയത്തെ ഇളക്കിമറിച്ച ഇറാൻ കോൺട്രാ വിവാദം എന്ന പേരിൽ അറിയപ്പെട്ടു .1990 ലെ തെരഞ്ഞെടുപ്പിൽ 14 പ്രതിപക്ഷ കക്ഷികൾ കൂടി മത്സരിച്ച കമ്മ്യൂണിസ്റ്റ് വിരുദ്ധ അമേരിക്കൻ സഹായ മുന്നണിയുടെ പ്രധാന മുദ്രാവാക്യം "എവരിതിംഗ് വിൽ ബി ബെറ്റർ" എന്നായിരുന്നു. ആക്രമണങ്ങൾ, സാമ്പത്തിക ഉപരോധ ഭീഷണികൾ, തെരഞ്ഞെടുപ്പ് അട്ടിമറി ഇത്തരത്തിൽ ഒരു കോൺട്രാ അനുകൂല സാഹചര്യം സൃഷ്ടിച്ച് ഒർട്ടേഗയെ അധികാരത്തിൽ നിന്ന് പുറത്താക്കുന്നതിൽ അമേരിക്ക 1990 ൽ വിജയിച്ചു . തുടർന്ന് അമേരിക്കൻ അനുകൂല പാവ ഭരണകൂടത്തെ പ്രതിഷ്ഠിക്കുന്നു.ഇതാണ് ശ്രീനിവാസൻ സിനിമയിൽ കഥയിൽ പരാമർശിച്ച രാഷ്ട്രീയ സന്ദർഭം.

എന്നാൽ ഒർട്ടേഗയുടെ ചരിത്രം അവിടെ അവസാനിച്ചില്ല.1996, 2001 വർഷങ്ങളിലെ തിരഞ്ഞെടുപ്പുകളിലും പരാജയം നുണയുന്നു. എന്നാൽ 1996 ലെ തിരഞ്ഞെടുപ്പു മുതൽ ഒർട്ടേഗയിൽ നയം മാറ്റം പ്രകടമാകുന്നു. ലിബറൽ മുന്നണിയുടെ ഭാഗമായി, അമേരിക്കയുമായും കത്തോലിക്കാ സഭയുമായുള്ള ബന്ധം ഉറപ്പിക്കുന്നു. ഗർഭച്ഛിദ്രം പോലെയുള്ള വിഷയങ്ങളിൽ സഭ നിലപാടുകൾ അദ്ദേഹത്തിന്റേതായി മാറുന്നു. 2006 ലെ തിരഞ്ഞെടുപ്പിൽ പ്രസിഡണ്ടായി അധികാരത്തിൽ തിരിച്ചെത്തുന്നു. വർഷങ്ങൾക്കിപ്പുറം ഇപ്പോഴും ഭരണത്തിൽ തുടരുന്നു.എന്നാൽ കമ്മ്യൂണിസ്റ്റ് വിപ്ലവകാരിയിൽ നിന്ന് ഇന്ന് ഒരു ഏകാധിപതിയുടെ തലത്തിലേക്ക് അധപതിച്ചിരിക്കുന്നു ഭരണം .പ്രതിയോഗികളെ പൂർണ്ണമായും അടിച്ചമർത്തുന്നു. തെരഞ്ഞെടുപ്പുകളിൽ നിരീക്ഷകരെ വിലക്കുന്നു. 2014 ൽ പ്രസിഡന്റിന്റെ പരമാവധി കാലാവധി എന്ന ഭരണഘടന തത്വം തന്നെ എടുത്തുകളയുന്നു. 2016 ൽ ഭാര്യ റൊസാരിയോ മുറില്ലോയെ സഹപ്രസിഡണ്ടായി നിയമിക്കുന്നു. മാധ്യമ രംഗം പൂർണമായും അദ്ദേഹവുമായി ബന്ധപ്പെട്ട വ്യക്തികൾക്കും, സ്വന്തം കുടുംബാംഗങ്ങൾക്കും

തീറെഴുതി കൊടുക്കുന്നു. കമ്മ്യൂണിസ്റ്റിൽ നിന്ന് മാറി   സോഷ്യൽ ഡെമോക്രാറ്റ് എന്ന് സ്വയം വിശേഷിപ്പിക്കുന്നു. കോവിഡിന്റെ സമയത്ത് ഏറ്റവും മോശം രീതിയിൽ ഇടപെട്ട രാഷ്ട്രങ്ങളിൽ ഒന്നായി നിക്വരാഗേ കണക്കാക്കുന്നു. Love in the time of Covid 19 എന്ന പേരിൽ നിരവധി ബഹുജന റാലികൾ ഭരണകൂടം തന്നെ മുൻകൈ എടുത്ത് നടത്തിയത് സ്ഥിതി കൂടുതൽ വഷളാക്കി. അനവധി മനുഷ്യാവകാശ ലംഘനങ്ങളാണ് അംനിസ്റ്റി ഇൻറർനാഷണലും മറ്റും നിക്വരാഗയിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്നത് .ഒരുതരത്തിൽ ശ്രീനിവാസൻ ആത്മ രോഷം കൊണ്ട ഒർട്ടേഗ എന്ന മുൻകമ്മ്യൂണിസ്റ്റ് പരിഷ്കരണ വാദിയുടെ   പിൽക്കാല ചെയ്തികൾ ജനം വെറുക്കുന്ന  ഏകാധിപതികളുടെ തലത്തിലേക്ക് തരം താഴുകയാണ് ഉണ്ടായത്.

## ഹംഗറിയിൽ സംഭവിച്ചത്

മൂരാച്ചി എന്ന മുദ്രകുത്തി 40 കൊല്ലം കുറ്റവാളിയാക്കി ശവപ്പെട്ടിയിൽ കിടന്ന നേതാവിനെ സത്യം മനസ്സിലാക്കിയ ജനങ്ങൾ പുറത്തെടുത്തു കൊണ്ടുവന്ന് ആദരിച്ചില്ലേ എന്ന് ജയറാം പറയുന്നത് ഇമ്രേ നേഗിയെപ്പറ്റിയാണ്. രണ്ടാം ലോകമഹായുദ്ധാനന്തരം  സോവിയറ്റ് യൂണിയൻ പിൻ‌തുണച്ചിരുന്ന റാകോസി ആണ്  ഹങ്കറിയിൽ അധികാരത്തിലിരുന്നത്. സ്റ്റാലിന്റെ മരണത്തെ തുടർന്ന്, ക്രൂഷ്ചേവിന്റെ സ്റ്റാലിൻ വിമർശനത്തിനുശേഷം കിഴക്കൻ യൂറോപ്പിൽ സ്റ്റാലിൻ അനുഭാവികളായ നേതാക്കൾക്കെതിരെ പ്രതിഷേധങ്ങൾ ഉയരുന്നു.ഹംഗറിയിൽ റസോക്കിക്കെതിരായ പ്രതിഷേധങ്ങൾ  വ്യാപിക്കുന്നു.ഈ സാഹചര്യത്തിന്റെ സൃഷ്ടിയാണ് ഇമ്രേ നേഗി എന്ന നേതാവ് .1953 മുതൽ 55 വരെ പ്രധാനമന്ത്രിയുടെ തുല്യമായ പദവിയിൽ ഹംഗറിയിൽ  പ്രവർത്തിച്ചു. പരിഷ്ക്കരണ വാദക്കാരുടെ മുഖ്യ മുഖമായിരുന്ന നേഗി . എഴുത്തുകാരും, ബുദ്ധിജീവികളും, സാധാരണക്കാരും അദ്ദേഹത്തെ കണ്ടത് ഹാർഡ് ലൈനേഴ്സിന് ഇടയിലുള്ള ഒരു പ്രതീക്ഷ ആയിട്ടാണ്.1955 ൽ സോവിയറ്റ് യൂണിയൻ ഇടപെട്ട് നേഗിയെ അധികാരത്തിൽ  നിന്ന് മാറ്റുന്നു. അദ്ദേഹത്തെ തിരിച്ചുകൊണ്ടുവരിക എന്നുള്ളതായിരുന്നു 1956 ൽ അവിടെ നടന്ന വിപ്ലവത്തിന്റെ പ്രധാന ആവശ്യം. ഇതിനിടെ ജനങ്ങളെ ശാന്തരാക്കുവാൻ അദ്ദേഹത്തെ പഴയ പദവിയിൽ പുനപ്രതിഷ്ഠിക്കുന്നുണ്ട് . പക്ഷേ അദ്ദേഹം പാർട്ടിയും, സോവിയറ്റ് യൂണിയനുമായി പൂർണമായും അകന്ന  അവസ്ഥയിലായിരുന്നു. കമ്മ്യൂണിസ്റ്റുകൾ അല്ലാത്തവരെ ഭരണത്തിൽ ഉൾപ്പെടുത്താനും, സോവിയറ്റ് യൂണിനുമായി ചർച്ചകൾക്കും അദ്ദേഹം മുൻ കൈ  എടുക്കുന്നു. വിപ്ലവത്തെ പിന്തുണച്ചു കൊണ്ട് സംസാരിച്ച അദ്ദേഹം പട്ടാളക്കാരെയും ഉൾപ്പെടുത്തിയ പുതിയ ഒരു ദേശീയസേന രൂപീകരിക്കുമെന്നും ഉറപ്പ് കൊടുക്കുന്നു.  ഈ ഘട്ടത്തിലും അടിയുറച്ച മാർക്സിസ്റ്റ് വിശ്വാസി തന്നെയായിരുന്നു നേഗി . സ്റ്റാലിന്  എതിർത്തിരുന്നുവെങ്കിലും അദ്ദേഹം മുന്നോട്ട് വെച്ചത് ഒരു മൾട്ടി പാർട്ടി ലിബറൽ ഡെമോക്രസി അല്ല മറിച്ച് പരിമിതമായ സോഷ്യലിസ്റ്റ് ചട്ടക്കൂടിലുള്ള ഒരു ജനാധിപത്യരീതിയായിരുന്നു .ഈ സമയത്താണ് നേഗി റഷ്യയുടെ വാഴ്സ ഉടമ്പടിയിൽ നിന്ന് രാജ്യം പിന്മാങ്ങുന്നതായി പ്രഖ്യാപിക്കുന്നത്.ഇതിനെ തുടർന്ന്  സോവിയറ്റ് സേന ഹംഗറിയിൽ സൈനികമായി  ആക്രമണം നടത്തുന്നു. യുഗോസ്ലാവിയൻ എംബസിയിൽ അഭയം പ്രാപിച്ച അദ്ദേഹത്തെ അറസ്റ്റ് ചെയ്ത് വിചാരണ നടത്തി 1958ൽ വധശിക്ഷയ്ക്ക് വിധേയനാക്കുന്നു. അദ്ദേഹത്തിന്റെയും അനുയായികളുടെയും ശവശരീരം രഹസ്യമായി സംസ്കരിക്കുന്നു.1980കളിൽ വന്ന സാമ്പത്തിക മാന്ദ്യം, സോവിയറ്റ് യൂണിയനിൽ ഉണ്ടായ തകർച്ച,വലിയ രീതിയിൽ ഉയർന്നുവന്നിരുന്ന ലിബറലൈസേഷൻ അനുകൂല വാദങ്ങൾ ഇതെല്ലാംകൂടി ഹംഗറിയുടെ രാഷ്ട്രീയ വ്യവസ്ഥ പാടെ മാറ്റിമറിക്കുന്നു.കമ്മ്യൂണിസത്തിൽ നിന്ന് മുതലാളിത്തത്തിലേക്കുള്ള ഹംഗറിയുടെ യാത്രക്കിടയിലെ കണ്ണിയായി ഇതിനിടെ നേഗി മാറുന്നു.1989ൽ  നേഗിയെ തൂക്കിലേറ്റിയതിന്റെ  31 വാർഷികത്തിൽ ശവശരീരം പുറത്തെടുത്ത് രണ്ടാമതും സംസ്കരിക്കുന്ന ചടങ്ങ് വലിയ രാഷ്ട്രീയ പ്രവർത്തിയായി പരിണമിക്കുന്നു. ലക്ഷക്കണക്കിന് ജനങ്ങൾ  പങ്കെടുത്തതായി കണക്കാക്കുന്ന ഈ ഒത്തുകൂടലിലൂടെ ഹംഗറിയിലെ കമ്മ്യൂണിസ്റ്റ് ഭരണം അവസാനിച്ചതായി കണക്കാക്കുന്നു. വർഷങ്ങൾക്കിപ്പുറം 2019 നടന്ന പ്രസ്തുത സംഭവത്തിന്റെ മുപ്പതാം വാർഷികത്തിൽ ഒരു ലക്ഷം ആളുകൾക്ക് പകരം ഒത്തുകൂടിയത് നൂറിൽ താഴെ ആളുകൾ മാത്രമാണ്.2018 ലാണ് ഹംഗേറിയൻ പാർലമെൻറ് മന്ദിരത്തിൽനിന്ന് നേഗിയുടെ പ്രതിമ  അപ്രധാനമായ മറ്റൊരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ചത്.1989 ലെ ഒത്തുകൂടലിൽ സോവിയറ്റ് ആർമി ഹംഗറി വിട്ട് പോകണം എന്ന് പ്രഖ്യാപിച്ച യുവ രാഷ്ട്രീയക്കാരൻ വിക്ടർ ഒർബാൻ ആണ് ഇപ്പോൾ  നാലാം തവണ ഹംഗറി ഭരിക്കുന്നത്.തന്റെ തീവ്ര വംശീയ – അഭയാർത്ഥി വിരുദ്ധ നിലപാടുകൾ കൊണ്ട് കുപ്രസിദ്ധനാണ് ഒർബാൻ. പശ്ചിമേഷ്യയിൽ നിന്നുള്ള അഭയാർത്ഥികൾ ഹംഗറിക്ക് അകത്ത് കടക്കാതിരിക്കാൻ വേലികെട്ടി തിരിച്ച് അദ്ദേഹം പ്രഖ്യാപിച്ചത്  ഞാൻ സംരക്ഷിച്ചത് ഹംഗറിയെ മാത്രമല്ല, പശ്ചിമേഷ്യയിൽ നിന്നുള്ള മുസ്ലീങ്ങളിൽ നിന്ന് ക്രിസ്ത്യൻ യൂറോപ്പിനെ കൂടിയാണ് എന്നാണ്. ഇല്ലിബറൽ ക്രിസ്ത്യൻ ജനാധിപത്യം  എന്ന മാതൃക സ്വപ്നം കാണുന്ന ഒരു പ്രധാനമന്ത്രിക്ക് പഴയ പരിഷ്കരണ വാദിയായ കമ്മ്യൂണിസ്റ്റ് നേതാവോ,ജനങ്ങളുടെ അവകാശ സമര ചരിത്രമോ ഇന്ന് വിഷയമേയല്ല.എന്നാൽ ചില മലയാളികൾ ഇന്നും അദ്ദേഹത്തിന്റെ ശവക്കുഴി തോണ്ടിക്കൊണ്ടേയിരിക്കുന്നു.

## മിണ്ടിക്കൂടാത്ത പോളണ്ട്

സന്ദേശം സിനിമയിൽ  കേരളം ഏറ്റവും ആഘോഷിച്ചത് പോളണ്ടിനെപ്പറ്റി മിണ്ടരുത് എന്ന വാചകം ആയിരിക്കും. മേഖലയിലെ മറ്റു രാജ്യങ്ങളെപ്പോലെ രണ്ടാം ലോക മഹായുദ്ധാനന്തരം സോഷ്യലിസ്റ്റ് രാഷ്ട്രമായി പരിണമിച്ച യൂറോപ്യൻ

രാജ്യമാണ് പോളണ്ട് . കമ്മ്യൂണിസ്റ്റ് ഭരണത്തിനെതിരെ എൺപതുകൾക്കൊടുവോടെ മേഖലയിലെ മറ്റു രാജ്യങ്ങളിൽ എന്നപോലെ അമേരിക്കൻ പിന്തുണയോടു കൂടി പ്രക്ഷോഭങ്ങൾ ഉയർന്നുവരുന്നു. ഗവൺമെൻറ് വിരുദ്ധ സമരത്തിന് നേതൃത്വം നൽകിയത് സോളിഡാരിറ്റി എന്ന ട്രേഡ് യൂണിയൻ പ്രസ്ഥാനം ആയിരുന്നു .1980 രൂപം കൊണ്ട ഈ പ്രസ്ഥാനത്തിന്റെ നേതാവ് ലേ വലേസ എന്ന ഒരു തുറമുഖ തൊഴിലാളിയായിരുന്നു . മില്യൻ കണക്കിന് ഡോളറിന്റെ വിദേശ സഹായം സംഘടനയ്ക്ക് കിട്ടിയതായി കണക്കാക്കുന്നു. രാജ്യത്തിന് പുറത്ത് വലിയ രീതിയിലാണ് പ്രസ്ഥാനത്തെ കൊണ്ടാടിയത്. സമാധാനത്തിനുള്ള നോബൽ സമ്മാനം 1983ൽ നൽകപ്പെടുന്നു. ടൈം മാഗസിൻ വലേസയെ മാൻ ഓഫ് ദി ഇയർ ആയി തെരഞ്ഞെടുക്കുന്നു.നിരന്തര പണിമുടക്കുകളും സമരങ്ങളും, വെടിവെപ്പുകളും രാജ്യത്ത് അരങ്ങേറി.പോളിഷ് സ്വദേശി കൂടിയായ പോപ്പ് ജോൺപോൾ രണ്ടാമന്റെ പോളണ്ട് സന്ദർശനവും, ഐക്യപ്പെടലും വലിയ രീതിയിൽ എതിർ പക്ഷത്ത് ആളെക്കൂട്ടി.ആദ്യഘട്ടത്തിൽ സോവിയറ്റ് പിന്തുണയോടെ പ്രക്ഷോഭത്തെ അടിച്ചമർത്താനുള്ള ഭരണകൂട ശ്രമങ്ങൾ വിജയിച്ചെങ്കിലും, ഗോർബച്ചേവിന്റെ പെരിസ്ട്രോയിക്കയും ഗ്ലാസ്നോസ്റ്റിന്റെയും പശ്ചാത്തലത്തിൽ സോഷ്യലിസ്റ്റ് ഭരണകൂടത്തെ മാറ്റി 1990 ഡിസംബറിൽ ലേ വലേസ പ്രസിഡണ്ടായി അധികാരമേൽക്കുന്നു.അമേരിക്കൻ പിന്തുണയാൽ സംഭവിച്ച ഈ കമ്മ്യൂണിസ്റ്റ് ഭരണകൂടത്തിന്റെ അട്ടിമറിയാണ് ശ്രീനിവാസൻ കഥാപാത്രത്തെ കൊണ്ട് വൈകാരികമായി പോളണ്ടിനെ പറ്റി ഒരക്ഷരം മിണ്ടരുത് എന്ന് പറയിപ്പിക്കുന്നത്.

**വിവിധ വിഷയങ്ങളിൽ വ്യത്യസ്ത അഭിപ്രായങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഒരു വിടുവായൻ മാത്രമാണ് പോളണ്ടുകാർക്ക് ഇന്ന് ലേ . ഇങ്ങനെയൊക്കെയാണെങ്കിലും ഇപ്പോഴും അന്താരാഷ്ട്ര കമ്മ്യൂണിസത്തെ പരിഹസിക്കുന്ന ഒരു വിഭാഗം മലയാളിക്ക് പ്രതിപക്ഷ നേതാവിനടക്കം തർക്കത്തിൽ പറയാനുള്ള അവസാന വാചകം പോളണ്ടിനെപ്പറ്റി മിണ്ടരുത് എന്നാണ്. കേരളത്തിൽ ഇന്ന് ജീവിക്കുന്ന ഒരു വലിയ വിഭാഗത്തിന്റെ ലോക ദർശനത്തെ രൂപപ്പെടുത്തിയതിലും ഇന്നും നിലനിർത്തി പോരുന്നതിലും ശ്രീനിവാസൻ തൊണ്ണൂറുകളിൽ സൃഷ്ടിച്ച ഈ അന്താരാഷ്ട്ര മാതൃകകൾ വലിയ പങ്കുവഹിച്ചു വരുന്നു.**

കമ്മ്യൂണിസ്റ്റ് പരാജയം ലോകവ്യാപകമായി ആഘോഷിക്കപ്പെട്ടെങ്കിലും ഈ പ്രസ്ഥാനത്തിന് യാതൊരു അത്ഭുതങ്ങളും പോളണ്ടിൽ ഉണ്ടാക്കാൻ കഴിയുന്നില്ല. അഞ്ചുവർഷം കഴിഞ്ഞ് തിരഞ്ഞെടുപ്പിൽ ലെ വലേസ ദയനീയമായി പരാജയം ഏറ്റുവാങ്ങുന്ന തിരഞ്ഞെടുപ്പിൽ ജയിച്ചതാകട്ടെ യുവ സോഷ്യലിസ്റ്റ് നേതാവായ അലക്സാണ്ടർ ക്വാസിനി യേവ്സ്കി ആണ്. രണ്ടായിരത്തിലെ തിരഞ്ഞെടുപ്പിലും വലേസ പരാജയം ആവർത്തിക്കുന്ന ഈ സമയത്തോടെ സോളിഡാരിറ്റി പോളിഷ് രാഷ്ട്രീയത്തിൽ നിന്ന് തീർത്തും അപ്രസക്തമായി മാറുന്നു. പ്രസ്ഥാനത്തിലെ 90% മെമ്പർമാരും ഒഴിഞ്ഞുപോകുന്നു.1997 ൽ വലേസ ക്രിസ്ത്യൻ ഡെമോക്രസി എന്ന പേരിൽ ഒരു പാർട്ടി ഉണ്ടാക്കി രാഷ്ട്രീയത്തിൽ തിരിച്ചുവരാൻ നോക്കിയെങ്കിലും 1.01ശതമാനം വോട്ട് മാത്രമാണ് ലഭിച്ചത്. മേഖലയിലെ പല രാഷ്ട്രങ്ങളെപ്പോലെ മുൻ കമ്മ്യൂണിസ്റ്റുകൾ സോഷ്യൽ ഡെമോക്രാറ്റുകളായി അധികാരം കൈയാളുന്ന കാഴ്ചയാണ് 2005 വരെ പോളണ്ടിലും ദൃശ്യമായത്. അതിനുശേഷം വലതുപക്ഷ യാഥാസ്ഥിക പാർട്ടികൾ ഭരണത്തിലേക്ക് വരുന്നു. ലേ വലേസ അധികാരത്തിൽ നിന്ന് പോയ ശേഷം,70 -76 കാലഘട്ടത്തിൽ അദ്ദേഹം കമ്മ്യൂണിസ്റ്റ് രഹസ്യ പൊലീസിന് വിവരങ്ങൾ പണം വാങ്ങി ചോർത്തി നൽകിയതിന്റെ തെളിവുകൾ പുറത്തുവന്നത് അദ്ദേഹത്തെ രാജ്യത്തിനകത്ത് അപഹാസ്യനാക്കിയിരുന്നു. വിവിധ വിഷയങ്ങളിൽ വ്യത്യസ്ത അഭിപ്രായങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഒരു വിടുവായൻ മാത്രമാണ് പോളണ്ടുകാർക്ക് ഇന്ന് ലേ . ഇങ്ങനെയൊക്കെയാണെങ്കിലും ഇപ്പോഴും അന്താരാഷ്ട്ര കമ്മ്യൂണിസത്തെ പരിഹസിക്കുന്ന ഒരു വിഭാഗം മലയാളിക്ക് പ്രതിപക്ഷ നേതാവിനടക്കം തർക്കത്തിൽ പറയാനുള്ള അവസാന വാചകം പോളണ്ടിനെ പറ്റി മിണ്ടരുത് എന്നാണ്. കേരളത്തിൽ ഇന്ന് ജീവിക്കുന്ന ഒരു വലിയ വിഭാഗത്തിന്റെ ലോക ദർശനത്തെ രൂപപ്പെടുത്തിയതിലും ഇന്നും നിലനിർത്തി പോരുന്നതിലും ശ്രീനിവാസൻ തൊണ്ണൂറുകളിൽ സൃഷ്ടിച്ച ഈ അന്താരാഷ്ട്ര മാതൃകകൾ വലിയ പങ്കുവഹിച്ചു വരുന്നു. ഇവിടെയാണ് ശ്രീനിവാസനിലൂടെ അരാഷ്ട്രീയത അന്താരാഷ്ട്രീയതക്ക് കൈ കൊടുക്കുന്നത്.

വർത്തമാനകാല ലോകം ശ്രീനിവാസന്റെ ഡയലോഗുകളിൽ നിന്ന് എത്രയോ മുന്നോട്ടു പോയിക്കഴിഞ്ഞിരിക്കുന്നു. തീവ്ര സ്വഭാവമുള്ള യാഥാസ്ഥിതിക വലതുപക്ഷ പാർട്ടികൾ പ്രദേശത്തെ രാജ്യങ്ങളിലും അധികാരത്തിൽ വന്നു കഴിഞ്ഞു. നിയോ നാസി സംഘടനകൾ അനുദിനം ശക്തിയാർജിച്ചുകൊണ്ടിരിക്കുന്നു. 'ചെറിയ ശ്രീനിയും വലിയ ലോകവും' എന്നത് ശ്രീനിവാസൻ അവതരിപ്പിച്ച ഒരു ടെലിവിഷൻ പരിപാടി ആയിരുന്നു. ഭൂരിപക്ഷ മലയാളികളുടെ ലോക രാഷ്ട്രീയ ധാരണകളും നിലപാടുകളും ഇന്നും മിക്കപ്പോഴും പഴയ ശ്രീനിവാസന്റെ കേവല സൂചകങ്ങളിൽ ഒതുങ്ങി നിൽക്കുന്നു. ഒരർത്ഥത്തിൽ ചെറിയ മലയാളിയും വലിയ ലോകവും.

ഡോ. വിനോദ് കുമാർ എം വി
വി പി എസ് വി ആയുർവേദ കോളേജ് കോട്ടയ്ക്കൽ

# വിട്ടുപോകുന്ന ഉണ്ണികൾ: പൂതപ്പാട്ടിലെ വിദ്യാഭ്യാസമനശ്ശാസ്ത്രം

ഇടശ്ശേരിയുടെ പൂതപ്പാട്ട് എന്ന കവിതയാണ് ഇവിടെ ചർച്ച ചെയ്യപ്പെടുന്നത്. ആറ്റുനോറ്റുണ്ടായ ഉണ്ണി. ഉണ്ണിയെ പൂതം പിടിച്ചുകൊണ്ടു പോകുന്നു. ത്യാഗനിർഭരമായ സമരത്തിലൂടെ അമ്മ ഉണ്ണിയെ തിരിച്ചെടുക്കുന്നു. ഇതാണ് കവിതയിലെ പ്രത്യക്ഷപ്രമേയം. അമ്മവഴക്കം (MATRILINEALITY) നിലനിൽക്കുന്ന ഏതു സമൂഹത്തിലും പറഞ്ഞുകേൾക്കാവുന്ന ഒരു കഥ. പല നിലകളിൽ സാഹിത്യത്തിലും മറ്റു സർഗ്ഗാത്മകസൃഷ്ടികളിലും കൈകാര്യം ചെയ്യപ്പെട്ട വിഷയം. അമ്മയെ വിട്ടുപോകുന്ന ഉണ്ണി, കാത്തിരിക്കുന്ന അമ്മ, ഒടുവിൽ ഉണ്ണിയെ അപഹരിച്ച എതിർവ്യവസ്ഥയോട് സമരം ചെയ്ത് ഉണ്ണിയെ തിരിച്ചു പിടിക്കുന്നു. നാട്ടുപാരമ്പര്യത്തിൽ നിലനിന്ന ഒരു കഥാതന്തുവാണ് ഇടശ്ശേരിയുടെ കവിതയ്ക്കാധാരം. നമ്മുടെ നാട്ടുപാരമ്പര്യം പൊതുവേ മാതൃപ്രധാനമാണ്. യക്ഷി, മാടൻ, ഒടിയൻ, മറുത, പൂതം എന്നൊക്കെ അറിയപ്പെടുന്നതൊക്കെയും നാട്ടുജീവിതത്തിന്റെ അബോധങ്ങളുമാണ്.

പൂതപ്പാട്ടിലെ പൂതം അബോധത്തിലെ മാതൃരൂപമാണ്. കുഞ്ഞുങ്ങളെ കൊത്തിയകറ്റുന്ന കോഴിയെപ്പോലെ ഹിംസിച്ചുകൊണ്ട് സ്നേഹിക്കുന്ന അമ്മ. വൈലോപ്പിള്ളി പറഞ്ഞതു പോലെ "നിഗ്രഹോത്സുകം സ്നേഹവ്യഗ്രമെങ്കിലും ചിത്തം". ആദ്യകാലത്തെ പൂതം അങ്ങനെയായിരുന്നു. അങ്ങനെ ഉഗ്രരൂപിണിയായിരുന്ന പൂതം ഒരു പാവമായി മാറിയതാണ് പൂതപ്പാട്ടിന്റെ ആന്തരപാഠം. ഉണ്ണിയെ തിരിച്ചുകിട്ടിയതിനു ശേഷവും പല നിലകളിൽ അമ്മമാർ തങ്ങളുടെ ഉണ്ണിയെത്തേടി നടക്കുന്നുണ്ട്. ആളായി അടുത്തുണ്ടെങ്കിലും ആദർശമായി ഉണ്ണി അടുത്തില്ല എന്നതാണ് അവരുടെ പ്രശ്നം. ആ നിലയ്ക്ക് ഉണ്ണിയെ അന്വേഷിച്ചു നടക്കുന്ന ഒരു അപരബോധം എല്ലാ അമ്മമാരിലുമുണ്ടാകാം.

വിട്ടുപോകുന്ന ഉണ്ണി എന്നത് നമ്മുടെ സാംസ്കാരിക ചിന്തയിലെ ഒരു പ്രധാന പ്രമേയമാണ്.  പ്രസവത്തിലൂടെ അമ്മയുടെ ശരീരത്തിൽ നിന്ന്, മുലകുടി മാറ്റലിലൂടെ അമ്മയുമായിട്ടുള്ള ജൈവബന്ധത്തിൽ നിന്ന്, പള്ളിക്കൂടത്തിലേക്കുള്ള പോക്കിലൂടെ അമ്മയുമായുള്ള സാമീപ്യത്തിൽ നിന്ന്, വിവാഹത്തിലൂടെ അമ്മയുടെ ജീവിതത്തിൽ നിന്ന് ഉണ്ണികൾ വിട്ടുപോയിക്കൊണ്ടേയിരിക്കുന്നു. പ്രവാസത്തിലൂടെ 'മാതൃ'ഭൂമിയിൽ നിന്ന് വിട്ടുപോകുന്ന ഉണ്ണിമാരുടെ പ്രശ്നം സാമൂഹ്യമാണ്. മാതൃദായക്രമത്തിൽ നിന്ന് പിതൃദായക്രമത്തിലേക്ക് വിട്ടുപോകുന്ന ഉണ്ണിമാരുടെ പ്രശ്നം അധികാരത്തിന്റെയും സമ്പത്തിന്റേതുമാണ്.

അമ്മയും ഉണ്ണിയും തമ്മിലുള്ള മനശ്ശാസ്ത്രവിനിമയങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് പല നിലകളിൽ ഇത് പഠിക്കപ്പെട്ടിട്ടുണ്ട്. അമ്മയും ഉണ്ണിയും തമ്മിലുള്ള ബന്ധത്തെ ഫ്രോയ്ഡ് വിശദീകരിച്ചത് ഈഡിപ്പസ് കോംപ്ലക്സിലൂടെയാണ്. അതു വെച്ച്, മാമ്പഴത്തിലെ ഉണ്ണി അമ്മയുടെ പഴത്തിൽ നിന്ന് (മാം + പഴം = മുല) വിട്ടുപോകുന്നതിന്റെ മനശ്ശാസ്ത്ര വിശകലനം

നടത്തിയത് എം എൻ വിജയനായിരുന്നു. അത് പക്ഷേ, തിരിച്ചുവരാത്ത പോക്കാണ്. വിട്ടുപോയ എത്ര ഉണ്ണിമാർ തിരിച്ചുവരുന്നു എന്നത് ഒരു പ്രധാനപ്പെട്ട ചോദ്യമായി വരുന്നു. പോയശേഷം പാരിനെക്കുറിച്ചുദാസീനനാകുന്ന, അതിനാൽ അമ്മയെക്കുറിച്ച ചിന്തിക്കേണ്ടിവരാത്ത, ഉണ്ണിയാണ് മാമ്പഴത്തിലുള്ളത്. പൂതപ്പാട്ടിലെ ഉണ്ണിക്ക് അങ്ങനെ ഉദാസീനനാകാൻ സാധ്യമല്ല.തിരിച്ചുവരിക എന്നത് ഭാവനാപരമായി ആദർശാത്മകമാണെങ്കിലും, തിരിച്ചുവരലാണോ യാഥാർത്ഥ്യം? പൂതപ്പാട്ടിൽ ഉണ്ണി തിരിച്ചുവരിക എന്നത് അമ്മയുടെ ആവശ്യമെന്നതിൽ കവിഞ്ഞെന്തെങ്കിലുമാണെന്നു ബോദ്ധ്യപ്പെടുത്താൻ പാകത്തിൽ സ്വയംനിർണ്ണയാധികാരം ഉണ്ണിക്കില്ല. മാതാവിന്റെ വികാരതരളിതമായ സ്നേഹത്തിന്റെ പശ്ചാത്തലത്തിൽ അതാണ് ശരി. അമ്മ അധികാരരൂപിണിയാണെങ്കിൽ ഉണ്ണിയുടെ പോക്ക് ഒരു തരം സ്വാതന്ത്ര്യസമരമാകില്ലേ? പൂതപ്പാട്ടിലെ ഉണ്ണി ഒരു തർക്കവിഷയം മാത്രമാണെന്ന് കാണുകയുമാകാം. ഉണ്ണിയുടെ അധികാരം ആർക്കാണ് എന്ന ചോദ്യത്തിന്റെ പേരിൽ അമ്മയും പൂതവും തർക്കിക്കുന്നു. സ്നേഹം പൊലും ഒരു അധികാര സ്ഥാപനമാണെന്നു കാണാൻ കഴിഞ്ഞാൽ ഇത് സ്വാഭാവികവുമാണ്. സ്നേഹപാശമാണ് രണ്ടുപേരുടെയും ആയുധം. സ്വയംനിർണ്ണയാധികാരം ഉണ്ടായിരുന്നെങ്കിൽ ഉണ്ണി ആരുടെ കൂടെ പോകും? സൂചനകൾ പൂതത്തിനനുകൂലമാണ്. അതിലേയ്ക്ക് പിന്നീടു വരാം.

ഈ അവസരത്തിൽ ഓർക്കാവുന്ന മറ്റനേകം ഉണ്ണിമാരുണ്ട്. ആദിശങ്കരന്റെ വിട്ടുപോകൽ സ്വേച്ഛാപരമാണ്. അത് അമ്മയും ഉണ്ണിയും തമ്മിലുള്ള തർക്കമാണ്. സ്നേഹപാശത്തെ മറികടക്കാനാണ് ഉണ്ണി മുതലകടിച്ചുവെന്ന കഥയുണ്ടാക്കുന്നത്. ആ കഥ ഉണ്ണിയുടെ ആവശ്യമാണ്. ദേശാടനത്തിലെ (സിനിമ) ഉണ്ണി പോയത് ആദിശങ്കരന്റെ വഴിയിലാണെങ്കിലും പോക്കിന്റെ സ്വഭാവം ഏതാണ്ട് നമ്മുടെ സാമ്പ്രദായിക ഉണ്ണിയുടേതാണ്. സ്നേഹപാശം മുറിക്കുന്നതിന്റെ വേദന അനുഭവിച്ചുകൊണ്ട്. അമ്മ തന്റെ നിസ്സഹായാവസ്ഥയിൽ കരുതിക്കൂട്ടി പറഞ്ഞയക്കുന്ന ഉണ്ണിമാരുമുണ്ട്. കർണ്ണനെപ്പോലെ അമ്മത്തൊട്ടിലിൽ കിടക്കേണ്ടിവരുന്നവർ.

നമ്മുടെ അമ്മമാർ ഉണ്ണികളെ ചേർത്തുനിർത്താനാണ് പൂതത്തിന്റെയും പ്രേതത്തിന്റെയും കഥയുണ്ടാക്കാറ്. ഭയം സൃഷ്ടിച്ച് സ്നേഹിപ്പിക്കുന്നവർ. അങ്ങനെ അമ്മമാർ ഉണ്ണികളെ ചേർത്തുനിർത്താനുണ്ടാക്കുന്ന കഥകളിൽ നിന്ന് ഇറങ്ങിവന്ന ഒരു പൂതമാണ് ഒരു നാൾ പ്രതികാരബുദ്ധിയോടെ ഉണ്ണിയെ പിടിച്ചുകൊണ്ടു പോയത് എന്നു കരുതണം. ഭയത്തിന്റെ മറുപുറമാണ് സ്നേഹമെന്നു പറയാൻ. പക്ഷേ, ആത്യന്തികമായി പൂതവും അമ്മയും സന്ധി ചെയ്യുകയാണ് ചെയ്തത്. അമ്മ വിജയിക്കുകയും പൂതത്തിനു സ്വത്വനഷ്ടം സംഭവിക്കുകയും ചെയ്തു. ക്രൌര്യതയാർന്ന തന്റെ സ്വത്വം പണയപ്പെടുത്തി സ്നേഹം കൊണ്ട് വീറു നഷ്ടപ്പെട്ടു പോയ പൂതം. ഇതിന്റെ നേരെതിരായി, ശത്രുവുമായി സമരസപ്പെടാൻ തയ്യാറാകാത്ത അമ്മയുടെ കഥയാണ് വയനാട്ടിലെ ആദിവാസികളുടെ ഇടയിൽ പ്രചാരത്തിലുള്ള കുറിച്യരുടെ പാട്ടിൽ കാണാൻ കഴിയുക. അത് അവരുടെ കീഴാള ജീവിത ബോദ്ധ്യമാണ്. ആ നിലയിൽ, നങ്ങേലിമാർ കേരള മദ്ധ്യവർഗ്ഗത്തിലെ അമ്മമാരാണ് എന്നും പറയാം.

ഇത്തരം കഥകളിൽ പൊതുവേ അച്ഛൻ പ്രത്യക്ഷപ്പെടാറില്ല എന്നതും ശ്രദ്ധേയം. അമ്മയെ വിട്ടുപോകുന്ന ഉണ്ണിമാരെപ്പോലെ അച്ഛനെ വിട്ടുപോകേണ്ടിവരുന്ന പെൺകിടാങ്ങളുടെ സംഘർഷത്തെയാണ് കാൾ യുങ്ങ് ഇലക്ട്രാ കോംപ്ലക്സ് എന്നു വിളിച്ചത്. കണ്വനെ വിട്ടു പോകുന്ന ശകുന്തളയാണ് ഈ വംശാവലിയിൽപ്പെടുന്ന പ്രസിദ്ധയായ പെൺകൊടി. മറ്റധികം കഥകൾ ഈ വകുപ്പിലില്ല. അതെന്തുകൊണ്ട്? ഇന്ത്യയിൽ പ്രബലമായ മാതൃദായതക്രമത്തിന്റെ സൂചനയാണത്. പൂതപ്പാട്ടിലെ സന്ദർഭം ആധുനികപൂർവ്വ കേരള സമൂഹമാണെന്നു കരുതണം. അച്ഛൻ കുടുംബത്തിലെ നെടുന്തൂണായി മാറുന്നതിനുമുമ്പുള്ള കാലം. രാജാ രവിവർമ്മ HERE PAPA COMES എന്ന ചിത്രമെഴുതുന്നതിനു മുമ്പുള്ള കാലം.

പ്രകൃതിയിൽ നിന്നു വിട്ടുപോകുന്ന മനുഷ്യൻ അമ്മ-ഉണ്ണി ബന്ധത്തിന്റെ പാരിസ്ഥിതികകൽപ്പനയാണ്. പ്രകൃതിപൂജ, അമ്മദൈവങ്ങൾ എന്നിവ അമ്മയെന്ന പ്രതീകത്തിന്റെ ആദിപ്രരൂപങ്ങളാണ്. അതിൽ നിന്ന് വിട്ടുപോകുന്ന ഉണ്ണിമാർ പിന്നീട് അഭയം പ്രാപിച്ചത് ഭഗവാന്മാരിലും പുരുഷദൈവങ്ങളിലുമായിപ്പോയി. എങ്കിലും അമ്മദൈവങ്ങൾ എന്നും ഇന്ത്യൻ മണ്ണിൽ വേരാഴ്ത്തി നിന്നിട്ടുണ്ട്. പ്രത്യേകിച്ച് നാട്ടുവഴക്കങ്ങളിൽ. പിതൃവധത്തെ പ്രതീകവൽക്കരിക്കുന്ന കുലചിഹ്നങ്ങൾ (TOTEM) പോലും ഇന്ത്യയിൽ പല സമൂഹങ്ങളിലുമുണ്ട്. മാതൃപ്രധാനമായ ആര്യപൂർവ്വ സമൂഹത്തിൽ നിന്ന് പിതൃപ്രധാനമായ ആര്യസംസ്കൃതിയിലേക്കുള്ള ഉണ്ണിമാരുടെ പോക്കാണ് ഇന്ത്യാ ചരിത്രത്തിലെ ആദ്യത്തെ അറിയപ്പെടുന്ന ഇറങ്ങിപ്പോക്ക്. (കയറിപ്പോക്കെന്നു പറയാനാണ് പൊതുവേ നമുക്കിഷ്ടം) പക്ഷേ, ആദിമബോധമായി ഒരുതരം അമ്മത്തം ഇന്ത്യൻ ജനവിഭാഗത്തിൽ ആഴത്തിൽ വേരോടിയിട്ടുണ്ടെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. മാതൃഭൂമി എന്ന സങ്കൽപ്പത്തെ ആധാരമാക്കി ഇന്ത്യൻ മനസ്സിൽ ഒളിഞ്ഞിരിക്കുന്ന ഈഡിപ്പസ് കോംപ്ലക്സിനെപ്പറ്റിയും പഠനങ്ങൾ നടന്നിട്ടുണ്ട്. രാഷ്ട്ര'പിതാവായ' ഗാന്ധിജിയെ 'അമ്മേ' എന്നു വിളിക്കാനാഗ്രഹിച്ച മനുവിന്റെയും ആഭയുടെയും വിചാരത്തെക്കുറിച്ച് മനശ്ശാസ്ത്രപഠനങ്ങൾ നടന്നിട്ടുണ്ട്. ഭാരതമാതാവെന്നും വന്ദേ മാതരമെന്നും വിളിക്കുന്നവർ പക്ഷേ, അധികാരത്തിന്റെയും സമ്പത്തിന്റെയും സന്ദർഭങ്ങളിൽ പുരുഷ പ്രതീകങ്ങളെയാണ് മുന്നിൽ നിർത്തിക്കാണുന്നത്.

## സജീവമായ പഠനപ്രക്രിയ

പൂതപ്പാട്ടിലെ കഥാതന്തുവിലും പ്രമേയത്തിലും വിദ്യാഭ്യാസം ഒരു പ്രധാന വിഷയമാണ്. അമ്മയെ വിട്ട് പള്ളിക്കൂടത്തിലേയ്ക്ക് പോകുന്ന ഉണ്ണിയെയാണ് പൂതം വശത്താക്കിയത്. പള്ളിക്കൂടത്തെ പ്രതിനിധാനം ചെയ്യുന്ന ഉപകരണങ്ങളാണ് ഓലയും എഴുത്താണിയും. എഴുത്താണി കാട്ടിലെറിയുന്ന പ്രവൃത്തിയാണ് ഉണ്ണിയെ വശത്താക്കാൻ പൂതത്തെ സഹായിക്കുന്നത്. ഇത് പ്രമേയത്തിന്റെ ദിശ തന്നെ മാറ്റുന്നു. എഴുത്താണി കാട്ടിലെറിഞ്ഞാലും നമുക്ക് ഇവിടെയിരുന്നെഴുതാലോ എന്ന പ്രലോഭനമാണ് പെൺകൊടി ഉണ്ണിക്കുമുമ്പിൽ നിരത്തുന്നത്. പുതിയ ഒരു പള്ളിക്കൂടമാണ് ഉണ്ണിക്കായി ഒരുക്കപ്പെടുന്നത്. ഈ നിലകളിലൊക്കെ ഒരു പഠനാന്തരീക്ഷം പൂതപ്പാട്ടിൽ സജീവമാണ്. ഈ അന്തരീക്ഷത്തിന്റെ പ്രത്യേകതകളാണ് ഇനി പരിശോധിക്കുന്നത്.

## അമ്മയെന്ന ഗുരുസ്ഥാനം

ആറ്റിൻ വക്കത്തെ മാളികവീട്ടിലെ നങ്ങേലിയുടെ മകൻ ഉണ്ണി. അമ്മ ഉണ്ണിയെ വളർത്തുന്നതിനെ വർണ്ണിക്കുന്ന ഭാഗമാണ് ഈ കവിതയിലെ ഏറ്റവും പ്രസിദ്ധമായ ഭാഗം. പാപ്പ കൊടുക്കുന്ന, പാവ കൊടുക്കുന്ന, പാലുകൊടുക്കുന്ന, കാച്ചിയ മോരൊഴിച്ചൊപ്പിവടിച്ച് കാക്കേ പൂച്ചേ പാട്ടുകൾ പാടി, മാനത്തമ്പിളിമാമനെ കാട്ടി മാമു കൊടുക്കുന്ന നങ്ങേലി. ഉറുമ്പരിക്കുന്നതിനാൽ താഴെ വെക്കാതെ, പേനരിക്കുന്നതിനാൽ തലയിൽ വെക്കാതെ, താലോലം പാടി, തങ്കക്കട്ടിലിൽ പട്ടുവിരിച്ച് അതിൽക്കിടത്തി പൂഞ്ചുട തട്ടിയുറക്കിയശേഷം മാത്രം മയങ്ങുന്ന നങ്ങേലി. ഇപ്പറഞ്ഞതോരോന്നും ഓരോ സംവേദനേന്ദ്രിയവുമായി (SENSE ORGAN) ബന്ധപ്പെട്ടിരിക്കുന്നു. ആഹാരം (പാപ്പ, കാച്ചിയ മോര്, മാമു), കാഴ്ച്ചവസ്തുക്കൾ (പാവ, അമ്പിളിമാമൻ), ശബ്ദങ്ങൾ (കാക്കേ, പൂച്ചേ പാട്ടുകൾ), സ്പർശങ്ങൾ (പുതപ്പ്, പൂഞ്ചുട തട്ടൽ) എന്നിവ യഥാക്രമം നാക്ക്, കണ്ണ്, ചെവി, ത്വക്ക് എന്നിയുമായി ബന്ധപ്പെട്ട സംവേദനങ്ങളാണ്. സംവേദനേന്ദ്രിയങ്ങൾ (SENSE ORGANS) വഴിയാണ് ശിശുവിന് ലോകത്തെ അറിയുവാനുള്ള പരിശീലനം ആദ്യമായി ലഭിക്കുന്നത്. വലിയ അളവിൽ ശിശുവിന്റെ പിൽക്കാല സംവേദനശേഷിയെയും വൈകാരികസ്ഥിരതയെയും സ്വാധീനിക്കുന്ന ഘടകങ്ങൾ. പ്രത്യേകിച്ച് ആഹാരവും സ്പർശവും. മുലപ്പാലായും, പുണരലായും കുട്ടിയിലേക്കെത്തിച്ചേരുന്ന അമ്മയാണ് ആദ്യ ഗുരുസ്ഥാനം. പ്രകൃതിയിലേയ്ക്ക് ശിശുവിനെ ജ്ഞാനസ്നാനം ചെയ്യിക്കാനുള്ള അമ്മയുടെ ശ്രമങ്ങൾ.



താലോലത്തെ ശിശുവിന്റെ ആദ്യപ്രചോദകമായി (STROKE) എറിക് ബേൺ പറയുന്നു. സ്പർശനമാണ് ഗർഭസ്ഥശിശുവിൽ ആദ്യമായുണ്ടാകുന്ന സംവേദനമാദ്ധ്യമം. ഗർഭപാത്രത്തിൽ നിന്ന് പുറത്തുകടന്നശേഷമേ മറ്റെല്ലാ ഇന്ദ്രിയങ്ങളും പ്രവർത്തനക്ഷമമാകുന്നുള്ളൂ. ഗർഭാശയത്തിലെ നനുത്ത ചൂടാണ് ശിശുവിന്റെ ആദ്യ സുഖാനുഭവം. പ്രസവത്തിലൂടെ പുറത്തുവന്നാൽ ശിശുവിനുണ്ടാകുന്ന ഏറ്റവും ആദ്യത്തെ ദുഖാനുഭവം ആ സ്പർശത്തിന്റെ നഷ്ടമാണ്. ആ പറുദീസാനഷ്ടം നികത്താനുള്ള ത്വരയാണ് ജീവിതാന്ത്യം വരെ സ്പർശനത്തിനുവേണ്ടിയുള്ള കൊതി. തങ്കക്കട്ടിലിൽ പട്ടുവിരിച്ച് തണുതണെ പൂഞ്ചുട തട്ടിയുറക്കുന്ന നങ്ങേലി ഉണ്ണിയുടെ ജീവിതാവസാനം വരെ ഉപയോഗിക്കാവുന്ന ഒരു

വൈഭവമാണ് പഠിപ്പിച്ചുവിട്ടത്. സ്നേഹം നഷ്ടപ്പെട്ടുമെന്ന തോന്നിയാൽ തൊട്ടടുത്ത ഒരു നിമിഷത്തിൽ ഒരു സ്പർശത്തിലൂടെ, ഒരു പുണരലിലൂടെ അതു തിരിച്ചുപിടിക്കാമെന്ന്. പുണരുമ്പോൾ ചേർന്നു നിൽക്കാൻ സാധിക്കാത്തവരുടെ പ്രതിഷേധം അവരുടെ അമ്മമാരോടാണെന്ന്.

### അമ്മയ്ക്കുള്ളിലെ ഉണ്ണി, അമ്മയ്ക്കു പുറത്തെ ഉണ്ണി

ഗർഭാശയത്തിൽ ഭ്രൂണം തുടക്കത്തിൽ മൂന്നു സ്തരങ്ങളായി പ്രത്യക്ഷപ്പെടുന്നതിൽ ഏറ്റവും പുറത്തെ പാളി (ECTODERM) യിൽ നിന്നാണ് ത്വക്കും മസ്തിഷ്കവും നാഡീവ്യവ്യവസ്ഥയും ഇന്ദ്രിയങ്ങളും ഉരുത്തിരിഞ്ഞ് വരുന്നത്. അതുകൊണ്ടു ഉൽപ്പത്തിപരമായിത്തന്നെ ഇന്ദ്രിയങ്ങൾ മസ്തിഷ്കവുമായി ബന്ധപ്പെട്ടതാണ്. അതിനാൽ ഇന്ദ്രിയങ്ങളെ വേണ്ടതുപോലെ, കഴിവതും വൈവിദ്ധ്യപൂർണ്ണമായി പ്രവർത്തിപ്പിക്കുന്നത് മസ്തിഷ്കവികാസം ഉറപ്പുവരുത്തുന്നു. നിറങ്ങളുടെയും രുചികളുടെയും സ്പർശത്തിന്റെയും ശബ്ദത്തിന്റെയും ഗന്ധത്തിന്റെയും എത്രത്തോളം വൈവിദ്ധ്യം നിലനിർത്താൻ സാധിക്കുന്നുവോ അത്രയും ഗുണമേന്മയോടെ മസ്തിഷ്കപ്രവർത്തനം വികസിക്കുന്നു. സംവേദന നാഡീതന്തുക്കൾ (SENSORY NERVES) വേണ്ടത്ര ഉപയോഗിക്കുന്നില്ലെങ്കിൽ അത് ബുദ്ധിപരവും വൈകാരികവുമായ പ്രവർത്തനങ്ങളെ സ്വാധീനിക്കുകയും ചെയ്യുന്നു. ഉപയോഗിക്കപ്പെടാത്ത നാഡീസന്ധികളെ (SYNAPSE) ശാശ്വതമായി പ്രവർത്തനരഹിതമാക്കാനുള്ള ശ്രമം സ്വാഭാവികമായി ശരീരത്തിൽ നടക്കുന്നുണ്ട്. ഇത് വെട്ടി ഒതുക്കൽ (PRUNING) എന്ന് അറിയപ്പെടുന്നു. മൂന്നുവയസ്സിനുള്ളിൽ തന്നെ ആരംഭിക്കുന്ന ഒരു പ്രക്രിയയാണ് ഇത്. അതായത്, മൂന്നു വയസ്സിനുള്ളിൽ വേണ്ടതുപോലെ പ്രവർത്തനക്ഷമമാകാത്ത ഇന്ദ്രിയങ്ങൾക്ക് പിൽക്കാലത്ത് സംവേദനശേഷി കുറയാമെന്നർത്ഥം. ഓട്ടിസം, പഠനവൈകല്യങ്ങൾ മുതലായ അവസ്ഥകളിൽ പല നിലകളിലുള്ള ഇന്ദ്രിയ ഉത്തേജനം ലക്ഷ്യമിട്ടുകൊണ്ടുള്ള ചികിത്സാരീതികളുടെ (SENSORY INTEGRATION THERAPY) ലക്ഷ്യം ഇതിനെ പ്രതിരോധിക്കലാണ്. അതുകൊണ്ട്, നങ്ങേലി കൊടുക്കുന്ന ഓരോ സംവേദനവും ഈ അർത്ഥത്തിൽ ഉണ്ണിയുടെ മുഴുവൻ ജീവിതകാലത്തേക്കുമുള്ള നീക്കിയിരിപ്പുകളാണ്.

എല്ലാ ഇന്ദ്രിയങ്ങളോടും ഒരേ സംവേദനക്ഷമതയല്ല (SENSITIVITY) എല്ലാ മനുഷ്യന്മാർക്കുമുള്ളത്. ശൈശവദശയിൽ ഇന്ദ്രിയങ്ങളെ ഉപയോഗപ്പെടുത്തുന്നതിലുള്ള വ്യത്യാസം കൊണ്ടും ജനിതകമായ കാരണങ്ങൾ കൊണ്ടും ഓരോരുത്തരും ഓരോ ഇന്ദ്രിയങ്ങൾക്ക് കൂടുതൽ വശപ്പെട്ടുവെന്നു വരാം. ചിലർ കണ്ടു പഠിക്കുന്നവരും (VISUAL LEARNERS) മറ്റു ചിലർ കേട്ടുപഠിക്കുന്നവരും (AUDITORY LEARNERS) ഇനിയും ചിലർ തൊട്ടും ചെയ്തും പഠിക്കുന്നവരും (KINESTHETIC) ആയിത്തീരുന്നത് അതുകൊണ്ടാണ്. ഒന്നിനൊന്ന് പകരം വെക്കാവുന്ന സംവേദനങ്ങളല്ല ഇവ. കണ്ടുപഠിക്കുന്നവരോട് ഓതിയിട്ട് കാര്യമില്ല. തൊട്ടറിയുന്നവരെ കാഴ്ച്ചയിൽ തളച്ചിടാനുമാവില്ല. ഇങ്ങനെ മൂന്നുതരം പഠിതാക്കളെ തിരിച്ചറിയുക എന്നത് പഠനപ്രക്രിയയിൽ വളരെ പ്രധാനമാണ്. പഠനസിദ്ധാന്തങ്ങളിൽ ഇന്ദ്രിയാധിഷ്ഠിതപഠനത്തിന് (LAIRD'S SENSORY THEORY) ഈ അടുത്ത കാലത്ത് പ്രാമുഖ്യം കിട്ടിത്തുടങ്ങിയിട്ടുണ്ട്. 1970 കളിൽ യു.എസിൽ വികസിച്ച ന്യൂറോ ലിങ്ഗ്വിസ്റ്റിക് പ്രോഗ്രാമിങ് ഇത്തരം സങ്കൽപ്പങ്ങളെ ആധാരമാക്കിയാണ് വികസിച്ചത്.

### ശ്രദ്ധതിരിക്കലിന്റെ മനശ്ശാസ്ത്രം

കാക്കേ പൂച്ചേ പാട്ടുകൾ പാടി, മാനത്തമ്പിളിമാമനെ കാട്ടി മാമു കൊടുക്കുന്നതിൽ വലിയ സാംസ്കാരിക സൂചനകളുണ്ട്. കാലക്രമം പരിഗണിച്ചാൽ അമ്മ കുട്ടിക്ക് ആദ്യം കൊടുക്കുന്നത് മുലപ്പാലാണ്. പിന്നെ (ഇന്നത്തെ നിലയിൽ) കുപ്പിപ്പാൽ. അതു കഴിഞ്ഞ് പാപ്പ (കുറുക്ക് മുതലായവ). ഇവയെല്ലാം പ്രായേണ മധുരമുള്ളതാണ്. മധുരത്തിൽ നിന്ന് നിന്ന് പുളിയിലേക്ക് (കാച്ചിയ മോര്) കടക്കുന്നതാണ് (ഇവിടെ) ആഹാരത്തിലെ ആദ്യത്തെ പ്രധാനപരിവർത്തനം. കാച്ചിയ മോരിൽ അൽപ്പം ഉപ്പും എരുവുമൊക്കെയുണ്ടാകും. അത്തരം പരിവർത്തനങ്ങളുണ്ടാക്കുന്ന അസ്വസ്ഥതയിൽ നിന്ന് ശ്രദ്ധതിരിക്കാനുള്ള തന്ത്രമാണ് (DIVERSION TECHNIQUE) പാട്ടും അമ്പിളിമാമനെ കാട്ടലും. മറ്റു പലതിലും ശ്രദ്ധ വ്യാപരിപ്പിച്ച് മാറ്റത്തിന്റെ വേദനകളെ മറക്കുവാനുള്ള ആദ്യപരിശീലനം. വിദ്യാലയങ്ങളിൽ പ്രവേശനോത്സവം നടത്തുന്നതിൽ ഇത് കാണാം.

ഇതേ സങ്കേതത്തിന്റെ വാണിജ്യരൂപമാണ് പരസ്യങ്ങൾ (ADVERTISEMENTS). സ്വപ്നങ്ങൾ കാണിച്ച് നിങ്ങളുടെ ദുരിതപൂർണ്ണമായ ജീവിതത്തെ തൽക്കാലത്തേക്ക് മറക്കാനും സുഖത്തെക്കുറിച്ച് മിഥ്യാദർശങ്ങൾ സൃഷ്ടിക്കുവാനുമുള്ള ശ്രമം. മനശ്ശാസ്ത്രത്തിന്റെ ഭാഷയിൽ ഇതൊരു പ്രതിരോധ തന്ത്രമാണ് (DEFENCE MECHANISM). മനോരാജ്യം (FANTASY) എന്നോ വിപരീതരൂപീകരണം (REACTION FORMATION) എന്നോ ഒക്കെ ഇതിന് പേരും വിളിക്കാറുണ്ട്.

### കണ്ണും കാതുമുറയ്ക്കുന്നു, ഉള്ളിൽ കൗതുകമേറുന്നു

ഏഴുവയസ്സ് തികയുമ്പോഴേക്കും ഉണ്ണിയിൽ രണ്ടു മാറ്റങ്ങൾ സംഭവിക്കുന്നു. ഒന്ന്, കണ്ണും കാതുമുറയ്ക്കുന്നു. രണ്ട്, അവന് പള്ളിക്കൂടത്തിൽ പോയി പഠിക്കാൻ ഉള്ളിൽ കൗതുകമേറുന്നു. കണ്ണും കാതും ഉറയ്ക്കുക എന്നത് കുട്ടികളെ സംബന്ധിച്ച് ഒരു സുപ്രധാന നാഴികക്കല്ലാണ്. ജീൻ പിയാഷെ (JEAN PIAGET) തന്റെ പഠനസിദ്ധാന്തങ്ങളിൽ കുട്ടിയുടെ ബുദ്ധിവികാസത്തെ പല ഘട്ടങ്ങളായി തിരിക്കുന്നു (STAGES OF COGNITIVE DEVELOPMENT). രണ്ടു വയസ്സുവരെ പ്രാഥമികമായ സംവേദനപ്രവർത്തനങ്ങളും പ്രാഥമികപ്രതികരണങ്ങളും നടക്കുന്ന ഘട്ടം (SENSORY MOTOR STAGE). രണ്ടുമുതൽ ഏഴു വയസ്സ

വരെ ക്രിയാപൂർവ്വ ഘട്ടം (PRE-OPERATIONAL STAGE). അർത്ഥപൂർണ്ണമായ പ്രവൃത്തികൾക്കുവേണ്ടി ഒരുങ്ങുന്ന പ്രായം. ഏഴുവയസ്സുമുതൽ മൂർത്ത ക്രിയാഘട്ടം (CONCRETE OPERATIONAL STAGE). സംവേദനങ്ങൾക്കനുസരിച്ച് അർത്ഥപൂർണ്ണമായ പ്രവൃത്തികൾ ആരംഭിക്കുന്ന കാലം. അതായത്, ചുറ്റുപാടുകളിൽ നിന്ന് ലഭ്യമായിക്കൊണ്ടിരിക്കുന്ന സംവേദനങ്ങളെ (SENSATIONS) വേണ്ടരീതിയിൽ സ്വീകരിക്കുവാനും (PERCEPTION) അവയെ പ്രാഥമികമായി വിശകലനം ചെയ്യാനും അതിനനുസരിച്ച് പെരുമാറാനുമുള്ള (BEHAVIOUR) കഴിവാർജിക്കുന്ന കാലം. ഇതാണ് കവിതയിൽ പറയുന്ന കണ്ണും കാതുമുറയ്ക്കുന്ന പ്രായം. (അടുത്ത ഘട്ടം, പതിനൊന്നു വയസ്സു മുതൽ സമൂഹത്തിന്റെ മൂല്യങ്ങൾ കൂടി പരിഗണിച്ച് പെരുമാറുന്ന കാലമാണ് - FORMAL OPERATIONAL STAGE).

ഈ പ്രായത്തിൽ ഉണ്ണിക്ക് പള്ളിക്കൂടത്തിൽ പോയിപ്പഠിക്കാൻ ഉള്ളിൽ കൌതുകമേറിക്കഴിഞ്ഞു എന്നാണ് കവിതയിൽ പറയുന്നത്. എന്താണ് ഉള്ളിൽ കൌതുകമേറൽ? പരപ്രേരണയില്ലാതെ പഠിക്കാൻ കഴിയലാണത്. നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ പഠനം ഒരു ദുരിതപൂർണ്ണമായ ഏർപ്പാടാകുന്നത് അതാരംഭിക്കുന്നത് ഉള്ളിൽ കൌതുകമേറാത്ത പ്രായത്തിലായതുകൊണ്ടാണ്. അഞ്ചും മൂന്നുമായി വിദ്യാഭ്യാസ പ്രായം നിജപ്പെടുത്തുന്നതിലെ ഹിംസയും പരിഗണിക്കപ്പെടേണ്ടതാണ്. ഉണ്ണിയുടേത് ഒരു സ്വയം പ്രഖ്യാപിത വിദ്യാരംഭമാണെന്നു കരുതണം. വിദ്യ സ്വീകരിക്കുവാനുള്ള പാത്രം തയ്യാറായിക്കഴിഞ്ഞിരുന്നു എന്നർത്ഥം. ഈ കൌതുകമേറലിന്റെ ഏറ്റവും ഉദാത്തമായ ഭാവങ്ങളാണ് നചികേതസ്സായും ശ്രീശങ്കരനായും ശ്രീബുദ്ധനായുമൊക്കെ നമ്മുടെ കഥകളിൽ വരുന്നത്. അവർ സ്വയം തീരുമാനിച്ച ചോദ്യങ്ങൾക്കു പിറകേ പോയവരാണ്. നമ്മുടെ ഉണ്ണിമാർക്കുള്ള ചോദ്യങ്ങൾ റെഡിമെയ്ഡാണ്.

## ഉണ്ണിയുടെ സോഷ്യലൈസേഷൻ

അമ്മയിൽ നിന്ന് അകലുന്ന കുട്ടി സമൂഹത്തിലേക്കു പോകുന്നു (SOCIALIZATION). സൌഹൃദത്തിന്റെയും സാമൂഹ്യാംഗീകാരത്തിന്റെയും കാലം. സ്വന്തം വീട്ടിൽ നിന്ന് ലഭിക്കുന്ന അംഗീകാരത്തേക്കാൾ പുറത്തുള്ളവരിൽ നിന്ന് ലഭിക്കുന്ന പരിഗണന കൂടുതൽ പ്രധാനമാകുന്ന കാലം. ഈ പ്രായത്തിൽ അത്തരം ബന്ധങ്ങൾക്ക് ലൈംഗികതയുടെ സ്വാധീനം കുറഞ്ഞിരിക്കുന്നു എന്ന് ഫ്രോയ്ഡ് പറയുന്നു (LATENT STAGE). എറിക് എറിക്സൺ മനുഷ്യന്റെ സാമൂഹ്യ-മനോവികാസത്തിന്റെ വിവിധ ഘട്ടങ്ങൾ നിർവ്വചിച്ചപ്പോൾ ആറു മുതൽ എട്ടുവയസ്സുവരെ കുട്ടികളിലുണ്ടാകുന്ന പ്രധാനസമ്മർദ്ദം സ്വാശ്രയശീലവും (AUTONOMY) ലജ്ജയും (SHAME) തമ്മിലുള്ള പൊരുത്തക്കേടാണ് എന്ന് വിശദീകരിക്കുന്നു. അതു കഴിയുമ്പോഴേക്കും (9-12 വയസ്സ്) പ്രയത്നശീലവും (INDUSTRY) അതു പരാജയപ്പെടുമ്പോഴുണ്ടാകുന്ന അപകർഷതയും (INFERIORITY) പ്രധാന മനോഭാവങ്ങളായിത്തീരുന്നു.



ഏതു രൂപവും സ്വീകരിക്കാനുള്ള കഴിവുണ്ടായിരിക്കേ, ഉണ്ണിയെ ആകർഷിക്കാൻ പൂതം തെരഞ്ഞെടുത്തത് വാത്സല്യനിധിയായ അമ്മയുടെ രൂപമല്ല, സമപ്രായത്തിലുള്ള പെൺകിടാവിന്റെ രൂപമാണ്. അഞ്ചുവയസ്സിനു മുമ്പായിരുന്നു ഉണ്ണിയെ കണ്ടുമുട്ടുന്നതെങ്കിൽ പൂതം സ്വീകരിക്കുന്നത് അമ്മയുടെ രൂപമായിരുന്നേനെ. കാരണം, അമ്മയിൽ നിന്നുള്ള വിടുതൽ വൈകാരികമായ വിടവായി അനുഭവിക്കുന്ന പ്രായമാണ് അഞ്ചുവയസ്സിനു മുമ്പുള്ള പ്രായം. നമ്മുടെ ബാലവാടികളിലെയും ഒന്നാം ക്ലാസിലെയും ടീച്ചർമാർ അമ്മമാരെ പ്രതിനിധാനം ചെയ്യാൻ തയ്യാറാവുന്നത് അതുകൊണ്ടാണ്. 3-5 വയസ്സാണ് അവിടത്തെ പ്രായം. അമ്മയുടെ സാമീപ്യം നഷ്ടപ്പെടുമ്പോൾ ആ സ്വരൂപത്തെ ടീച്ചർമാരിലേക്ക് പ്രക്ഷേപിക്കുവാൻ (TRANSFERENCE) കുട്ടികൾക്ക് ഇഷ്ടവുമുണ്ട്.കണ്ണും കാതുമുറച്ച കുട്ടികൾ പക്ഷേ, കുറച്ചുകൂടി മുതിർന്നവരാണ്. അവർ അമ്മയെ വിടാൻ തയ്യാറാണ്. സൌഹൃദങ്ങളുടെ മേച്ചിൽപ്പുറങ്ങൾ അവരെ മാടിവിളിക്കുന്നുമുണ്ട്.

## മൂന്നുതരം വിദ്യാഭ്യാസവ്യവസ്ഥകൾ

ഒന്ന് - സ്നേഹത്തിന്റെയും ആർദ്രതയുടെയും സർവ്വ വിശുദ്ധികളും പ്രതിനിധീകരിക്കുന്ന അമ്മയുടെ (NURTURING PARENT) വ്യവസ്ഥ - ഒരു വൈകാരിക സ്ഥാനം (AFFECTIVE DOMAIN). ഈ വ്യവസ്ഥയിൽ നിന്നാണ് ഉണ്ണി പുറപ്പെടുന്നത്. സ്കൂളിലേക്ക് പോകുന്ന എല്ലാ ഉണ്ണികളും പുറപ്പെടുന്നത് ഇവിടെ നിന്നു തന്നെയാണ്. അനൌപചാരികവിദ്യാഭ്യാസത്തി

ന്റെ പ്രാഥമിക കേന്ദ്രം. കവിതയിലെ പ്രകൃതിയിൽ കുന്നും പുഴയും ആൽമരവും വയലുമൊക്കെ കടന്നു വരുന്നത് ഏതാണ്ട് ഈ പഠനസ്ഥലത്താണ്.

രണ്ട് – ഓലയും എഴുത്താണിയും ഗുരുനാഥനും പ്രതിനിധീകരിക്കുന്ന വ്യവസ്ഥാപിത വിദ്യാഭ്യാസത്തിന്റെ, കാർക്കശ്യത്തിന്റെ, അധികാരത്തിന്റെ വ്യവസ്ഥ (AUTHORITARIAN SYSTEM). വൈകാരികമുരടിപ്പിന്റെ സ്ഥലം. അവിടത്തേക്കാണ് ഉണ്ണി പുറപ്പെട്ടത്. പക്ഷേ, ആ വ്യവസ്ഥയുടെ മറ്റു വിശദാംശങ്ങൾ കവിതയിൽ ഊന്നുന്നില്ല. ഇത് സ്ഥലപരമായി ത്തന്നെ അമ്മയുടെ പ്രാപ്തിക്കുമപ്പുറമാണ്. കുന്നിന്റെ മറ്റേച്ചെരിവും കടന്നു പോകേണ്ടുന്ന ഒരിടം. ദൃശ്യപരമായി അവ അമ്മയുടെ കാഴ്ചയിൽ നിന്ന് പ്രമേയഗൗരവം വർദ്ധിപ്പിക്കുന്നുണ്ട് താനും.

മൂന്ന് – പെൺകിടാവ് ഉണ്ണിക്കായി ഒരുക്കുന്ന സമാന്തര വിദ്യാലയം. കവിതയിലെ ഏറ്റവും തരളമായ വിവരണം ആ പഠനസ്ഥലത്തെക്കുറിച്ചുള്ള വിവരണമാണ്. സ്നേഹവ്യഗ്രമായ, അധികാരഭാവമില്ലാത്ത, പങ്കാളിത്തത്തിനു പ്രാധാന്യമുള്ള (PARTCIPATORY), വൈകാരികപഠനം (EMOTIONAL LEARNING) കൂടി സാദ്ധ്യമാകുന്ന വിദ്യാഭ്യാസവ്യവസ്ഥ. ഏതാണ്ടൊരു സ്വപ്നസ്ഥലം. അധികാരിയായ (AUTHORITY) അദ്ധ്യാപകനേക്കാൾ സഹായിയായ (FACILITATOR) ആയ അദ്ധ്യാപകനാണ് ഉണ്ണിക്ക് പെൺകുട്ടി. കവിതയിലെ ഈ ഭാഗം നോക്കുക:

പൊന്നുണ്ണീ പൂങ്കരളേ പോന്നണയും പൊൻകതിരേ

വണ്ടോടിൻ വടിവിലെഴും നീലക്കല്ലോലകളിൽ മാന്തളിരിൽ ഉവെള്ളച്ചറുമുല്ലപ്പൂമുനയാൽ

പൂന്തണലിൽ ചെറുകാറ്റത്തിവിടെയിരുന്നെഴുതാലോ

ഓലയെഴുത്താണികളെ കാട്ടിലെറിഞ്ഞിങ്ങണയൂ

എഴുതുവാൻ ഓലയ്ക്കു പകരം നീലക്കല്ലോലയും മാന്തളിരും, എഴുത്താണിക്കു പകരം മുല്ലപ്പൂമൊട്ട്, ക്ലാസ് മുറിക്കു പകരം ചെറുകാറ്റുവീശുന്ന പൂന്തണൽ. പ്രകൃതി തന്നെ വിദ്യാലയം. പ്രകൃതിവസ്തുക്കൾ തന്നെ പഠനസാമഗ്രികൾ. നിശ്ചയമായും പഠിക്കുന്ന വിഷയവും പ്രകൃതി തന്നെയായിരിക്കും. എഴുത്തും എഴുതുന്നതും എഴുത്തുസാമഗ്രിയും എഴുതുന്നയാളും തമ്മിലുണ്ടായിവരുന്ന അന്യാദൃശമായ സല്ലയം. ഓലയും എഴുത്താണിയും ഉപയോഗിക്കുമ്പോഴുണ്ടാകുന്ന ക്ലിഷ്ടതയിൽ നിന്നും ഗുരുനാഥന്റെ കാർക്കശ്യങ്ങളിൽ നിന്നും സ്വാതന്ത്ര്യം. ഈ പഠനാന്തരീക്ഷം ഉണ്ണിയുടെ യാത്രയിൽത്തന്നെ തെളിഞ്ഞു വരുന്നുണ്ട്. കുന്നിൻ മോളിലേക്ക് കയറുന്ന ഉണ്ണി പലതും കാണുന്നു. കന്നും പൈക്കളും മേയുന്നത്, ആട്ടിൻ പറ്റം തുള്ളിക്കളിക്കുന്നത്, ഉങ്ങും പുന്നയും പൂത്തതിൽ വണ്ടുകൾ പാറിക്കളിക്കുന്നത് – പുതിയ കാഴ്ച്ചകൾ പുതിയ മണങ്ങൾ പുതിയ ശബ്ദങ്ങൾ. ആ പുതുമയുടെ വിപുലീകരണമാണ് പെൺകൊടി ഒരുക്കുന്ന അന്തരീക്ഷം.

പൊന്നുണ്ണീ പൂങ്കരളേ എന്നു വിളിച്ച് കൂടെക്കളിക്കുവാനുള്ള പെൺകുട്ടിയുടെ അഭ്യർത്ഥന ആദ്യഘട്ടത്തിൽ നിരസിക്കാനുള്ള കാരണമായി ഉണ്ണി പറയുന്നത് ഗുരുനാഥൻ കലഹിക്കും എന്നാണ്. അതൊരു ഉത്തരവാദിത്വമുള്ള പഠിതാവിൽ (RESPONSIBLE LEARNER) നിന്നു വരുന്ന ഉത്തരമാണ്. ചെറിയ കുട്ടികൾ പറയാറ് അമ്മ കലഹിക്കുമെന്നാണല്ലോ. പെൺകുട്ടിയോടുള്ള ആകർഷണമായിരുന്നു പ്രലോഭനമെങ്കിൽ ആദ്യത്തെ വിളിയിൽത്തന്നെ വരേണ്ടതായിരുന്നു. വ്യവസ്ഥാപിതമായ വിദ്യാഭ്യാസത്തിന്റെ പ്രതീകമായാണ് കവിതയിൽ ഓലയും എഴുത്താണിയും വരുന്നത്. അത് ഗുരുകേന്ദ്രിതമായ (TEACHER CENTERED) വിദ്യാഭ്യാസം കൂടിയാണ്.

## എഴുത്താണിക്കു പകരം മുല്ലപ്പൂമൊട്ട്

ഇതൊരു പ്രതീകാത്മകമായ പരിവർത്തനമാണ്. ഗുരുനാഥന്റെ എഴുത്തുപകരണം എഴുത്താണിയാണ്, ഓലയിലാണെഴുതുന്നത്. പെൺകൊടിയുടെ പഠനസ്ഥലത്ത് ഇത് മുല്ലമൊട്ടാണ്, മാന്തളിരിലാണെഴുതുന്നത്. എഴുത്താണി പരിശീലനം വേദനാജനകമായ, കാർക്കശ്യം നിറഞ്ഞ ഒന്നായിരുന്നു. ഗുരുവിന്റെ അധികാരപ്രയോഗശീലത്തെ തൃപ്തിപ്പെടുത്താവുന്ന ഒരു പരിശീലനം. മറ്റൊരു തരത്തിൽ പറഞ്ഞാൽ പിത്രാധികാരത്തിന്റെ (PATRIARCHIAL) തുടർച്ച. മുല്ലമൊട്ടിന്റെ മാർദ്ദവം അന്നത്തെ പഠിതാവിനെ സംബന്ധിച്ച് കൊതിപ്പിക്കുന്ന ഒന്നായിരിക്കും. ഈ മാർദ്ദവം പൂതത്തിന്റെ പള്ളിക്കൂടത്തിലെ എല്ലാ തരം വ്യവഹാരങ്ങൾക്കുമുണ്ടെന്ന് സങ്കൽപ്പിക്കാം. അമ്മയുടെ സാന്നിദ്ധ്യം മുറ്റിനിൽക്കുന്ന പരിസരം (MATRILINEAL). അവിടത്തെ സൗഹൃദാന്തരീക്ഷം പ്രധാനമാണ്. ഏതാണ്ടൊരു കളി പോലെത്തന്നെയാണ് പാഠം. ഒരു ഡി.പി.ഇ.പി അന്തരീക്ഷം. മുറിവേൽപ്പിക്കാത്ത അനുഭവം. കൗതുകമേറുന്ന ഉണ്ണിമാർക്ക് ഏറ്റവും അനുയോജ്യം. അമ്മയിൽ നിന്ന് ഭൗതികമായി വിട്ടാലും അതിന്റെ ഓർമ്മകൾ വിടേണ്ടാത്ത സ്ഥലം. ബൗദ്ധിക പഠനത്തേക്കാൾ (INTELLECTUAL LEARNING) വൈകാരികപഠനം (EMOTIONAL LEARNING) പ്രസക്തമാകുന്ന ഇടം. ഐ.ക്യൂവിനേക്കാൾ (INTELLIGENCE QUOTIENT) ഇ.ക്യൂ (EMOTIONAL QOUTIENT) പ്രധാനമാകുന്നു. ഉണ്ണിക്ക് ഒരു സ്വയം നിർണ്ണയാവകാശമുണ്ടെങ്കിൽ അവൻ പൂതത്തിന്റെ കൂടെ പോകാൻ ആഗ്രഹിക്കുമായിരുന്നു എന്നുറപ്പ്.

ആ അർത്ഥത്തിൽ ഉണ്ണിയെ തിരിച്ചുപിടിക്കുക എന്നത് അമ്മയുടെ മാത്രം ആവശ്യമാണ്. ഇന്നും അതേ ഉണ്ണിയെ അന്വേഷിച്ച് പൂതം വീടുകൾ തോറും കയറിയിറങ്ങുന്നു. ഉണ്ണി വളർന്നിട്ടുണ്ടാവില്ല എന്നു പൂതത്തിനറിയാം. തിരിച്ചുവരാത്ത ഉണ്ണിമാരാണ് വളരുന്നത്. അതിനാൽ അമ്മയുടെ ഉണ്ണി വളരുന്നില്ല. അമ്മയ്ക്ക് ഉണ്ണി എന്നും തന്റെ ഗർഭാശയത്തിലാണ്. വളരാതിരിക്കാൻ ആഗ്രഹിക്കുന്ന അമ്മമാരാണ് ഉണ്ണികളുടെ യഥാർത്ഥ പ്രതിസന്ധി എന്നും പറയാം.

Dr. Anju Linda Varghese
Baselius College, Kottayam

# A Centennial History of the Schrödinger Equation

We are now at the concluding stage of the International Year of Quantum Science and Technology (IYQ)- 2025, a period that focus global attention on the quantum revolution happened a century ago. Central to this quantum revolution is the Schrödinger equation which was introduced in 1926. This iconic equation transformed our understanding of matter at the atomic scale. It explains the stability of atoms and the electronic origins of chemical bonding, forming the foundation of modern physics and chemistry. As the IYQ officially draws to a close, scientific world recognize that this century-old equation remains the essential tool which drives the next wave of innovation in quantum computing and sustainable energy. Celebrating 100 years of the Schrödinger Equation is a chance to understand the deep, invisible quantum rules that shape our everyday existence.

For over two centuries the universe was governed by Newtonian mechanics. Every event was precisely predictable. If you knew the initial position and speed of an object, you could predict its future forever. This was the world of Classical Physics, a time when scientists believed nature operated like a flawlessly precise clockwork mechanism. From the perspective of chemistry and physics, matter was believed to be composed of solid, tiny and indivisible spheres called atoms. This concept was initially drawn from ancient Greek philosophy. It was then transformed into a quantitative scientific theory by the English chemist John Dalton in the early 1800s. These atoms were the fundamental blocks whose simple combinations determined all known substances and reactions.

The first crack in this certain appeared in 1897 when Sir J. J. Thomson, a British physicist, discovered the electron, a subatomic particle carrying a negative charge. Thomson proposed the 'plum pudding' model, where electrons were scattered within a positively charged, mushy sphere. This was followed by Ernest Rutherford, a New Zealand-born British physicist, in

1911. His famous gold foil experiment showed that the atom was mostly empty space with a tiny, dense, positively charged nucleus at its center, orbited by electrons - the *planetary model*. The picture of the atomic interior was fully completed later, in 1932, by Sir James Chadwick, another British physicist, who discovered the neutron, the neutral particle in the nucleus. *Planetary model* presented a severe mechanical paradox. According to classical electromagnetic laws, an orbiting electron should constantly radiate energy and spiral into the nucleus in a fraction of a second, leading to the atom's instant collapse. Yet, atoms are stable.

The remedy to the electron crisis came through a series of fundamental theoretical breakthroughs. This effort began in 1900, when Max Planck, a German physicist, introduced the radical idea of quantization. According to him, energy was not continuous, but came in fixed, discrete packets called *quanta*. This concept was significantly advanced by Albert Einstein in 1905 and was awarded 1921 Nobel Prize in Physics. Einstein explained that light itself was composed of these energy packets, later called photons. Finally, Niels Bohr, a Danish physicist, in 1913 applied these new rules directly to the atom. He declared that electrons could only exist in specific, fixed orbits. An electron could move between these orbits only by absorbing or emitting a single quantum of energy. This successfully explained the atom's stability. However, these rules were created specifically for the electrons and stood separate from the rest of the established laws of physics. Scientists still required a universal theory that could mathematically unify the new atomic physics/chemistry with the reliable classical physics of the larger world.

The key insight into the electron's quantum behavior was proposed by Louis de Broglie, a French physicist. In his doctoral thesis in 1924, he proposed the foundational concept of wave-particle duality. He introduced the idea of 'matter waves'; that if light (a wave) can act like a particle, then electrons (particles) must also act like waves. According to him, Bohr's fixed orbits weren't arbitrary; they were simply the only places where the electron's wave could fit neatly around the nucleus, like the stable vibrations of a string on a musical instrument.

This is where Erwin Schrödinger, an Austrian physicist stepped onto the scene. He was tasked with finding the mathematical language for these 'matter waves'. He sought an equation that could describe the wave behavior of the electron, just as equations already described light or sound waves. In a series of papers published in 1926, Schrödinger introduced the fundamental equation of non-relativistic quantum mechanics. The time-independent form, which describes the stable, steady states of an atom and is the most celebrated equation till date.

$$\hat{H}\psi = E\psi$$

This Schrödinger Equation is the central mathematical law of quantum mechanics, serving as the 'blueprint' for how subatomic particles like electrons behave in an atom or molecule. $\psi$ is known as wave function. It is a complex-val-






The material does not decay; the cat lives

The material has decayed; the cat has been killed by the poison.

ued mathematical function that contains all possible information about the quantum system (the electron). It is not a visible physical wave, but a state vector in a mathematical space. $\hat{H}$ is called Hamiltonian Operator, a mathematical instruction representing the total energy of the system, ie. the sum of kinetic energy and potential energy. Solving the equation reveals that a particle's energy E is quantized, meaning it can only exist in specific, discrete packets, which explains the stability of atoms.

**Erwin Schrödinger**

Schrödinger Equation can be solved exactly for a handful of highly simplified scenarios. These key, solvable cases—known as valid quantum models—are indispensable because they establish the quantized nature of electronic energy. For instance, the 'particle-in-a-box' model yields the discrete translational energy levels (movement through space) and can even explain electron delocalization in conjugate organic molecules. The 'simple harmonic oscillator model' dictates the discrete vibrational energy levels, while the 'rigid rotator model' describes the discrete rotational energy levels. By solving these specific models, one can accurately calculate the exact, allowed energy values for these types of motion, providing the crucial theoretical basis for quantum mechanics. This is a major achievement, as it allows for the prediction of energy states even for simple, hydrogen and hydrogen-like atoms. Furthermore, the particle-in-a-box model is essential for illustrating the concept of quantum tunneling, which forms the theoretical basis for explaining phenomena such as radioactive decay.

While the Schrödinger Equation was mathematically sound, its physical meaning was ambiguous until Max Born, a German physicist, provided the key interpretation in 1926. Born stated that the wave function $\psi$ itself has no direct physical meaning. Instead, the square of the absolute value of the wave function, $\psi^2$ yields the probability density of finding the particle at a specific location at a given time. This fundamental introduction of probability into physics/chemistry was further formalized by Werner Heisenberg, a German theoretical physicist, who, in 1927, introduced the Uncertainty Principle. This principle established that the act of observation intrinsically limits the precision with which certain pairs

of properties, like position and momentum, can be known simultaneously. These two interpretations confirmed that the quantum world is fundamentally probabilistic, replacing classical certainty with statistical likelihood. This means that the precise, clockwork certainty of Newton's world was gone at the atomic level. In Classical Physics, if you knew an object's starting point, you knew its destination. In Quantum Mechanics, you only know the likelihood. The electron exists as a 'cloud of potential'. until the moment you look for it. At the time of measurement, it is forced to be collapsed into a single, definite location.
To illustrate the deep conceptual confusion this new reality created- specifically the measurement problem -Schrödinger proposed his famous cat thought experiment in 1935.

### The Paradox of Schrödinger's Cat

Schrödinger equation's linearity allows systems to exist in a superposition, a combination of all possible states simultaneously, until observed. This led Schrödinger himself to propose the most famous thought experiment in science, intended to highlight the absurdity of applying quantum rules to the large, everyday world. He imagined a cat sealed in a box with a device whose trigger was governed by a single quantum event, like the decay of a single radioactive atom. Since the atom, according to the equation, is in a state of being both 'decayed' and 'not decayed', the cat must, logically, be both dead and alive at the same time. The cat only assumes a definite state (either dead or alive) the moment the box is opened and the quantum state is measured. The point was clear: this equation reveals that reality is not what it seems, and defining the line between the strange quantum world and our familiar classical world is incredibly difficult—a problem physicists still debate today.

### Applications of Schrödinger Equation

Despite the philosophical arguments that arose from the probabilistic interpretation, the Schrödinger Equation delivered immediate, stunningly practical results. The mathematical solutions to the equation led directly to the concept of atomic orbitals. These are not simple planetary rings but precise, three-dimensional probability clouds where electrons spend their time. These definite shapes like spheres, dumbbells and more complex geometries dictate everything about chemistry. By quantifying the electron's probability distribution, the Schrödinger Equation effectively became the design manual for all molecular matter, explaining everything from the structure of a water molecule to the mechanics of complex proteins.

The mathematical solvability of the Schrödinger equation leads to the origin of Computational Chemistry. By using powerful computers to approximate solutions for complex systems, scientists can save enormous amounts of energy, time and money by predicting outcomes before conducting expensive, high-resource laboratory experiments. This approach yields immediate savings across areas like drug discovery, catalyst design, LASER, battery technology, material science etc. The equation is essential for describing the movement of electrons within crystalline solids, leading directly to the advancement of the semiconductor based research applicable to transistors, microprocessors and digital devices. Solving the equation for electrons confined in tiny structures (like quantum wells, wires, and dots) explains quantum confinement effects. This is crucial for designing modern nanoscale devices with tailored properties, such as high-efficiency LEDs and solar cells. The wave function's behavior explains quantum tunneling, where a particle can pass through an energy barrier it classically could not. This phenomenon is critical for the operation of devices like the Scanning Tunneling Microscope (STM) and modern tunnel diodes.

These diverse applications have driven a fundamental transformation across nearly every sector of our life. Consequently, the Schrödinger Equation is the core engine of modern innovation. It enables the development of everything from the microprocessors in our smartphones to life-saving medical devices and the next generation of clean energy solutions.

### The Next 100 Years: The Quantum Future

One hundred years later, the Schrödinger Equation is still the key to unlock the future. At the heart of quantum computing, it powers the next generation of ultra-fast machines capable of designing revolutionary medicines and advanced materials. One of the greatest intellectual triumphs in history, the Schrödinger equation replaced Newton's orderly, predictable universe with a realm of strange and beautiful probability. It shaped the scientific blueprint of the twentieth century, and as we mark its centenary, it continues to serve as the essential map guiding us toward the quantum future. ■

■ കെ പി ജയകുമാർ
എൻ.എസ്. എസ്. കോളേജ്, ചേർത്തല

# വായനയുടെ പട്ടുപാതയിലെ ഗ്രിഗർ സാംസയും നടാഷയും

സാംസ എന്ന കൗമാരക്കാരനിലൂടെ കാണാനാകുന്ന ലോകമാണ് എസ് ഹരീഷിന്റെ പട്ടുനൂൽപ്പുഴ. സ്വപ്നത്തിലേക്കും ഭാവനയിലേക്കും തുറന്നു ചെല്ലാനാകുന്ന ഭാഷയുടെ താക്കോൽ സാംസയിലുണ്ട്. വ്യക്തിയുടെ സാമൂഹ്യാനുഭവങ്ങളും ഇന്ദ്രിയാനുഭവങ്ങളും ഭവനയും തത്വചിന്തയും ഭാഷയെ ഭാരപ്പെടുത്തുന്നില്ല. സാംസയുടെ ഭാഷയ്ക്ക് അതിരുകളില്ല.  അവന്റെ കൗമാര കൗതുകംപോലെ നേർവഴികളിലൂടെയും പറമ്പുകളിലൂടെയും വിജനതകളിലൂടെയും പട്ടണങ്ങളിലൂടെയും കളി മൈതാനങ്ങളിലൂടെയും വായനശാലയിലൂടെയും ഇടിഞ്ഞു പൊളിഞ്ഞ വീടുകളുടെ സ്മരണകളിലൂടെയും അതിന് അനായാസം ഒഴുകാനാകും. യുക്തിയുടെ സന്ദേഹങ്ങളഴിയുകയാൽ ഇലു എന്ന നായയോടും സ്റ്റീഫന്റെ ഉൻമാദത്തോടും മരിച്ചുപോയ പെൺകുട്ടിയോടും മരണം കാത്തുനിൽക്കുന്ന മുട്ടനാടിനോടും അവന് വിനിമയം സാധ്യമാണ്. അതിനാൽ, സമകാലിക നോവൽ ഭാഷയിൽ അതീവ സൂക്ഷ്മമായി ചെയ്യുന്ന ഒരെഴുത്തുവിദ്യയാണ് പട്ടുനൂൽപ്പുഴ.

ഭാവനയ്ക്ക് ചരിത്രമുണ്ടോ? സാംസ കടന്നുവരുന്നത് ചരിത്രത്തിൽ നിന്നാണല്ലോ. ഫ്രാൻസ് കാഫ്കയുടെ “മെറ്റമോർഫസീസ് ” (The Metamorphosis) എന്ന നോവലിലെ കഥാപാത്രമായ ഗ്രിഗർ സാംസ നോവൽ ചരിത്രത്തിൽ നിന്ന്  ദേശഭാവനയിലേയ്ക്ക് അടർന്നുവീണതാണ്. അവന്റെ സ്വപ്നത്തിലും ഏകാന്തതകളിലും കൂട്ടുകൂടുന്ന കൗമാരത്തിലേ മരിച്ചുപോയ പെൺകുട്ടിയ്ക്ക് അവൻ കണ്ടെത്തുന്ന പേര് നടാഷ എന്നാണ്. ടോൾസ്റ്റോയിയുടെ യുദ്ധവും സമാധാനവും എന്ന നോവലിൽ നിന്നാകണം ആ പേരിന്റെ വരവ്. മനുഷ്യർ ചരിത്രത്താൽ ചുറ്റപ്പെട്ടവരാണ്. അതിനാൽ ബഹുസാംസ്കാരിക പാഠങ്ങൾ വ്യക്തി ഭാവനയിൽ കലരും.

വ്യക്തിയുടെ ദൈനംദിന ജീവിതത്തെയും തെരഞ്ഞെടുപ്പുകളെയും വൈകാരികവും ബൗദ്ധികവുമായ നിലകളെയും നിലപാടുകളെയും സ്വാധീനിക്കുകയും നിർണ്ണയിക്കുകയും ചെയ്യുന്ന സാംസ്കാരിക നിർമ്മിതിയാണ് ഭാവന. ഭാവനയുടെ ഉള്ളടക്കം എന്താണ്? ഭാവനയുടെ ഫലങ്ങൾ എന്തൊക്കെ, എങ്ങനെയൊക്കെ വ്യക്തിയെ-സമൂഹത്തെ അത് രൂപാന്തരപ്പെടുത്തുന്നു? ഒരു സാംസ്കാരിക രൂപം എന്ന നിലയിൽ മലയാള ഭാവനയുടെ ചിരിത്രത്തിൽ വ്യക്തി കടന്നു പോകുന്ന അനേക അനുഭങ്ങളുടെ ശകലങ്ങൾ വീണുകിടപ്പുണ്ട്. പട്ടുനൂൽപ്പുഴവിന്റെ ഭൂമികയിൽ മലയാളി ഭാവനയുടെ ഭൂപടമുണ്ട്. ദേശം എന്ന ആശയത്തെ മായ്ച്ച് വരയ്ക്കുന്ന അനേക കളങ്ങളുള്ള അതിന്റെ ഭൂപ്പരപ്പിൽ ക്രമവും കാലവും തെറ്റിയ്ക്കുന്ന കാലാൾ സഞ്ചാരം അനുഭവിക്കാനാകും. വായന ഒരു ഇന്ദ്രീയാനുഭവമാണ്!

പട്ടുനൂൽപ്പുഴ എന്ന ശീർഷകം

അവസ്ഥയുടെ സൂചകമാണ്. ശലഭമോ പുൽച്ചാടിയോ ആയി മാറിയേക്കാവുന്ന ഭാവനയുടെ "വിപരിണാമത്തെ" (The Metamorphosis), അതിനുമുമ്പുള്ള അന്തരാള ഘട്ടത്തിൽ നിർത്തുകയാണ് നോവൽ. പരിണാമത്തിന്റെ ഈ അപൂർണ്ണത അഥവാ അകാലം വിപരിണാമത്തിന്റെ അസ്ഥിത്വവാദപരവും ദാർശനികവുമായ ചരിത്രത്തെ പ്രശ്നഭരിതമാക്കുന്നു. ചരിത്രത്തിലെ ഈ ദാർശനിക ഭൂതകാലത്തെ കടന്ന് പോകാൻ ഒരു പുതിയ നോട്ടം ആവശ്യമാണ്. അതാണ് ഉണർവിലും സ്വപ്നത്തിന്റെ തരികൾ ബാക്കി നിൽക്കുന്ന സാംസയുടെ കാഴ്ച. ഒരു പുതിയ ഭാഷ ആവശ്യമായിരുന്നു. അതിനാണ് കൗമാരത്തിന്റെ ഭാരക്കുറവ് തോന്നുന്ന അഖ്യാന ഭാഷ നോവൽ സ്വീകരിക്കുന്നത്. അങ്ങനെ സ്ഥലകാലങ്ങളിലൂടെ വികസിച്ചുവരുന്ന അനുഭവങ്ങളിലൂടെ പൂർവപാഠങ്ങളെ കടന്ന് പോകാൻ പട്ടുനൂൽപ്പുഴു എന്ന രൂപകത്തിന് സാധിക്കുന്നു.

നോവലിന്റെ ഭൂമികയാകട്ടെ ആഗോളതയുടെ ഒരു തുള്ളിയാണ്. കേരളം എന്ന ഭാഷാദേശം അനവധി ദേശകാലങ്ങളുടെയും അനുഭവങ്ങളുടെയും സംസ്കാരങ്ങളുടെയും ഭൂപടങ്ങളുടെ കലർപ്പാണ്. ഈന്തും തെങ്ങും പൊങ്ങല്യവും വെള്ളക്കെട്ടും ഇടത്തോടുകളും പറമ്പുകൾ മുറിച്ച് കടന്ന് പോകാവുന്ന അയൽ അടുപ്പങ്ങളുമുള്ള ദേശം. അരമണിക്കൂർ യാത്രചെയ്താൽ എത്തുന്നിടത്ത് തട്ടുതട്ടായി കൃഷി ചെയ്യാനാകുന്ന അയൽദേശം. ഗ്രാമീണ വായനശാലയും റേഷൻകടയും La Puerta എന്ന മ്യൂസിക് ഷോപ്പും ചാരായക്കടയും വൈദ്യശാലയും അജമാംസ രസായനമുണ്ടാക്കുന്ന വാണിഭക്കാരും കലർന്ന് പുലരുന്ന ഗ്രാമകേന്ദ്രം. നടന്ന് പോകാവുന്ന ദൂരത്തിൽ പട്ടണം. സിനിമാശാലയും ചന്തയും. അതിസങ്കീർണ്ണമായ യന്ത്രങ്ങളുടെ അവയവ ഛേദത്തിൽ ആനന്ദം പങ്കിടുന്ന ആക്രിക്കട. വോളിബോളിലും ക്രിക്കറ്റിലും ഫുട്ബോളിലും വിയർക്കുകയും വിലസുകയും ചെയ്യുന്ന കൗമാരവും യൗവ്വനവും; പ്രണയവും ഭ്രാന്തും മതവും ഒളിച്ചോട്ടവും; ഗ്രിഗർ സാംസയും നടാഷയും; ഫ്രാൻസ് കാഫ്കയും ടോൾസ്റ്റോയിയും; വിപരിണാമവും യുദ്ധവും സമാധാനവും; ജീവിതവും അസ്ഥിത്വവും മരണവും; സ്വപ്നവും യഥാർത്ഥ്യവും; എന്നിങ്ങനെ ഒറ്റ എന്ന അനുഭവത്തെ നിരസിക്കുന്ന പലമയുടെ, പലതിന്റെ, അനേക ശകലങ്ങളുടെ നോവൽ പ്രദേശമാണ് പട്ടുനൂൽപ്പുഴു.




അപ്പോഴും ഒറ്റയകാലിന്റെ അഴൽ പേറുന്നവരാണ് സാംസയും നടാഷയും വിജയനും ആനിയും സ്റ്റീഫനും ശ്യാമയും. വീട്ടിലും ആൾക്കൂട്ടത്തിലും സാംസ അദൃശ്യനാണ്. കുട്ടികളെ ചൂഴുന്ന അദൃശ്യതയെക്കുറിച്ച് നോവൽ സംസാരിക്കുന്നുണ്ട്. മുതിരുമ്പോൾ മാത്രം ദൃശ്യമാകുന്ന അസ്ഥിത്വത്തിന്റെ പൊരുളെന്താണ്? കുട്ടികളുടെ സ്വത്വത്തെ അഭിസംബോധന ചെയ്യാൻ കാലം വിമുഖത കാട്ടുന്നത് എന്തുകൊണ്ട്? മുതിർന്നവരുടെയും കുട്ടികളുടെയും തൻമയിൽ ലീനമായിരിക്കുന്ന സാമൂഹികതയുടെ സംഘർഷമാണ് പട്ടുനൂൽപ്പുഴുവിലെ സാംസയുടെ അദൃശ്യത.

ജീവിതം എന്ന ഭൗതിക യാഥാർത്ഥ്യത്തെയാണ് നോവൽ അതിന്റെ സങ്കീർണതകളോടെ അഭിസംബോധന ചെയ്യുന്നത്. ഒരിക്കലും അവസാനിക്കാത്ത ഓട്ടമത്സരത്തിൽ പങ്കെടുക്കുന്നതു പോലെയാണ് ജീവിതം. ഓരോരുത്തരായി കാഴ്ചയിൽ നിന്ന് മറയുന്നു. പിന്നീട് കണ്ട് മുട്ടിയേക്കാം. കണ്ടില്ലെന്നും വരാം. വ്യക്തി കാമനയും ഭൗതിക യാഥാർത്ഥ്യവും തമ്മിലുള്ള ഈ സംഘർഷം പട്ടുനൂൽപ്പുഴുവിന്റെ അടരുകളിലൊന്നാണ്.

സ്വന്തം ശരീരത്തെ നൂറ്റെടുക്കുന്ന നൂൽക്കെട്ടിനുള്ളിലെ പട്ട് പുഴുവിന്റെ സമാധിയിൽ ശലഭമായിത്തീരാനുള്ള അഭിലാഷമുണ്ട്. തൃഷ്ണയുടെ നെയ്ത്തുശാലയാണത്. നിശാ ശലഭമായി അത് പുറത്ത് വരുമ്പോൾ പട്ടുനൂലുകൾ പലപാട് മുറിഞ്ഞുപോകും. നെയ്തെടുക്കാൻ ആവാത്തവിധം ശിഥിലമാകുന്ന നൂൽചന്തം. അതൊരു ദുര്യോഗമാണ്. ഒരു ഉൽപ്പന്നം എന്ന നിലയിൽ പട്ടിന്റെ ഭൗതിക മൂല്യത്തിന് ഏൽക്കുന്ന തകർച്ച. കടംവാങ്ങിവാങ്ങി നൂൽക്കെട്ടുകളെല്ലാം പൊട്ടുന്ന, അഭിമാനത്തിന്റെ ചന്തങ്ങളെല്ലാം അഴിയുന്ന വിജയനിൽ ശലഭജീവിതത്തിന്റെ നിർത്ഥകതയെക്കുറിച്ചുള്ള ഭൗതിക സംവാദമുണ്ട്. വ്യക്തി ഒരു സാമ്പത്തിക സ്ഥാപനവും ജീവിതം വിപണി യാഥാർഥ്യവും ആകുന്ന സമകാലികതയിൽ വിജയൻ ഒരു രൂപകമാണ്.

പട്ട് എന്ന ഭൗതിക യാഥാർത്ഥ്യത്തിനും ശലഭം എന്ന ജൈവ സത്യത്തിനും ഇടയിലെ അപര സ്ഥലമാണ് പുഴുനില. പട്ടുശലഭങ്ങളുടെ ജീവിതചക്രത്തിലെ അന്തരാള ഘട്ടം. മരണത്തിനും ജീവിതത്തിനുമിടയിലെ കാമനയുടെ ഇടനേരം. ഭ്രാന്തിൽ നിന്ന് അടരുന്ന മനസ്സ് സ്വാഭാവികതയിൽ പതിയുന്നതിന് മുമ്പുള്ള ആയം. സ്വപ്നത്തിൽ നിന്ന് പുറപ്പെട്ട് ജീവിതത്തിന്റെ ഭ്രമണപഥത്തിൽ തിരികെ പ്രവേശിക്കുന്നതിന് മുമ്പുള്ള ഭ്രമനേരം. സാംസയുടെ കൗമാര ജീവിതത്തിലും നടാഷയുടെ കൗമാര വിയോഗത്തിലും പട്ടുനൂൽപ്പുഴുവിന്റെ ഈ ഉപമയുടെ അടരുകളുണ്ട്. വിജയനിലും ആനിയിലും സ്റ്റീഫനിലും ശ്യാമയിലും മാർക്ക് സാറിലും ശലഭജീവിതങ്ങ



ളുടെ മോഹഭംഗങ്ങളും കാണാം.

സാംസയുടെയും നാടാഷയുടെയും പുഴുനില മരണത്തിലും സ്വപ്നത്തിലും പുലരാനാകുന്ന പ്രതിജീവിതമാണ്. അതിന് അസ്തിത്വത്തിന്റെ ഭാരമില്ല. എന്നാൽ ശലഭം എന്ന കാമനയിൽ അദൃശ്യമയി മുറുകുന്ന കെട്ടുകളുണ്ട്. വിപരീത സംഘർഷങ്ങളാൽ വരിഞ്ഞുചുറ്റുന്ന നൂലുകൊണ്ടാണ് മനുഷ്യസ്വത്വം അവരുടെ പുഴുനിലയെ ആവരണം ചെയ്യുന്നത്. അങ്ങനെ പട്ട് ചിറകുകൾക്ക് താങ്ങാനാവുന്നതിലും അധികം ഭാരവുമായി പിറവിയെടുക്കുന്ന പരിണാമ സന്ധികളെയാണ് ഹരീഷിന്റെ പട്ടുനൂൽപ്പുഴു കണ്ടെടുക്കുന്നത്. ഭാവനയെ ചൂഴുന്ന അനേക സാംസ്കാരിക അനുഭവങ്ങളുടെ നെയ്ത്തുവിദ്യ നോവലിന്റെ ആഖ്യാനഗതിയെ പൊതിഞ്ഞ് നിൽക്കുന്നു.

Archana P J
Sree Narayana College, Kollam

# Cumbum-Theni Grape Wine Cultivation Methods: A Comprehensive Review

The Cumbum–Theni region, particularly the Cumbum Valley of Tamil Nadu, India, has emerged as a unique and significant viticultural zone due to its unconventional grape-growing practices and remarkable productivity. Unlike traditional temperate viticulture regions that rely on a single annual harvest, Cumbum Valley supports year-round grape cultivation, making it one of the few regions in the world capable of continuous grape production. This distinctive feature has attracted increasing attention from researchers, agronomists, and stakeholders in the wine and grape-processing industries.One of the most important environmental factors contributing to successful viticulture in Cumbum - Theni is its favorable agro-climatic conditions. The valley lies between the Western Ghats, which provides a semi-arid tropical climate with moderate rainfall, abundant sunlight, and well-drained red loamy and sandy soils. The average temperature remains suitable for grapevine growth throughout the year, while controlled irrigation—often using river and groundwater sources ensures consistent vine productivity. These environmental advantages allow farmers to practice staggered pruning and regulated irrigation, enabling multiple harvest cycles annually.The region is best known for cultivating Muscat Hamburg, locally referred to as *Panneer Thiratchai*, a grape variety prized for its intense aroma, sweetness, and suitability for both table consumption and wine production. In addition to Muscat Hamburg, other grape varieties such as Bangalore Blue and certain wine grape cultivars are also grown on a limited scale. The Geographical Indication (GI) tag granted to Panneer Thiratchai further enhances the commercial value of grapes produced in the Cumbum Valley and strengthens its market identity at national and international levels.Agronomic practices in Cumbum–Theni viticulture are highly innovative and region-specific. Farmers employ bower or pandal training systems, which improve sunlight interception and air circulation while supporting high yields. Intensive nutrient management, drip irrigation, and integrated pest and disease management strategies are widely adopted to maintain vine health and fruit quality. However, these practices require significant technical knowledge and labor, making farmer exper-



tise a critical factor in successful cultivation.Despite its advantages, viticulture in Cumbum–Theni faces several challenges. Pest and disease pressure, high input costs, fluctuating market prices, and limited infrastructure for wine processing pose constraints to sustainable growth. Additionally, climate variability and water resource management remain long-term concerns. Addressing these challenges requires stronger institutional support, improved extension services, and investment in post-harvest and wine-making facilities.In terms of wine production, the region holds substantial untapped potential. The unique aroma and sugar profile of Muscat Hamburg grapes make them suitable for producing aromatic and dessert wines. With appropriate technological intervention, quality control, and policy support, Cumbum–Theni could emerge as a notable wine-producing region in India. Overall, the viticultural practices of Cumbum–Theni represent a successful blend of traditional knowledge and modern agronomy, offering valuable insights for sustainable grape and wine production in tropical regions.

Key Words : Cultivation, Growing season, Climatic factors

**Introduction**

The cultivation of grapes (*Vitis vinifera* L.) for wine production has historically been associated with temperate climatic regions, where cool winters, moderate summers, and distinct seasonal cycles favor vine dormancy, fruit set, and balanced ripening. Classical wine-producing regions of Europe, such as France, Italy, and Spain, exemplify these conditions. However, advances in viticultural science and region-specific adaptive practices have demonstrated that grape cultivation for both table use and wine production can be successfully achieved in non-traditional environments, including tropical and subtropical regions. One such notable example in India is the Cumbum Valley, located in the Theni district of Tamil Nadu.The Cumbum Valley represents a unique tropical viticultural ecosystem characterized by year-round grape cultivation. Unlike temperate regions, vines in Cumbum do not undergo natural winter dormancy due to the absence of frost and prolonged cold periods. Instead, vine growth and fruiting cycles are artificially regulated through systematic pruning and irrigation management. This adaptive viticultural strategy allows farmers to harvest grapes multiple times a year, often two to three crops annually, making the region highly productive and economically significant.Climatically, the Cumbum Valley benefits from a semi-arid tropical environment with moderate rainfall, ample sunshine, and well-distributed irrigation facilities. These conditions are particularly conducive to grapevine growth when combined with controlled water supply and canopy management. The soils of the region are generally well-drained, sandy loam to red loam

in nature, enriched with organic matter and essential nutrients. Such soil characteristics support deep root penetration, efficient nutrient uptake, and overall vine vigor, all of which are critical for achieving consistent grape yields and quality.The dominant grape variety cultivated in the region is Muscat Hamburg, locally known as *Panneer Thiratchai*. This variety is highly valued for its distinctive floral aroma, high juice content, and pleasant sweetness. Traditionally grown as a table grape, Muscat Hamburg has also shown promising potential for value-added processing, including wine production, jams, juices, and raisins. Its aromatic profile makes it particularly suitable for producing sweet and semi-sweet wines, which are gaining popularity in domestic and niche international markets.

A major milestone in the recognition of Cumbum grapes was the awarding of the Geographical Indication (GI) tag in 2023. The GI status acknowledges the unique quality, reputation, and characteristics of Cumbum grapes that arise from the region's specific agro-climatic conditions and traditional cultivation practices. This recognition not only enhances market value but also opens new avenues for export-oriented growth and specialized wine production. The GI tag strengthens branding opportunities and provides legal protection against misuse of the regional name, thereby benefiting local farmers and entrepreneurs.Cultivation practices in the Cumbum region emphasize precise irrigation scheduling, staggered pruning, and canopy management to optimize yield and fruit quality. Pest and disease management is another critical component, as tropical conditions can favor the rapid spread of fungal diseases, insect pests, and viral infections. Farmers increasingly rely on integrated pest management (IPM) strategies, combining cultural practices, biological controls, and judicious use of agrochemicals to maintain vine health and minimize residue levels in grapes destined for wine production.Despite these advantages, several challenges remain in translating the region's dominance in table grape production into a fully developed wine industry. Issues such as high sugar levels, lower acidity, lack of specialized wine grape cultivars, limited winemaking infrastructure, and inadequate technical knowledge of enology pose constraints. Addressing these challenges through research, technological interventions, and policy support is essential for realizing the full potential of Cumbum grapes in wine agriculture.In conclusion, the Cumbum Valley stands as a successful model of tropical viticulture in India. Through adaptive cultivation methods, farmer innovation, and growing institutional recognition, the region demonstrates that high-quality grapes suitable for value-added applications, including wine production, can be produced outside traditional temperate zones. Continued investment in research and processing technologies will be key to strengthening Cumbum's position in the emerging Indian wine landscape.

**Geographic and Climatic Overview**

**Cumbum Valley  Location and Environment**

Cumbum Valley lies in the rain shadow region of the Western Ghats in Theni district, Tamil Nadu, India. The valley benefits from fertile alluvial soils and moderate tropical conditions with adequate water availability from irrigation systems. These environmental factors collectively favor grape cultivation under tropical conditions.

**Climate Patterns and Growing Seasons**

Unlike many grape-growing regions that have specific harvest seasons, Cumbum's climatic setting enables year-round cultivation. Farmers in the valley can harvest grapes multiple times annually up to five crops in two years under certain management practices  enabling continuous production that is rare globally.

These conditions have catalyzed innovative pruning and cultivation schedules and make Cumbum an instructive example of perennial viticulture adapted outside traditional Mediterranean climates.

**Varieties and Their Role in Wine Cultivation**

**Dominant Cultivars**

The **Muscat Hamburg** variety (*panneer thiratchai*) is the primary cultivar grown in Cumbum, representing around 85–90% of the grape area in Tamil Nadu. It is favored for its quick growth, early maturity, and year-round availability. Seedless varieties such as Thompson Seedless, Tas-A-Ganesh, Sonaka, and Sharad Seedless are also cultivated, and recently, other varieties like *Red Globe*, *Crimson Seedless*, *Fantasy Seedless*, and French wine cultivars (e.g., Merlot, Shiraz, Cabernet Sauvignon, Pinot Noir, and Chardonnay) are being introduced to explore diversified production including higher quality wine grapes.

**Implications for Wine Production**

Although the Muscat Hamburg is traditionally a table grape, its high sugar content, aromatic profile,

and flavor potential make it suitable for producing certain styles of wine  especially sweet and fortified variants. Efforts to cultivate classical wine grape varietals further support the development of a local wine industry.

### Viticulture Practices in Cumbum Theni

#### Soil and Site Preparation

Grapevines thrive on well-drained soils. In Cumbum, soil fertility and irrigation practices are optimized to balance water availability with drainage, reducing risks of root diseases and promoting vigorous vine growth. Site selection typically involves gentle slopes with adequate sun exposure.

#### Training and Trellising

Grapevines in the region are typically trained on trellis systems that support vertical growth and improve sunlight penetration and air circulation  essential for both grape quality and disease management. Pruning schedules are adjusted based on seasonal patterns to avoid overproduction and to encourage consistent yields.

#### Staggered Pruning and Multiple Cropping

One of the most distinctive aspects of viticulture in Cumbum is the practice of staggered pruning which supports multiple harvests in a year. Unlike traditional systems that prune once annually, staggered or phased pruning allows continuous vegetative growth and flowering, enabling multiple cropping cycles. This technique has been shown to produce up to five crops in two years and is significant in maximizing productivity in the region’s climate.



Figure 1: Greap wine saplings

#### Propagation and Rootstock Techniques

Adoption of disease-resistant and vigorous rootstocks, such as Dogridge, particularly where soil salinity and moisture stresses occur, has improved vine resilience and yield performance. These rootstocks help counter soil and water challenges and have been distributed widely through research station initiatives.

#### Water Management and Irrigation

Efficient irrigation scheduling ensures adequate moisture during key phenological stages, reducing water stress and promoting consistent berry development.
In the tropical context of Theni, optimizing irrigation cycles also helps manage heat stress and supports grape sugar accumulation  a critical component for wine grape quality.

### Pest and Disease Management

#### Fungal Disease Challenges

Grapes in the tropics often face pressure from fungal diseases such as downy mildew, powdery mildew, and anthracnose. Local farmers traditionally resorted to frequent fungicide applications during monsoon and winter periods to control outbreaks. Research interventions have introduced improved cultural practices, including reduced pruning frequency and canopy management, to minimize disease incidence.

#### Integrated Pest Management (IPM)

The introduction of Integrated Pest Management (IPM) practices, combining resistant rootstocks, judicious chemical usage, and enhanced sanitation measures, is slowly gaining traction. Although chemical control remains common, there is an increasing awareness of sustainable and organic approaches suited for quality wine grapes.

### Technology and Innovation in Cultivation

#### Rain Net Technology

To protect grapes from moisture-induced fungal attacks, several vineyards have adopted rain net technology, covering vineyards with mesh nets that reduce direct rainfall impact and lower humidity around grape clusters. This innovation has shown promise in reducing disease incidence and

improving grape quality and yield.

### Research Support and Extension Services

The Tamil Nadu Agricultural University's Grape Research Station, established in Theni, provides training, improved rootstocks, and guidance on advanced agronomic practices. Demonstration farms and farmer training programs help disseminate knowledge on optimal pruning, fertilization, and pest management strategies.

### Harvesting and Post-Harvest Practices

### Harvest Timing and Techniques

Determining the optimal harvest time is crucial for balancing sugar accumulation and acidity especially important for wine grapes. In Cumbum, staggered harvesting allows farmers to capture fruit at different maturation stages to suit diverse markets such as table grapes, raisins, juice, and wine production.

### Post-Harvest Handling

Post-harvest practices focus on minimizing damage during handling and transport. Rapid cooling and careful sorting are critical, especially for wine production where fruit quality directly impacts fermentation outcomes.

### Translating Cultivation into Wine Production

### The Emerging Cumbum Wine Industry

Cumbum Valley's first winery established at Anamalayanpatti uses modern technology and French expert collaboration to produce various wine styles from local grapes. Despite initial perceptions that table grapes were unsuitable for winemaking, local efforts have demonstrated that Muscat and Thomson grapes can produce acceptable wine, especially when enriched with varietals better suited for fermentation.

### Quality Considerations for Wine Grapes

For wine production, quality is determined by sugar content (Brix levels), acidity balance, phenolic compounds, and aromatic profile. While table grapes like Muscat Hamburg provide sugar and aroma, cultivation practices that focus on moderate yields and careful ripening can enhance wine quality. Trials with traditional wine varieties such as Shiraz and Cabernet Sauvignon further broaden the potential for producing premium wines.



Figure 2: Harvested Grapes

### Challenges and Future Prospects

### Market and Infrastructure Limitations

Despite high production and GI recognition, Cumbum growers face challenges in accessing international markets and establishing robust local wine industries. Lack of infrastructure for large-scale wineries, cold chain facilities, and value-added processing units inhibits growth.

### Policy and Support Needs

Policy support through subsidies, improved marketing channels, quality control labs, and training programs can accelerate the region's transition from table grape dominance to a competitive wine production hub. Collaborative efforts with state agricultural departments and private actors could unlock economic value.

### Sustainability and Climate Resilience

Climate change presents uncertainties for tropical viticulture. Strategies such as drought-tolerant rootstocks, improved water harvesting systems, and organic IPM methods will be crucial to building resilience. Additionally, embracing sustainable viticultural practices aligns with global wine industry trends and consumer preferences.

### Conclusion

The Cumbum-Theni region, located in the southern part of India, has emerged as a remarkable example of how tropical viticulture can be transformed through



a combination of traditional knowledge and modern scientific approaches. Unlike temperate regions, tropical areas face unique challenges in grape cultivation, including high temperatures, variable rainfall, and the prevalence of pests and diseases. In response, growers in Cumbum-Theni have adopted innovative strategies that allow for continuous, year-round grape production while maintaining quality suitable for wine making.A key aspect of this success is the use of adaptive pruning techniques. By carefully timing and structuring vine pruning, growers can manipulate the growth cycles of grapevines, inducing flowering and fruiting multiple times within a year. This approach, coupled with the practice of multiple cropping, ensures that grapes are available throughout the year rather than in a single seasonal harvest. In addition, the strategic selection and use of advanced rootstocks have enhanced the resilience of vines against soil-borne diseases and adverse climatic conditions. Rootstocks not only improve vine health but also optimize nutrient and water uptake, which directly contributes to higher yields and better fruit quality.

Another critical factor in the region's viticultural success is targeted disease management. Tropical conditions often favor fungal and bacterial diseases, which can significantly reduce grape productivity and affect wine quality. Farmers in Cumbum-Theni have implemented integrated pest and disease management practices, combining traditional observation with modern chemical and biological treatments to minimize losses. This careful attention to vine health ensures consistent production of high-quality grapes suitable for vinification. Beyond cultivation, the region has witnessed the development of winery infrastructure and the acquisition of Geographical Indication (GI) recognition for local grape varieties, such as Panneer Thiratchai. This recognition not only adds commercial value but also enhances the market appeal of Cumbum wines, both domestically and internationally. By leveraging these advantages, the region exemplifies a successful model of value-added agriculture, where primary production is directly linked to processing and market opportunities.Looking forward, continued research and supportive policies will be crucial for sustaining and enhancing this progress. Focus areas include improving wine quality, expanding market access, promoting sustainable practices, and developing strategies for climate resilience. By addressing these priorities, Cumbum-Theni can strengthen its position as a competitive tropical wine-producing region, offering insights and lessons for other similar regions globally. The synergy of local expertise and scientific innovation positions Cumbum-Theni as a pioneering example of tropical viticulture and value-added agriculture.

## References


*Adityan, S., Dhamodharan, T., Rajasekaran, R., & Pangayar Selvi, R.* (2021). Advancement in Knowledge and Adoption of Grape Growing Farmers in Theni District of Tamilnadu. **Asian Journal of Agricultural Extension, Economics & Sociology, 39(11), 286–294**. https://doi.org/10.9734/ajaees/2021/v39i1130753

*Jayalakshmi, C., Saraswathy, S., Subbiah, A., Ilamurugu, K., & Balachandar, D.* (2019). Evaluation of wine varieties of grapes (Vitis vinifera L.) during winter pruning under Cumbum valley conditions of Tamil Nadu. **Journal of Pharmacognosy and Phytochemistry, 8(3), 3770–3773.**

*Khadatkar, A., Sawant, C.P., Thorat, D., Gupta, A., Jadhav, S., Gawande, D., & Magar, A.P.* (2025). A comprehensive review on grapes (Vitis spp.) cultivation and its crop management. **Discover Agriculture, 3, Article 9.** https://doi.org/10.1007/s44279-025-00162-2

ഡോ. വിശാൽ ജോൺസൺ
യൂണിയൻ ക്രിസ്ത്യൻ കോളേജ്, ആലുവ

# വയലാർ: അപരന്റെ ജീവിതംതൊട്ട വിപ്ലവനാടകഗാനങ്ങൾ

സഹൃദയസമൂഹത്തിൽ ജനപ്രിയമാനങ്ങൾ സൃഷ്ടിച്ച കവിയും ഗാനരചയിതാവുമാണ് വയലാർ രാമവർമ്മ. വയലാർ രാമവർമ്മയുടെ നാടകഗാനങ്ങളിലെ സമരോത്സുകജീവിതത്തെ, വിപ്ലവാത്മകതയെ വിശകലനം ചെയ്യുക എന്നതാണ് ഈ ലേഖനത്തിലൂടെ ശ്രമിക്കുന്നത്. അമ്പതുകളുടെ ആരംഭത്തോടുകൂടിയാണ് വയലാർ രാമവർമ്മ ഗാനരചയിതാവ് എന്ന നിലയ്ക്ക് പ്രശസ്തനാവുന്നത്. ആയിരത്തി തൊള്ളായിരത്തി അമ്പത്തിയേഴിൽ തിരുവനന്തപുരം പാളയത്ത് നിർമ്മിച്ച സ്വാതന്ത്ര്യസമര രക്തസാക്ഷി മണ്ഡപത്തിന്റെ ഉദ്ഘാടനച്ചടങ്ങിൽ അവതരിപ്പിക്കുവാനായി "ബലികുടീരങ്ങളേ, ബലികുടീരങ്ങളേ, സ്മരണകളിരമ്പും രണസ്മാരകങ്ങളേ" എന്നാരംഭിക്കുന്ന വിപ്ലവാത്മകമായ ഗാനം വയലാർ രചിച്ചു. ദേശീയ സ്വാതന്ത്ര്യസമരത്തെക്കുറിച്ചുള്ള ഈ ഗാനത്തിൽ വയലാർ എഴുതിയത് 'പൊൻകൊടി' എന്നായിരുന്നു. പിൽക്കാലത്ത് കെ.പി.എ.സി.യുടെ അവതരണഗാനമായി തെരഞ്ഞെടുത്തതോടെയാണ് റെക്കോർഡിങ്ങിൽ 'ചെങ്കൊടി' എന്നാക്കി മാറ്റിയത്. ആ മാറ്റം പാട്ടിലെ രണവീരത്തെ ജ്വലിപ്പിക്കുകയും കൂടുതൽ ജനകീയമാക്കുകയും ചെയ്തു. പല നാടകങ്ങളുടെയും ഇടവേളകളിലും മറ്റുസന്ദർഭങ്ങളിലും ആലപിക്കപ്പെട്ടതിലൂടെ മലയാളികളിലാകെ പുത്തനുണർവ് പ്രകടിതമാകുന്ന ഒരു സ്വരശില്പമായി ഈ ഗാനം പ്രചരിച്ചു പോരുന്നു.

"തുടിപ്പു നിങ്ങളിൽ നൂറ്റാണ്ടുകളുടെ ചരിത്രമെഴുതിയ ഹൃദയങ്ങൾ കൊളുത്തി നിങ്ങൾ തലമുറതോറും കെടാത്ത കൈത്തിരിനാളങ്ങൾ നിങ്ങൾ നിന്ന സമരാങ്കണഭൂവിൽ നിന്നണിഞ്ഞ കവചങ്ങളുമായി വന്നു ഞങ്ങൾ മലനാട്ടിലെ മണ്ണിൽ നിന്നിതാ പുതിയ ചെങ്കൊടി നേടി" – ചരിത്രത്തിന്റെ ഭാഗമായി മാറിയ ഒരു പോരാട്ടത്തിന്റെ ആവേശമുണർത്തുന്ന ഓർമ്മകളും ഇന്ത്യയുടെ സമ്പന്നമായ ഭൂപ്രകൃതിയും സംസ്കൃതിയുമെല്ലാം ഈ വരികളിൽ കടന്നുവരുന്നു. മണ്ണിനോട് മല്ലിടുന്ന തൊഴിലാളികളുടെ ഹൃദയമിടിപ്പ് ഈ ഗാനത്തിന്റെ താളമായി പരിവർത്തനപ്പെടുന്നു. പാവപ്പെട്ട തൊഴിലാളിയുടെ വിയർപ്പിന്റെ മണമുള്ള പാട്ടെന്നാണ് ഈ ഗാനത്തെ കെ.എസ്. ജോർജ് വിശേഷിപ്പിച്ചിട്ടുള്ളത്.

സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള പോരാട്ടത്തിന്റെ അവസാന നാളുകളിൽ നമ്മുടെ നാട്ടിൽ ബീജാപാപം ചെയ്യപ്പെട്ട വിപ്ലവാശയങ്ങൾ ഉൾക്കൊണ്ട് നിരവധി നാടകങ്ങൾ സ്വാതന്ത്ര്യത്തിനുമുമ്പ് അവതരിപ്പിക്കപ്പെട്ടു. സമൂഹത്തിൽ പുരോഗമനാശയങ്ങളോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുവാനും ജനപങ്കാളിത്തം സാധ്യമാക്കുവാനും അത് സഹായകമായി. ഇത്തരത്തിൽ നമ്മുടെ നാടകസങ്കല്പങ്ങളെ പൊളിച്ചെഴുതിക്കൊണ്ട് വിപ്ലവകരമായ




ഒരു പരിവർത്തനം ഭാവതലത്തിൽ വരുത്തിയ സമിതിയാണ് കെ.പി .എ.സി. കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വിപ്ലവോന്മുഖമായ ആശയപ്രചാരണത്തിന് കലയും സാഹിത്യവും മുഖ്യ ഉപാധികളായി സ്വീകരിച്ചതിന്റെ നേട്ടം മലയാള നാടകവേദിക്ക് ലഭിച്ചു എന്നതും വസ്തുതയാണ്.

കാലാനുസൃതമായ മാറ്റങ്ങളിലൂടെ അവതരണശൈലിക്ക് പുതുമ വരുത്തുന്നതോടൊപ്പം സാധാരണ ജനങ്ങളെ നാടകകലയുമായി കൂടുതൽ ബന്ധപ്പെടുത്താനും കെ.പി.എ.സി.ക്ക് കഴിഞ്ഞു. പശ്ചാത്തലമേളങ്ങളോടെയുള്ള സംഗീതം നാടകീയമുഹൂർത്തങ്ങളെ ഉണർവുള്ളതാക്കാൻ ഉപയോഗിച്ചു. നാടൻപാട്ടുകളുടെ താളവും ഊർജ്ജവുമുള്ള തനി മലയാളഗാനങ്ങളും നാടകത്തിന്റെ കഥയ്ക്കനുരണമായ സീനുകളും കട്ടൗട്ടുകളും ഉപയോഗിച്ച് പ്രമേയപരമായി, സാമൂഹ്യപരിവർത്തനോപാധിയായി നാടകത്തിന്റെ ഭാഷയെ ലളിതവത്കരിച്ച് നിരക്ഷരർക്കുകൂടി മനസ്സിലാക്കത്തക്ക വിധത്തിൽ കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കെ.പി.എ.സി.യെയും, കെ.പി.എ.സി. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെയും വളർത്തുന്നതിൽ പ്രധാന പങ്കുവഹിച്ചു. വയലാർ രാമവർമ്മയെപ്പോലെയുള്ള കവികൾ കെ.പി.എ.സി.യുടെ നിർണായക ശക്തിയായിരുന്നു.

കെ.പി.എ.സി.യുടെ അശ്വമേധം മുതൽക്കുള്ള കുറെയേറെ പ്രശസ്തമായ നാടകങ്ങൾക്ക് വയലാർ ഗാനങ്ങൾ രചിക്കുകയുണ്ടായി. തുലാഭാരം, ഇന്നലെ ഇന്ന് നാളെ, മാനസപുത്രി, യന്ത്രസുദർശനം, നമ്മളൊന്ന്, സ്വർഗ്ഗം നാണിക്കുന്നു എന്നീ നാടകങ്ങളിലെ ഗാനങ്ങളിൽ വയലാർ സമരോത്സുകജീവിതത്തിന്റെ വിപ്ലവാംശങ്ങളെ അണിനിരത്തുന്നു. ചലച്ചിത്രഗാനരചയിതാവ് എന്ന നിലയ്ക്ക് തിരക്കേറിയ കാലഘട്ടത്തിലാണ് നാടകഗാനങ്ങൾ എഴുതുവാൻ വയലാർ രാമവർമ്മ കെ.പി.എ.സി.യിൽ എത്തിക്കൊണ്ടിരുന്നത്.

"തലയ്ക്കു മീതെ ശൂന്യാകാശം
താഴെ മരുഭൂമി
തപസ്സുചെയ്യും വേഴാമ്പൽ ഞാൻ
ദാഹജലം തരുമോ?" (അശ്വമേധം)
"മാറ്റുവിൻ ചട്ടങ്ങൾ!
മാറ്റുവിൻ ചട്ടങ്ങൾ!
കുമാരകോടിയിലെ
കാവ്യകുടീരത്തിലെ
തുടിക്കും കവിയുടെ ഹൃദയമുണർത്തിയ കൊടുംകാറ്റിൽ
കൊടികളുയർത്തുക നമ്മൾ (തുലാഭാരം)

ചെങ്കൊടി കൈയിലെടുക്കൂ- മാലേ,
ഈ തലമുറയേ നയിക്കൂ
പിഞ്ഞിപ്പൊട്ടിയ കൊടിയുടെയിഴകൾ
തുന്നിച്ചേർക്കൂ നീ- തുന്നിച്ചേർക്കൂ!"

(ഇന്നലെ ഇന്ന് നാളെ) തുടങ്ങിയ കെ.പി.എ.സി. നാടകഗാനങ്ങൾ ഒരുകാലത്ത് സഹൃദയപ്രീതി നേടുകയുണ്ടായി.

കെ.പി.എ.സി.യിലേക്ക് വരുന്നതിനു മുമ്പുതന്നെ പാടിപ്പതിഞ്ഞ നിരവധി നാടകഗാനങ്ങളുടെ രചയിതാവായിക്കഴിഞ്ഞിരുന്നു വയലാർ. 'നമ്മളൊന്ന്' എന്ന നാടകത്തിന്റെ ജനപ്രീതിയെ പിന്തുണയ്ക്കുന്നതിൽ




വയലാറിന്റെ ഗാനങ്ങൾക്ക് ശക്തമായ പങ്കുണ്ട്. 'നമ്മളൊന്ന്' എന്ന നാടകത്തിലെ "പാവങ്ങൾ പാടണ് പാടണ്

പുതിയൊരു ലോകം വരണന്നേ
നാടൊക്കെപ്പാടണ് പാടണ്
നമ്മടലോകം വരണന്നേ!
മാടങ്ങള് മിഴികൾ വിടർത്തണ്
നാട്ടു കിലുങ്ങിയുണർന്നെന്നേ"

എന്ന ഗാനം അധ:സ്ഥിതരായ തൊഴിലാളിവർഗ്ഗങ്ങളോടുള്ള വിപ്ലവാഹ്വാനമാണ്. സംഘടിതതൊഴിലാളിവർഗ്ഗപ്രതിരോധങ്ങളുടെ ആകെത്തുകയായി ഗാനം പരിവർത്തനപ്പെടുന്നു. തുടർന്നങ്ങോട്ട്

"തലമുറ തലമുറ കരളുകളിൽ, പൊ-
ന്നലരുകൾ ചൂടിയ നിനവുകളിൽ
തളരാതങ്ങനെ മണ്ണിനുവേണ്ടി-
ത്തലമുറളുകിയ വേർപ്പുകളിൽ,
ഒരു നവകേരളമുയരുകയാ-
ണ്ടിരുളകലുകയാ,ണണിചേരുക
നാം" എന്നാണ് വയലാർ ആഹ്വാനം ചെയ്യുന്നത്.

നമ്മളൊന്ന് എന്ന നാടകത്തിലെ ത്തന്നെ 'കാഹളമൂതുക നാം' എന്നു തുടങ്ങുന്ന ഗാനം ഇത്തരത്തിലുള്ള മറ്റൊരു സമീപനമാണ്. ജീവിതം, മോചനം, കല, കേരളം എന്നിവയ്ക്കു വേണ്ടിയുള്ള കാഹളമൂതുക എന്ന് പ്രഖ്യാപിച്ചതിനുശേഷം വിപ്ലവകേരളത്തിന്റെ കാഹളമൂതുക എന്നാണ് വയലാർ ഉറക്കെപ്പറയുന്നത്.

"കയറുപിരിക്കും തൊഴിലാളികളേ,
കാടുതെളിക്കും പണിയാളുകളേ,
പാട്ടുക നവയുഗസൈനികരേ, യുവ-
ഗായകരേ, ജനനായകരേ-
വേദനതിന്നും നാമൊന്നല്ലേ?
വിശന്നുവീഴും നാമൊന്നല്ലേ?"

എന്ന വരികൾ ശ്രദ്ധേയമാണ്.

സമൂഹത്തിന് പൊതുവേ സ്വീകാര്യമായ മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുക, അവയെ പുന:സ്ഥാപിക്കുക എന്നതാണ് എല്ലാ വിപ്ലവങ്ങളുടെയും ധാർമികവശം. വിപ്ലവകാരികളുടെ അവകാശവാദങ്ങളെ നിലവിലുള്ള അധികാരിവർഗം നിഷേധിക്കുന്നപക്ഷം അതിനെതിരെയുള്ള ചെറുത്തുനിൽപ്പുകൾ രാഷ്ട്രീയവിപ്ലവങ്ങളിലും രാഷ്ട്രീയേതരവിപ്ലവങ്ങളിലും ഒരുപോലെ പ്രസക്തമാണ്. ഈ സന്ദർഭത്തിൽ മാർക്സിസത്തിന് വിപ്ലവപ്രസ്ഥാനത്തിലുള്ള ഉന്നതസ്ഥാനം പ്രത്യേകം പ്രസ്താവയോഗ്യമാണ്. മർദിത- ചൂഷിതവർഗത്തെ മർദകരിൽനിന്നും വിമുക്തരാക്കുക എന്ന പരമമായ ലക്ഷ്യം എക്കാലത്തും എല്ലാ സമൂഹങ്ങളും അംഗീകരിച്ചിട്ടുള്ളതാണ്. എന്നാൽ ഭൗതികവാദത്തെ അടിസ്ഥാനമാക്കിയുള്ള സമീപനത്തിനും അഭിപ്രായവ്യത്യാസങ്ങളുമുണ്ട്. എന്നിരുന്നാലും മാർക്സിസത്തിന് ഇന്ന് ലോകത്തെമ്പാടുമുള്ള സ്വാധീനം ഈ തത്വത്തോട് സമൂഹത്തിന് പൊതുവിലുള്ള അംഗീകാരം പ്രകടമാക്കുന്നുണ്ട്. ഈയവസരത്തിലാണ് വയലാറിന്റെ വിപ്ലവതെരഞ്ഞെടുപ്പുകളെ നാടകംപോലുള്ള മാധ്യമങ്ങൾ പ്രയോജനപ്പെടുത്തുന്നത്.

നമ്മളൊന്ന് എന്ന നാടകത്തിലെ ത്തന്നെ 'ആ മഞ്ഞണി മാമലയിൽ' എന്ന ഗാനത്തിന്റെ അവസാന വരികൾ

"നാളത്തെ കൊയ്ത്തിനു ഞങ്ങടെ

കുഞ്ഞരിവാള് ചിരിക്കുമ്പോൾ,
നീ മിന്നുക, ഞങ്ങടെ കൊടിയുടെ
കുങ്കുമനാരേ, ചെങ്കതിരേ!" എന്നിങ്ങനെ വയലാറിന് എഴുതുവാൻ കഴിയുന്നത് ഇത്തരം ചുവടുവെപ്പുകളുടെ തുടർച്ചയാലാണ്.

'അരിവാൾ' എന്ന പ്രതീകം എത്രത്തോളം ഒരു ജനതയുടെ പ്രതിരോധവും ആവേശവും വിജയവും ആണെന്ന് 'ഇന്നലെ ഇന്ന് നാളെ' എന്ന നാടകത്തിലെ 'മുറിയരിവാളെവിടെപ്പോയെടി മൂളിയലങ്കാരീ' എന്ന ഗാനം വിളിച്ചോതുന്നു. ഒരു ചോദ്യോത്തരരൂപത്തിൽ ആഖ്യാനം നിർവഹിച്ച പ്രസ്തുതഗാനത്തിൽ അരിവാളുകൊണ്ടു കൊയ്തെടുത്ത മണിയമ്പാടത്തിലെ കറ്റകൾ കളത്തിലിട്ടു മെതിച്ചതും ലഭിച്ച നെല്ല് തമ്പ്രാൻ അറയിലിട്ടു പൂട്ടിയതും ആ തമ്പുരാനെ തെരഞ്ഞെടുപ്പിൽ നമ്മൾ തോൽപ്പിച്ചതും നമ്മൾ ചെങ്കൊടി ചൂടിനടന്നതും ആ ചെങ്കൊടി നമ്മുടെ സർക്കാരിവിടെ ഉയർത്തിയതും ആ സർക്കാര് പുലയന് ഭൂമി പതിച്ചുനൽകിയതും ആ ഭൂമിയിലാണ് നമ്മൾ വിത്തുവിതച്ച് കൊയ്ത്ത് പുത്തരിച്ചോർ ഉത്പാദിപ്പിച്ച് മീനംകൂട്ടിയുണ്ടത് എന്നിങ്ങനെ പോകുന്ന ആ വരികൾ. ഇതിനെല്ലാം നിദാനമായ ആ അരിവാൾ എപ്രകാരമാണ് ഒരു ജനതയുടെ സ്വത്വാടയാളമാകുന്നതെങ്ങനെയെന്ന് വയലാർ ദൃഷ്ടാന്തപ്പെടുത്തുന്നു.

'സ്വർഗ്ഗം നാണിക്കുന്നു' എന്ന നാടകത്തിൽ ചെങ്കൊടിയേന്തിയ മനുഷ്യൻ പുരോഗമനാശയങ്ങളുടെ



വക്താവാണെന്നും ഭൂമിയുടെ പുരോഗതിയിൽ സ്വർഗ്ഗം എന്ന സങ്കല്പംപോലും നാണിക്കുന്നുവെന്നും വയലാർ പ്രസ്താവിക്കുന്നു. ഇത് വ്യവസ്ഥാപിതമായ വിശ്വാസങ്ങൾക്കുമേലുള്ള ഉച്ചത്തിലുള്ള ശബ്ദങ്ങളായും പരിവർത്തനപ്പെടുന്നു.

'യന്ത്രം സുദർശനം' എന്ന നാടകത്തിലെ മൂന്നു ഗാനങ്ങളും വിപ്ലവാത്മകമായ മാർക്സിസ്റ്റ്ധാരയെ അടയാളപ്പെടുത്തുന്നവയാണ്. 'യന്ത്രം സുദർശനം' എന്നുതുടങ്ങുന്ന ആദ്യഗാനത്തിൽ

"മാനവസംസ്കാരതീർത്ഥതടങ്ങളിൽ
മനുഷ്യൻ നിർമ്മിച്ച ശില്പങ്ങൾ

അഗ്നികൊളുത്താനല്ലോ- അവ
ചെന്നടിച്ചുടയ്ക്കാനല്ലോ
അദ്ധ്വാനത്തിൻ കൈകളിലീ
അരിവാളും ചുറ്റികയും" എന്നാണ് രചിച്ചിരിക്കുന്നത്.

'വിജയം വരെ സമരം' എന്ന ഗാനത്തിൽ വിപ്ലവകരമൊരു വ്യവസായയുഗം വിടരുംവരെയുള്ള സമരത്തിൽ മനുഷ്യശക്തി മൂലധനമായും മാർക്സിസം പോരാളികളുടെ കവചമായും ചിത്രീകരിച്ചിരിക്കുന്നു. ഇത് ബ്യൂറോക്രസിക്കെതിരെയും ബൂർഷ്വാസിക്കെതിരെയുള്ള തൊഴിലാളികളുടെ സമരമായും നിർണയപ്പെടുത്തുന്നു.

'തൊമ്മനു പോയാൽ തൊപ്പിപ്പാള' എന്ന ഗാനത്തിൽ

"പട്ടിണിത്തടവുകാരേ
ഒറ്റക്കെട്ടായി നിൽക്കുക നിങ്ങൾ
ഒരേ കൊടിക്കീഴിൽ
വെട്ടിമാറ്റുക വേലിക്കെട്ടുകൾ
പൊട്ടിച്ചെറിയുക ചങ്ങലകൾ
കൈച്ചങ്ങലകൾ
മനുഷ്യവംശമൊരിക്കൽ കേട്ടൊരു-
ലെനിന്റെ ആഹ്വാനം- ഇത്
ലെനിന്റെ ആഹ്വാനം" എന്നു പ്രസ്താവിക്കുന്നതിലൂടെ വയലാർ തന്റെ കമ്മ്യൂണിസ്റ്റ് വിപ്ലവാശയങ്ങളെ ഒരിക്കൽക്കൂടി ഊട്ടിയുറപ്പിക്കുകയാണ് ചെയ്യുന്നത്.

'മാനസപുത്രി' എന്ന നാടകത്തിലെ ഒരു ഗാനം 'വയലാർ' എന്ന ഗ്രാമത്തിന്റെ വിപ്ലവാത്മകചരിത്രത്തെക്കുറിച്ചുള്ളതാണ്.

"വയലാർ വയലാർ!
വയലാറിതു വയലാർ!
കയറുപിരിക്കും തൊഴിലാളികളുടെ
വയലാർ
കർഷകരുടെ വയലാർ! അവർ
വിപ്ലവച്ചെങ്കൊടികളുയർത്തിയ
വയലാർ
ഇതു വയലാർ!
ചരിത്രമാദ്യം തിരുത്തിയെഴുതിയ
വയലാർ-സ്ഥിതി-
സമത്വശംഖൊലിയാദ്യമുയർത്തിയ
വയലാർ!
ഭാരതത്തിനു മാനസപുത്രി
കേരളത്തിനു കൊച്ചനുജത്തി

ഭാവിയുഗങ്ങൾക്കാധാരമാം ജനയിത്രി! - ആയിരത്തി തൊള്ളായിരത്തി നാൽപ്പത്തിയാറിന്റെ രാഷ്ട്രീയചരിത്രത്തിലേക്ക് ഈ വരികൾ ഒരു പ്രവേശികയാകുന്നു. തിരുവിതാംകൂറിലെ രാജവാഴ്ചക്കെതിരെ ആയുധമെടുത്തു പോരാടി വീരചരമം പ്രാപിച്ച നൂറുകണക്കിനു തൊഴിലാളികളുടെപേരിൽ അറിയപ്പെടുന്ന ഗ്രാമമാണ് വയലാർ. പുന്നപ്ര-വയലാർ എന്ന് രണ്ട് ഗ്രാമങ്ങളുടെ പേരുകൾ ചേർത്തു പറയുമ്പോൾ അന്നും ഇന്നും ചരിത്രമറിയുന്നവരെ സംബന്ധിച്ച് ഓർമയിൽ എത്തുക നിറതോക്കുകളെ വാരിക്കുന്തംകൊണ്ടുനേരിട്ട ജനപക്ഷ വീരേതിഹാസമായിരിക്കും. ആ ചരിത്രനിർവഹണമാണ് ഈ വരികളിലൂടെ കാണുന്നത്. റെഡ് സല്യൂട്ട് എന്ന് അഭിവാദനം ചെയ്തുകൊണ്ടാണ് ഗാനം അവസാനിക്കുന്നത്.

കയറുപിരിക്കുന്ന തൊഴിലാളികളുടെ ഉജ്ജ്വല സമരകഥയെക്കുറിച്ചും ഈശ്വരപ്രേമം കൊതിക്കുന്ന പെണ്ണും പുരുഷനും പരസ്പരം സ്നേഹിച്ചുകൂടെന്ന വ്യവസ്ഥാപിത ശാസനത്തിന്റെ മുമ്പിൽ ജീവത്യാഗം ചെയ്ത സിസ്റ്റർ ജസീന്തയെക്കുറിച്ചും കത്രീനയുടെയും ആയിഷയുടെയും ജീവിതദുരന്തത്തെക്കുറിച്ചും കുചേലൻ കുഞ്ഞൻനായരെക്കുറിച്ചും നാഗസാക്കിയിലെ കുരിശിനെക്കുറിച്ചും തെലുങ്കാനയിലെ ദേശാഭിമാനിയായ അമ്മയെക്കുറിച്ചും മറുനാട്ടിലെ കുഞ്ഞൻമേനോനെയും തങ്കമ്മയെക്കുറിച്ചും അങ്ങനെ മാനവികതയുടെ നിരവധി മുഖങ്ങളെ മലയാളികളുടെ മുമ്പിൽ അവതരിപ്പിച്ച വയലാർ രാമവർമ്മയുടെ നാടകഗാനങ്ങളിലെ വിപ്ലവാംശങ്ങൾ ഒരു കാലഘട്ടത്തിന്റെ ചരിത്രപരതയെയാണ് വെളിവാക്കുന്നത്.

ഡോ. സന്തോഷ് വള്ളിക്കാട്
മലയാളവിഭാഗം, എൻ.എസ്.എസ്. കോളേജ്, മഞ്ചേരി

# റാപ്പ്- ശബ്ദമില്ലാത്തവന്റെ ശബ്ദം

താളവും കവിതയും ഒത്തുചേർന്ന സംഗീതം മനുഷ്യ മനസ്സിനെ വല്ലാതെ സ്വാധീനിക്കും എന്നതിന്റെ തെളിവാണ് റാപ്പ് സംഗീതം. മനുഷ്യൻ അവന്റെ വികാരവിചാരങ്ങളെ ആവിഷ്കരിക്കാൻ വൈവിധ്യമാർന്ന നിരവധി സങ്കേതങ്ങളെ സ്വീകരിക്കാറുണ്ട്. അതിൽ വേദനിക്കുന്നവന്റെയും അടിച്ചമർത്തപ്പെട്ടവന്റെയും സംഗീതമാണ് റാപ്പ്. രാഷ്ട്രീയമായ അനീതികൾ, അതിക്രമങ്ങൾ, സാമൂഹിക അസമത്വങ്ങൾ, തിന്മകൾ, ദാരിദ്ര്യം ഇവയൊക്കെ പറയാനുള്ള സംഗീതമായി റാപ്പ് വളരുകയായിരുന്നു. 1970 കളുടെ തുടക്കത്തിൽ ആഫ്രിക്കൻ അമേരിക്കൻ ലാറ്റിനോ യുവാക്കളുടെ ഇടയിൽ ന്യൂയോർക്കിലെ ബ്രാങ്ക്സിൽ നിന്നാണ് ഇതിന്റെ തുടക്കം. താളാത്മകമായി പറയുന്ന ഈ സംസാര ശൈലി ക്രമേണ സംഗീതവുമായി ചേർന്ന് മനുഷ്യന്റെ ദുരനുഭവങ്ങളും സ്വപ്നങ്ങളും പ്രതീക്ഷകളും ആവിഷ്കരിക്കുന്നതിനുള്ള ശക്തമായ വേദിയായി മാറി.

സംഗീതത്തോടൊപ്പം സാഹിത്യ ഭംഗിയാണ് റാപ്പിന്റെ ആകർഷണീയത. വൃത്തവും അലങ്കാരവും നോക്കാതെ താളാത്മകമായി അർത്ഥമുള്ള വാക്കുകൾ കോർത്തിണക്കി സംസാരശൈലിയിൽ അവതരിപ്പിക്കുന്ന ഈ സംഗീതം ജനപ്രിയ സംഗീതത്തിന്റെ ഉദാഹരണമാണ്. ഇന്ത്യക്കാരെ ആദ്യമായി ഈസംഗീതം പരിചയപ്പെടുത്തുന്നത് ബാബാ സൈഗാൾ എന്ന് വിളിപ്പേരുള്ള ഹർജിത്ത് സിംഗ് ആണ്. ഡ്രം ബീറ്റുകൾക്കൊപ്പം ഹിപ്പ് ഹോപ്പ് രീതിയിൽ അവതരിപ്പിക്കുന്ന പാശ്ചാത്യ കലാരൂപത്തെ അനുകരിച്ചാണ് ഈ സംഗീതം ഉണ്ടാകുന്നത്. കിഴക്കൻ ആഫ്രിക്കയുടെ സംസ്കാരത്തിലേക്ക് വിരൽചൂണ്ടുന്ന ഹിപ്ഹോപ് സംഗീതം 1970 കളിലാണ് അമേരിക്കൻ ജനതയിൽ ആരംഭിക്കുന്നത്.

നൂറ്റാണ്ടുകൾക്ക് മുമ്പ് ആഫ്രിക്കൻ ജനത കഥകൾ ചെണ്ടയുടെ പശ്ചാത്തലത്തിൽ താളാത്മകമായി പൊതുവേദികളിൽ പറയുന്ന രീതിയുണ്ടായിരുന്നു. മിക്കവാറും അവരുടെ പാർട്ടികളിലും പൊതുപരിപാടികളിലുമൊക്കെ ഇത്തരത്തിൽ സംസാരം താളാത്മകമായി ചൊല്ലുകയും കവിതകൾ വേഗത്തിൽ അവതരിപ്പിക്കുകയും മനോധർമ്മം വാക്കുകളിലൂടെ പ്രകടിപ്പിക്കുകയും ചെയ്യുന്ന രീതി സാർവ്വത്രികമായിരുന്നു. എൺപതുകളോടെ ഈ സംഗീതം ലോകരാജ്യങ്ങളിൽ എമ്പാടും വ്യാപിച്ചു. ഒട്ടുമിക്ക ഭാഷകളിലും ഈ സംഗീത രീതി ഇപ്പോൾ പ്രചാരത്തിലുണ്ട്.

ലോകത്ത് എമ്പാടും പാർശ്വവൽക്കരിക്കപ്പെട്ടവരും അരികുവൽക്കരിക്കപ്പെട്ടവരും ആത്മരോഷം ആർത്തനാദത്തിലൂടെയാണ് പ്രകടമാക്കുന്നത്. റാപ്പും അത്തരത്തിൽ ഒരു ആത്മാവിഷ്കാരമാണ്. ആത്മാവ് നഷ്ടപ്പെട്ടും വിധം ആട്ടിയോടി

ക്കപ്പെടുന്ന മനുഷ്യ ജീവിതങ്ങളുടെ ഉള്ളിൽ കത്തിജ്വലിക്കുന്ന കാട്ടുതീയുടെ ശൗര്യമാണ് റാപ്പ് സംഗീതം. അതുകൊണ്ടുതന്നെ വംശീയമായ അടിമത്വം, അസമത്വം, പട്ടിണി, ചൂഷണം  തുടങ്ങിയ സാമൂഹിക മൂല്യച്യുതികളാണ് ഇതിലെ മുഖ്യ പ്രമേയങ്ങൾ.

മലയാളത്തിലെ റാപ്പ് സംഗീതത്തിന് വലിയ പഴക്കമില്ല. പുതുതലമുറയാണ് പരീക്ഷണാടിസ്ഥാനത്തിൽ ഈ സംഗീതസപര്യ ഏറ്റെടുത്തത്.  മലയാള റാപ്പ്സംഗീതത്തിൽ നീരജ് മാധവ്, ഗൗരി ലക്ഷ്മി, ഇന്ദുലേഖ വാര്യർ, സൂരജ്, മുഹമ്മദ് ഫാസിൽ, ശംഭു അജിത്, ഫെജോ, വേടൻ എന്ന ഹിരൻദാസ് മുരളി, ഫെബിൻ ജോസഫ്, ബേബി ജീൻ തുടങ്ങിയ നിരവധി റാപ്പർമാർ സാമൂഹിക അസമത്വങ്ങളെയും ജീർണതകളെയും തുറന്നു കാട്ടുവാൻ ഫലപ്രദമായി ഇതിനെ പ്രയോജനപ്പെടുത്തി വരുന്നുണ്ട്.

സമൂഹമാധ്യമങ്ങളിൽ വൈറലായി മാറിയ ഇൻഡിപെൻഡൻസ് സോളോ മ്യൂസിക് ‘ചാക്ക് ’ മലയാളി ഹിപ്പ് ഹോപ്പ് ആർട്ടിസ്റ്റ് അശ്വിൻ സംഗീതം പകർന്ന ഗാനമാണ്. ഗാനത്തിന്റെ ബീറ്റ്സും വരികളും ആരാധകർ ഏറ്റെടുത്തു. സോഷ്യൽ മീഡിയയിൽ തരംഗം സൃഷ്ടിച്ച്  മുന്നേറി. മന്ദാകിനിയിലെ ആദ്യത്തെ ഗാനമായ ‘വട്ടേപ്പം’ വൈശാഖ് സുഗുണന്റെ വരികൾക്ക് ബിബിൻ അശോക് സംഗീതസംവിധാനം നിർവഹിച്ചതാണ്. ഇങ്ങനെ മലയാള സിനിമയിൽ പോലും ഇന്ന് റാപ്പ് സംഗീതം പ്രധാന ഇനമായി മാറിയിരിക്കുന്നു. തല്ലു മാല, കിങ്ങോഫ് കൊത്ത, ആവേശം ഉൾപ്പെടെയുള്ള സിനിമകളിൽ പാട്ടുകൾ ചെയ്ത പാട്ടുകാരനും റാപ്പറുമായ ഡബ്സിയുടെ ആവേശത്തിലെ ഹിറ്റ് ഗാനം ‘ഇല്ലുമിനാറ്റി’ ഇതിന്റെ ചുവടുപിടിച്ച് ഇറങ്ങിയതാണ്.





ഫെജോയുടെ
“നഞ്ചെന്റെ പോക്കറ്റിൽ പുഞ്ചെന്റെ മുതുകിൽ
നന്നായി ജീവിക്കാൻ ഇന്നായിരു പോരാ ആഹ്
മത്സരത്തിന്റെ ഇടയിൽ
ബാങ്കിന്റെ നടുവിൽ
എന്റെ ഓരോ ഇടിക്കും കൂട്ടം
ആയിരം ഔര ആഹ്”

‘ആയിരം ആരാ’ എന്ന ഗാനം ഒരുപാട് പേരുടെ ആസ്വാദനത്തെ തകിടം മറിച്ച് ഇടം നേടിയതാണ്. അതുപോലെ ‘എന്തരോ മഹാനുഭാവലു’ എന്ന മ്യൂസിക്കിൽ

“ഇഷ്ടായി ബെസ്റ്റ് ആയതൊക്കെ ലോസ്റ്റ് ആയി
അമ്പിനും വില്ലിനും അടുക്കാത്ത ഒരെണ്ണം വന്നു കേറിയപ്പോൾ കഷ്ടായി”
എന്നിങ്ങനെ മനോഹരമായ വരികളിലൂടെ പാട്ടുപറച്ചിൽ ഹൃദയത്തിലേക്ക് തുളച്ച് കയറുന്നുണ്ട്.
“പച്ച പരിഷ്ക്കാരി
പച്ച മലയാളി
ബൂർഷ്വാ മുതലാളി
മദ്യം മദിരാക്ഷി
വായെടുത്താൽ വായാടി
വാക്കെടുത്താൽ വാക്കത്തി
പോരെടുത്താൽ പോരാളി
തോക്കെടുത്തിട്ട് ഠൂർ ഠൂർ ....”

തിരുമലൈയുടെ ‘പച്ചപരിഷ്ക്കാരി’ എന്ന ഈ റാപ്പ് ആദർശ് അജിത്തിനൊപ്പം ജെയ് സ്റ്റെല്ലറും ചേർന്ന് ഒരുക്കിയതാണ്. മലയാളിയുടെ ആധുനിക സാമൂഹിക ജീവിതത്തെ ഫലിതരസത്തിൽ വിമർശന വിധേയമാക്കുന്നതാണ് ഈ റാപ്പ്.

ഹാബിഷ് റഹ്മാൻ സംഗീതത്തിൽ അറിയപ്പെടുന്നത് ബേബി ജീൻ എന്നാണ്. കായി, ബല്ലാത്ത ജാതി, ബന്ധന, കൊമ്പൻ, തലക്കനം, പടച്ചട്ട തുടങ്ങിയ ഒട്ടേറെ ഹിറ്റ് റേപ്പുകളുടെ ശില്പിയാണ് അദ്ദേഹം.

ഇപ്പോൾ മലയാളത്തിലെ ഏറ്റവും പ്രിയങ്കരനായ റാപ്പിസ്റ്റ് വേടനാണ്. കുതന്ത്രം, വീരൻ, ഉറങ്ങട്ടെ , ശബ്ദമില്ലാത്തവന്റെ ശബ്ദം, തെരുവിന്റെ മോൻ തുടങ്ങി നിരവധി ഗാനങ്ങൾ ഹിറ്റായിട്ടുണ്ട്. ജാതി വിവേചനവും വർഗ്ഗ പോരാട്ടവും സാമൂഹിക അനീതിയും നിലനിൽക്കുന്ന സമൂഹത്തിന്റെ പ്രതിനിധിയാണ് ഹിരൺ മുരളി എന്ന വേടൻ. 2020 ൽ ഇറങ്ങിയ ‘വോയിസ് ഓഫ് ദി വോയ്സ്‌ലസ്’ ആണ് ആദ്യമായി ഹിറ്റ് ആകുന്നത്. ‘ഭൂമി ഞാൻ വാഴുന്നിടം’ പാഠപുസ്തകത്തിലെത്തിയതോടെ ഏറെ വിവാദമാവുകയും ഉണ്ടായി.

“ആമസോൺ വീര
നിന്നുടെ മാറ് തുളഞ്ഞതിൽ കാട് കരഞ്ഞു
ആഫ്രിക്കൻ പോർക്കളങ്ങളിൽ
ആൺമകനയിരിനായ് അമ്മ കരഞ്ഞു
ആർട്ടിക്കിൽ പനിമലയുരുകി
കടലുനിറഞ്ഞതിൽ കരകൾ മറഞ്ഞു
ന്യൂയോർക്കിൽ മണ്ണിൻ മകനിൻ
മൂച്ച് നിലച്ചതിൽ പോര് നടന്നു
പാലസ്ഥീൻ പലനൂറായി
പലായനം ഒരു പതിവായ് മാറീ
..................................
ഐലൻ നിൻ കുഞ്ഞിക്കാലുകൾ
കണ്ണീർ കടലിൻ ആഴമളന്നു
ഭൂമീ ഞാൻ വാഴുന്നിടം

അനുദിനം നരഗമായ് മാറുന്നിടം"

യുദ്ധം, മനുഷ്യാവകാശ ധ്വംസന ങ്ങൾ, പലായനങ്ങൾ,അഭയാർഥി കളുടെ ദുരിതങ്ങൾ, വംശീയത,ആ ഭ്യന്തര സംഘർഷങ്ങൾ തുടങ്ങി വേടന് പറയാൻ ഏറെ ഉണ്ട്. ഭൂമി യിലെ നിസ്സഹായനായ മനുഷ്യർ അനുഭവിക്കുന്ന ആഴമുള്ള പ്രശ്നങ്ങ ളെ ഈ റാപ്പ് അഭിസംബോധന ചെയ്യുന്നു.

"വിയർപ്പു തുന്നിയിട്ട കുപ്പായം
അതിൽ നിറങ്ങൾ മങ്ങുകില്ല കട്ടാ യം
കിനാവുകൊണ്ടു കെട്ടും കൊട്ടാരം
അതിൽമന്ത്രി നമ്മൾ തന്നെ രാജാവും
....................................
ഒരിക്കാലും തീരാത്ത ഇരവുണ്ടല്ലോ - കൂടെ
പിറക്കാതെ പിറന്നവർ തുണയു ണ്ടല്ലോ
ഒരിക്കലും തീരാത്ത ഇരവുണ്ടല്ലോ - കൂടെ
പിറക്കാതെ പിറന്നവർ തുണയു ണ്ടല്ലോ
പെരിയാറിന്നരുമകളല്ലെ - കാൽ
തൊടും മണ്ണെല്ലാം മലിനമല്ലേ
അടയാളങ്ങൾ ഉടഞ്ഞവരല്ലേ
ശ്വസിച്ചതെല്ലാം പുകപടലമല്ലേ"

ലോകത്തെ ജനങ്ങൾ അനുഭവിക്കു ന്ന പ്രശ്നങ്ങളോടുള്ള പ്രതിഷേധവും പ്രതിരോധവുമാണ് ഈ ഗാനങ്ങ ൾ. വോയ്സ് ഓഫ് വോയ്സ് ലസ് നോക്കിയാൽ ആ കേൾവി പ്രകമ്പനം സൃഷ്ടിക്കും.

"ചെറിയ ഭൂമിയല്ലേ വിധിച്ചത് നമുക്ക്
ഉച്ചിക്കിറുക്കിൽ നിന്നുയരത്തിൽ പറക്ക്
ചേറിൽ പൂത്താലും താമര കണക്ക്
ചോറു പോരേ മണ്ണിൽ ജീവിക്കാൻ നമുക്ക്
കദന കഥയൊന്നും അറിയാത്ത കൂട്ടം
കുരങ്ങു കരങ്ങളിലോ പൂന്തോട്ടം
വയറു നിറയ്ക്കാനല്ലേ നെട്ടോട്ടം
വലയിലൊതുങ്ങാത്ത പരലിൻ കൂട്ടം

നീർനിലങ്ങളിൻ അടിമയാരുടമ യാര്
നിലങ്ങളായിരം വേലിയിൽ തിരിച്ചതാര്
തിരിച്ച വേലിയിൽ കുലം മുടിച്ചതെ ത്ര പേര്
മുതുക്കുനി തലകൾ
താണുമിനിയും എത്രനാള്
നീ പിറന്ന മണ്ണിൽ
നിന്നെന്ന കണ്ടാൽ വെറുപ്പ്
പണിയെടുത്ത മേനി
വെയിൽ കൊണ്ടേ കറുപ്പ്
നിന്റെ ചാളയിൽ എരിയുന്നില്ല അടുപ്പ്
പിഞ്ച് കുഞ്ഞവൾ അരവയറിൽ കിടപ്പ്
രാത്രി പകലാക്കി പണിയെടുത്ത് നടുവൊടിഞ്ഞ്
ചോര നീരാക്കി നീർ മുഴുവൻ വറ്റി വാർന്ന്
നാട് നഗരമാക്കി കൂട് കൂടാരമാക്കി
മണ്ണ് പൊന്നാക്കി പൊന്ന് നിനക്ക ന്യമാക്കി
പൊന്ന് കേട്ടവൻ പിടഞ്ഞ് വീണ് ചോരതുപ്പി
നീതികേട്ടവൻ ഇരുട്ടറയിൽ തല തപ്പി
പൊന്നന്നും നീതിയും വിളച്ചെടുത്ത ഭൂമിയും
വിളിച്ച് കേണ സാമിയും
വെളിച്ചമുള്ള ഭാവിയും
നീ നേടിയില്ല എങ്കിലും
നീ വാടിയില്ല
അഗ്നിയിൽ കുരുത്ത് കണ്ണീരാഴി യിൽ കുളിച്ച്
തുണ്ട് മണ്ണിനായ് കൊതിച്ച്
മണ്ണ് നിന്നെന്ന ചതിച്ച്
പിന്നിലാരോ കളിച്ച് നീതി പണ്ടെ മരിച്ച്"
ശബ്ദമില്ലാത്തവന്റെ ശബ്ദമാണ് റാപ്പ് എന്നതിന് ഇതിലപ്പുറം ഉദാ ഹരണം തിരയേണ്ടി വരില്ല. അമ ർഷവും രോഷവും സംഗീതമാകുന്ന നാളുകൾ മനുഷ്യന്റെ പച്ചയായ വെളിപ്പെടുത്തൽ കൂടിയാണ്.

"ഞാൻ പാണനല്ല
പുലയനല്ല.
നീ തമ്പുരാനുമല്ല.
ആണേൽ ഒരു മൈരുമില്ല "

എന്ന് പാടിയ വേടനെ സമൂഹം ഏറ്റെടുത്തിട്ടുണ്ട്. കണ്ടൽ എന്ന സിനിമയ്ക്ക് വേണ്ടി സാംസി സം ഗീതസംവിധാനത്തിൽ വേടൻ എഴുതി പാടിയ കൊണ്ടര സോങ്

"കടലമ്മ കരഞ്ഞല്ലേ പെറ്റത്"
സമൂഹമാധ്യമങ്ങളിൽ വിദേശത്ത് പോലും വൈറലായ ഗാനമാണ്.

"കടലമ്മ കരഞ്ഞല്ലെ പെറ്റത്
കണ്ണീരെല്ലാം അവളല്ലേ കുട്ടത്
കരയെല്ലാം കടലല്ലേ കണ്ടത്
കടലിന്റെ മക്കളാ.... കടലിന്റെ.... മക്കളാ..."

ആൻറണി വർഗീസ് വെപ്പയുടെ കൊണ്ടൽ എന്ന സിനിമയിലെ കടലമ്മ എന്ന ഗാനത്തിന് വിദേ ശികൾ വരെ ചുവടുവെച്ചിട്ടുണ്ട്. വേടന്റെ ഗാനത്തിന് സാംസിയസ് ആണ് സംഗീതം നൽകിയത്. ഇവർ രണ്ടുപേരും ചേർന്നാണ് ഗാനം ആലപിക്കുന്നത്.

"ഉപ്പ് കാറ്റിൽ മീന് മണക്കും
നടുകടലിൽ കൊണ്ടൽ
കാത്തുകൊണ്ട് ചോരമണക്കും
നാളെ കര കാണുമോ...
അതോ ഇരയാകുമോ...

കടലിൻ വെള്ളത്തിൽ വരച്ചൊരു വരയാകുമോ...

മാനം തന്നെ ഉന്നം,
ബലവാൻ ഇവനോ അവൻ തന്നെ മന്നൻ...
ഇനി നായകനോ...
ഉള്ളം കല്ലാക്കി വെള്ളത്തിൽ നാ വികനോ
കാറ്റ് മരക്കാരാനോ
പെരും കടല്ലാരാനോ..."
വേടന് എന്നല്ല സത്യം പറയുന്ന എന്തിനും ഇനിയുള്ള നാളുകളിൽ ആരാധകരുണ്ടാവും. അവർ നാളേ യ്ക്ക് വേണ്ടി പറഞ്ഞുപാടും.
"എന്റെ പേര് പെണ്ണ്.
എന്റെ വയസ് എട്ട്.
സൂചി കുത്താൻ ഇടമില്ലാത്ത ബസ്സിൽ
അന്ന് എന്റെ പൊക്കിൾ കൊടി തേടി വന്നവന്റെ പ്രായം നാൽപ്പത്"
എന്ന് പാടിയ ഗൗരിലക്ഷ്മിയുമട ങ്ങുന്ന സമൂഹമാണ് ഇനി സംഗീത ത്തെയും റാപ്പിനെയും ഏറ്റെടുക്കുന്ന ത്. ആഘോഷമാക്കി മാറ്റുന്നത്.... അവർ പാടിപ്പറയും........ പറഞ്ഞു കൊണ്ടേയിരിക്കും...

■ ഡോ. മനോജ് ടി ആർ
കേരള സർവകലാശാല സിൻഡിക്കേറ്റ് അംഗം

# ഉന്നത വിദ്യാഭ്യാസരംഗം പ്രതിരോധ വഴിയിൽ മുന്നോട്ട്...

കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ രംഗം മറ്റൊരിക്കലും അനുഭവപ്പെടാത്ത രീതിയിൽ സംസ്കൃതവത്കരണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു. സംസ്കൃതം ഒരു ഭാഷയെന്നതിനുപരി ബ്രാഹ്മണ്യത്തിന്റെ മൂല്യസംഹിതയെയാണ് പ്രതിനിധാനം ചെയ്യുന്നത്. പൗരോഹിത്യത്തിന്റെ ഗൂഢഭാഷയായി ആരംഭിച്ച് വിവിധ വൈജ്ഞാനിക തലങ്ങൾ സമാഹരിക്കപ്പെട്ട ഭാഷയായി രൂപാന്തരം പ്രാപിച്ച്, പിന്നീട് അധിനിവേശത്തിന്റെയും ചാതുർവർണ്യത്തിന്റെയും സൂചകമായി മാറുന്ന ചരിത്രമാണ് സംസ്കൃതത്തിനുള്ളത്. സംഘപരിവാറിന്റെ സങ്കുചിതമായ താല്പര്യങ്ങൾ, ദുരധികാര പ്രയോഗങ്ങൾ എന്നിവ ഇന്ന് സർവകലാശാലകളിൽ നടപ്പാകുന്നത് കേവലം ഒരു ഭാഷയിലൂടെ അല്ല. മതാത്മക സ്വഭാവമുള്ള സാംസ്കാരിക പ്രതീകങ്ങളിലൂടെയാണ്. മതേതര ജനാധിപത്യ മൂല്യങ്ങളിലൂടെ രൂപപ്പെട്ട കേരളത്തിലെ ഗവൺമെന്റ് സർവകലാശാലകളിൽ അതുകൊണ്ട് തന്നെ അധികാരത്തെ ചെറുക്കുന്ന സംഘടിത പ്രസ്ഥാനങ്ങളുടെ സജീവ സാന്നിധ്യം ഉണ്ട്. അതിൽ അസഹിഷ്ണുത പ്രകടിപ്പിച്ചിട്ട് കാര്യമില്ല. കാരണം ഇത് ഇടതുപക്ഷ പ്രസ്ഥാനം വളർത്തിക്കൊണ്ടുവന്ന നവോത്ഥാന കേരളമാണ്. ഈ സാഹചര്യത്തിൽ കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ നാൾവഴികൾ വിശകലനം ചെയ്യുന്നത് ഉചിതമായിരിക്കും.

മൂന്നാം ദേശീയ വിദ്യാഭ്യാസ നയ രൂപീകരണം കൊട്ടിഘോഷിക്കപ്പെട്ട ഒന്നായിരുന്നുവെങ്കിലും അവസാനരൂപമെത്തുമ്പോൾ നാം അതിൽ കണ്ടത് നവ ലിബറൽ ഫാസിസ്റ്റ് നയങ്ങളുടെ പ്രതിഫലനമാണ്. സേവന മേഖലയിൽ നിന്ന് ഭരണകൂടങ്ങൾ പിൻമാറുകയും അതേ സമയം അധികാരങ്ങളുടെ കേന്ദ്രീകരണം ആഞ്ഞുറപ്പിക്കുകയും ചെയ്യുക എന്നതാണ് ദേശീയ വിദ്യാഭ്യാസ നയത്തിന്റെ മുഖമുദ്ര. സർവ്വകലാശാലകളുടെ സ്വയംഭരണാധികാരത്തിൽ എല്ലാത്തരത്തിലും പിടിമുറുക്കാനാണ് ശ്രമം. നിലനിൽക്കുന്ന അഫിലിയേഷൻ സമ്പ്രദായം തകർത്തു കൊണ്ട് കേന്ദ്രീകരണം ഉറപ്പിച്ച് ജനാധിപത്യപരമായി രൂപീകരിക്കപ്പെടുന്ന സമിതികളെയാകെ നിഷ്കാസനം ചെയ്യുവാനാണ് ശ്രമം.രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വരുമ്പോൾ അത് ഭരണത്തുടർച്ചയായിട്ടാണ് വിലയിരുത്തപ്പെട്ടത്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ വിവിധ നടന്ന ഘട്ടങ്ങളിലായി പരിഷ്കാരങ്ങളുടെ നാൾവഴികൾ അതാണ് തെളിയിക്കുന്നത്.

പൊതു വിദ്യാഭ്യാസ മേഖലയെ നവകേരള മിഷനിൽ ഉൾപ്പെടുത്തി ലോകത്തിനാകെ മാതൃകയാകും വിധം മാറ്റിയെടുത്തതിന് പിന്നാലെ ഉന്നത വിദ്യാഭ്യാസ മേഖലയെ ശക്തിമത്താക്കാൻ കൂടുതൽ പൊതു നിക്ഷേപമാണ് സർക്കാർ ആദ്യഘട്ടം മുതൽ നീക്കി വയ്ക്കുന്നത്.

197 പുതിയ യുജി, പി ജി പ്രോഗ്രാമുകൾ പുതുതായി അനുവദിച്ചു. 721 അധ്യാപക തസ്തികകൾ ഉത്തരവാക്കി. ഏഴാം യു ജി സി ശമ്പള പരിഷ്കരണം സാധ്യമാക്കി. പ്രിൻസിപ്പൽമാരെ സെൽഫ് ഡ്രോയിങ്

ഓഫീസർമാരാക്കി.

1000 പുതിയ അധ്യാപക തസ്തികകൾ അനുവദിച്ചു. 30 മികവിന്റെ കേന്ദ്രങ്ങൾ സർവ്വകലാശാലകളിൽ അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുന്നു. ഇത്തരത്തിലെല്ലാം പൊതുനിക്ഷേപങ്ങൾ വർദ്ധിപ്പിച്ച് യഥാർത്ഥ ജനപക്ഷ വിദ്യാഭ്യാസ ബദൽ സൃഷ്ടിക്കുകയാണ് കേരള സർക്കാർ .

ഉന്നത വിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ മാറ്റത്തിനാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ നാന്ദി കുറിച്ചത്. നമ്മുടെ സംഘടനയുടെ മുൻ നേതാവും വിദ്യാഭ്യാസ സാമൂഹിക ക്ഷേമ വകുപ്പ് മന്ത്രിയുമായ ഡോക്ടർ ആർ. ബിന്ദു ആ ഉത്തരവാദിത്തം വേണ്ടത്ര ഗൗരവത്തോടെ ഏറ്റെടുക്കുകയും ചെയ്തു. കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ ചരിത്രം എ കെ പി സി ടി എ യുടെ ചരിത്രം തന്നെയാണ്... അതുകൊണ്ടുതന്നെ ഈ സർക്കാർ അധികാരമേറ്റെടുക്കുമ്പോൾ ഒരു ഉന്നത വിദ്യാഭ്യാസ പരിപ്രേക്ഷ്യം സർക്കാരിന് കൈമാറാൻ സംഘടനയ്ക്ക് കഴിഞ്ഞിരുന്നു. ഭരണത്തുടർച്ചയിൽ സർക്കാർ ഏർപ്പെടുത്തിയ ഉന്നത വിദ്യാഭ്യാസ മേഖലയിലെ പരിഷ്കരണങ്ങൾക്ക് വേണ്ടിയുള്ള പ്രൊഫസർ ശ്യാം ബി. മേനോൻ സർവകലാശാല പരിഷ്കരണ കമ്മിറ്റിയും പരീക്ഷ പരിഷ്കരണ കമ്മിറ്റിയുമെല്ലാം നിലവിൽ വന്നത് സംഘടന ഗൗരവമായി ഉന്നത വിദ്യാഭ്യാസ മേഖലയിലെ മാറ്റങ്ങൾക്ക് വേണ്ടി നിലകൊണ്ടത് കൂടിയാണ്.2026 ലെ വിപ്ലവകരമായ കേരള ബജറ്റിൽ മുൻപൊരിക്കലും കേരളം കാണാത്തവിധത്തിൽ മൗലികമായ മാറ്റങ്ങളാണ് വിഭാവനം ചെയ്യപ്പെട്ടത്.

കോളജ് വിദ്യാർഥികൾക്ക് മൂന്ന് നഗരങ്ങളിൽ കോമൺഹോസ്റ്റലുകൾ, ആർട്സ് ആൻഡ് സയൻസ് കോളജുകളിൽ സൗജന്യ ഡിഗ്രി വിദ്യാഭ്യാസം, ഗവേഷക വിദ്യാർത്ഥികളുടെ സിഎം റിസർച്ചർ ഫെല്ലോഷിപ്പ് വർദ്ധന ഇതെല്ലാം തെളിയിക്കുന്നത് ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഭീമമായ തുക നിക്ഷേപിക്കുന്ന ഇടത്പക്ഷ സർക്കാരിന്റെ വീക്ഷണമാണ്.

"2036 ഒളിമ്പിക് ഗെയിംസിൽ നമ്മുടെ കുട്ടികൾ മാറ്ററയ്ക്കണമെന്നുറപ്പിച്ച് കായികവകുപ്പുമായി സഹകരിച്ചാരംഭിച്ച കോളേജ് സ്പോർട്സ് ലീഗിന് രണ്ടു കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന് 22 കോടി നീക്കിവെച്ച ബജറ്റിൽ ഉന്നതവിദ്യാഭ്യാസത്തിനേറ്റ അന്താരാഷ്ട്രവത്കരണം സുപ്രധാനമായി ഏറ്റെടുത്തിട്ടുണ്ട്. ഓക്സ്ഫോഡ് സർവ്വകലാശാലയുമായി അക്കാഡമിക് സഹകരണത്തിന് രണ്ടു കോടി രൂപ മാറ്റിവെച്ചത് ഉദാഹരണം. "സംസ്ഥാനത്താരംഭിച്ച അഞ്ച് സെന്റേഴ്സ് ഓഫ് എക്സലൻസ് രാജ്യാന്തര സ്ഥാപനങ്ങളാക്കാനുള്ള നടപടിയായി 12 കോടി രൂപ വകയിരുത്തിയതിനു പുറമെ, യുവതയിൽ ശാസ്ത്രാഭിമുഖ്യം വളർത്താൻ ദീർഘലക്ഷ്യയോടെ പണം വകയിരുത്തിയിട്ടുമുണ്ട്. ഉന്നതവിദ്യാഭ്യാസ വകുപ്പ് അഭിമാനസ്ഥാപനങ്ങളായി വളർത്തിക്കൊണ്ടുവരുന്ന കോട്ടയം സയൻസ് സിറ്റി, ചാലക്കുടി, പരപ്പനങ്ങാടി മേഖലാ ശാസ്ത്ര കേന്ദ്രങ്ങൾ, കൊട്ടാരക്കര ശാസ്ത്ര മ്യൂസിയം തുടങ്ങിയ ശാസ്ത്ര സാങ്കേതിക മ്യൂസിയങ്ങൾക്ക് ശാക്തീകരണത്തിന് നീക്കിവെച്ചിരിക്കുന്നത് 30.70 കോടി രൂപയാണ്. നൈപുണ്യ വികസന പദ്ധതിയായ അസാപ് കേരളയ്ക്ക് 35.30 കോടി നൽകുകവഴി നൈപുണ്യവികസന പ്രവർത്തനങ്ങൾ കൂടുതൽ ഏറ്റെടുക്കപ്പെടും".(ഡോ.ആർ.ബിന്ദു)

NEP യ്ക്ക് ബദലായി ഗവേഷണാധിഷ്ഠിതവും തൊഴിൽ കേന്ദ്രിതവുമായ വിദ്യാഭ്യാസ പദ്ധതിയാണ് കേരളത്തിൽ വിഭാവനം ചെയ്യപ്പെട്ടത്. ലോകനിലവാരത്തിൽ മുൻനിരയിലുള്ള കേരളത്തിലെ സർവ്വകലാശാലകളെ വർഗ്ഗീയവത്കരിക്കുവാനും സംഘപരിവാർ അജണ്ടകൾ നടപ്പിലാക്കുവാനും മതേതര വിദ്യാഭ്യാസ സംസ്കാരത്തിന്റെ അടിക്കല്ലിളക്കുവാനും ശ്രമിക്കുന്ന കേന്ദ്രഭരണകൂട തന്ത്രങ്ങൾ വ്യാപകമാകുമ്പോൾ വലിയ ദൗത്യമാണ് നമ്മൾ ഏറ്റെടുക്കേണ്ടത്. ജനപക്ഷ രാഷ്ട്രീയത്തിൽ അധിഷ്ഠിതമായിരിക്കണം അത്.

കേരള സർവ്വകലാശാലയിൽ ഇതിനകം രണ്ട് സമിതികളിലേയ്ക്ക് തിരഞ്ഞെടുപ്പ് നടന്നു.സെനറ്റിലേയ്ക്കും അക്കാദമിക് കൗൺസിലിലേയ്ക്കും.രണ്ടിലും മൃഗീയ ഭൂരിപക്ഷം നേടാൻ നമുക്ക് കഴിഞ്ഞു.സെനറ്റ് തെരഞ്ഞെടുപ്പിന് ശേഷം 2023 ൽ സ്വാഭാവികമായും സിൻഡിക്കേറ്റ് തെരഞ്ഞെടുപ്പ് നടക്കേണ്ടതായിരുന്നു. എന്നാൽ എ കെ പി സി ടി എ യും സഹോദര സംഘടനകളും നിയമപരമായും രാഷ്ട്രീയപരമായും നടത്തിയ പോരാട്ടത്തിന് ഒടുവിൽ 2024 ഓഗസ്റ്റ് 30ന് ആണ് ഈ സിൻഡിക്കേറ്റ് നിലവിൽ വന്നത്. ചാൻസലറുടെ ഓഫീസ് രാഷ്ട്രീയപരമായി ദുരുപയോഗം ചെയ്തു സർവകലാശാലകളെ കൈപ്പിടിയിൽ ആക്കാനുള്ള സംഘപരിവാറിന്റെ രാഷ്ട്രീയ അജണ്ടയുടെ ഫലമാണ് സിൻഡിക്കേറ്റ് ഇലക്ഷൻ ഒരു വർഷം വൈകിയത്. മുൻ മാതൃകകളിൽ നിന്ന് വ്യത്യസ്തമായി കേരള സർവകലാശാലയിലും കാലിക്കറ്റ്, കണ്ണൂർ സർവകലാശാലകളിലെ സെനറ്റ് നാമനിർദ്ദേശത്തിലും ഈ രാഷ്ട്രീയ അജണ്ട ആവർത്തിക്കപ്പെട്ടു. എല്ലാ മാനദണ്ഡങ്ങളും കാറ്റിൽ പറത്തി സംഘപരിവാറിന്റെ ഓഫീസിൽ നിന്ന് കൊടുത്തയക്കുന്ന ലിസ്റ്റിൽ നിന്ന് സെനറ്റ് അംഗങ്ങളെ തെരഞ്ഞെടുക്കുകയും അതുവഴി മികവിന്റെ കേന്ദ്രങ്ങളായി നിലനിൽക്കുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയും കേരളത്തെയും തകർക്കാനാണ് സംഘപരിവാർ ലക്ഷ്യമാക്കുന്നത്. എന്നാൽ സർവകലാശാലകളെ ഇങ്ങനെ വളഞ്ഞിട്ട് ആക്രമിക്കുമ്പോഴും കേരളത്തെ സാമ്പത്തിക അടിയന്തരാവസ്ഥയിലേക്ക് തള്ളിവിടുമ്പോഴും മുഴുവൻ മതേതര വിശ്വാസികളെയും കൂട്ടുപിടിച്ചുകൊണ്ട് ഒരേ സമയം ഈ അജണ്ടകൾക്ക് എതിരെ രാഷ്ട്രീയ പോരാട്ടം നടത്തുകയും ഒപ്പം സർവകലാശാലയെ അക്കാദമികമായും അക്കാദമികേതരമായും മുന്നോട്ടു നയിക്കുക എന്ന



ദ്വിമുഖ  പ്രവർത്തികൾ ആണ് സിൻഡിക്കേറ്റ് ഏറ്റെടുത്തത്. NIRF റാങ്കിങ്ങിൽ  അഞ്ചാം സ്ഥാനത്തേക്ക് കേരള സർവകലാശാല എത്തി എന്നുള്ളത് അഭിമാനിക്കാവുന്ന കാര്യമാണ്. മാതൃകയായി നാലു വർഷ ഡിഗ്രി മുഴുവൻ അധ്യാപകരുടെയും പിന്തുണയോടുകൂടി നടപ്പിലാക്കാൻ വേണ്ടി കഴിഞ്ഞത്... പഠന ബോർഡുകളുടെ പുനസംഘാടനം വൈകിയ സമയത്തും എല്ലാ സെമസ്റ്ററുകളിലെയും സിലബസ് വെബ്സൈറ്റിൽ അടക്കം അപ്‌ലോഡ് ചെയ്യാൻ നമ്മൾക്ക് കഴിഞ്ഞു. കായിക മേഖലയിലും കലാരംഗത്തും നേട്ടങ്ങളുടെ കാലഘട്ടമാണ് കഴിഞ്ഞുപോയത്. A++ ന്റെ നിറുകയിൽ നിൽക്കുന്ന സർവകലാശാല 2025 ലെ ദേശീയ യൂത്ത് ഫെസ്റ്റിവൽ ഒന്നാം സ്ഥാനം  കരസ്ഥമാക്കുകയും ചെയ്തു. എയ്ഡഡ് കോളേജ് അധ്യാപകരുടെ പ്ലേസ്മെന്റ് പ്രമോഷനുകൾ, നിയമന അംഗീകാരം എന്നിവ കാലതാമസം ഇല്ലാതെ തീർപ്പാക്കാൻ ഇപ്പോൾ നമുക്ക് കഴിയുന്നുണ്ട്. എന്നാൽ ജൂൺ 25 ആം തീയതി സർവകലാശാല സെനറ്റ് ഹാളിൽ നടന്ന  അടിയന്തരാവസ്ഥയുമായി ബന്ധപ്പെട്ട ഒരു സെമിനാറിൽ സർവകലാശാല ചട്ടങ്ങൾക്ക് വിരുദ്ധമായി ഭാരതാംബയുടെ ചിത്രം വയ്ക്കുവാൻ തീരുമാനിക്കുകയും അതുമായി ബന്ധപ്പെട്ട മറ്റു രാഷ്ട്രീയ നീക്കങ്ങൾ സംഘപരിവാറുമായി ബന്ധപ്പെട്ട സംഘടന നടത്തിയപ്പോൾ നിയമപരമായി അതിനെ തടുത്ത രജിസ്ട്രാർ ഡോ. കെ അനിൽകുമാറിനെ എല്ലാ ചട്ടങ്ങളും മറികടന്ന് വൈസ് ചാൻസിലർ  സസ്പെൻഡ് ചെയ്യുകയും ചെയ്തു. തുടർന്ന് നാലുമാസത്തിലധികം സിൻഡിക്കേറ്റിനകത്തും പുറത്തും വലിയ രാഷ്ട്രീയ സമരങ്ങൾ ആണ് നമ്മൾ നടത്തിയത്. ഈ വിഷയത്തെ നിയമപരമായും നേരിട്ടു. ഏറ്റവും ഒടുവിൽ ഹൈക്കോടതിയിൽ നിന്നു വന്ന ഒരു ഇടക്കാല വിധി എ കെ പി സി ടി എ യും സിൻഡിക്കേറ്റും ഈ വിഷയത്തിൽ എടുത്ത നിലപാടിനെ ശരിവെക്കുന്ന തരത്തിലുള്ളതായിരുന്നു. യുജിസിയുടെ മൂന്നും നാലും അമെൻഡ്മെന്റുകൾ സർവകലാശാലയിൽ നടപ്പിലാക്കുന്നതിനും അതുവഴി അധ്യാപകർക്കു അവകാശപ്പെട്ട റീഫിക്സേഷൻ അടക്കമുള്ള കാര്യങ്ങൾ നടപ്പിലാക്കുന്നതിനും സിൻഡിക്കേറ്റിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ കഴിഞ്ഞ രണ്ടു വർഷത്തെ സിൻഡിക്കേറ്റിന്റെ മുന്നോട്ട് പോക്ക് അത്ര ലളിതമായിരുന്നില്ല.ഓരോ കാര്യങ്ങളിലും രാഷ്ട്രീയപരമായി വൈസ് ചാൻസലറുടെ ഇടപെടൽ ഉണ്ടായിരുന്നു. സംഘടനാപരമായും രാഷ്ട്രീയപരമായും ഇതിനെ നേരിട്ടു കൊണ്ടാണ് ഓരോ കാര്യങ്ങളും നടപ്പിലാക്കിയത്. സർവകലാശാലയുടെ പരമാധികാരം സംരക്ഷിച്ച് ഒറ്റക്കെട്ടായി ഒരുമിച്ച് നിൽക്കേണ്ട സാഹചര്യം ആണ് നിലവിലുള്ളത്.

കേരളത്തിലെ സർവ്വകലാശാലകളെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കാനുള്ള സംസ്ഥാന സർക്കാർ പ്രഖ്യാപനം ഒരേസമയം കേന്ദ്ര വിദ്യാഭ്യാസ നയത്തോടുള്ള കലഹംകൂടിയാണെന്ന് നാം മനസ്സിലാക്കണം. ഉന്നത വിദ്യാഭ്യാസ മേഖലയിൽ തുടർ പഠനത്തിനും ഗവേഷണത്തിനുമുള്ള എല്ലാം സാധ്യതകളും ഇല്ലാതായിട്ട് കാലങ്ങളായി. യു ജി സി ഗവേഷണ ധനസഹായങ്ങൾ നിലച്ചിട്ട് വർഷങ്ങളായി. ഈ സാഹചര്യത്തിലാണ് സംസ്ഥാന സർക്കാർ മുഖ്യമന്ത്രിയുടെ അഞ്ഞൂറ് പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ ബജറ്റിൽ ഉൾപ്പെടുത്തിയത്. കേന്ദ്ര ഭരണകൂടം ഇല്ലാതാക്കാൻ ശ്രമിക്കുന്ന അറിവിന്റെ ഉൽപാദനവും വിനിമയവും പൂർണ്ണമായ അക്കാദമിക സ്വാതന്ത്ര്യത്തോടെ തിരിച്ചുപിടിക്കാനുള്ള പോരാട്ടത്തിലാണ് നമ്മൾ.

ഡോ മനുശങ്കർ സി.
എസ്.എസ്.വി. കോളേജ്, വളയൻചിറങ്ങര

# ജനാധിപത്യവും ഡിജിറ്റൽ സുരക്ഷയും: ഹാക്കർമാരേക്കാൾ ഭയപ്പെടുത്തുന്നത് ആരൊക്കെയാണ്?

സൈബർ സുരക്ഷയുടെ പേരിൽ നിരീക്ഷണസംവിധാനമാവുന്ന 'Sanchar Saathi' പോലുള്ള പദ്ധതികളുടെ രാഷ്ട്രീയവും നിയമപ്രശ്നങ്ങളും ചർച്ചയാവുന്ന ഈ കാലഘട്ടത്തിൽ 'സൈബർസുരക്ഷ' 'ഹാക്കിംഗ്' എന്നീ സങ്കല്പനങ്ങൾതന്നെ പുനരാലോചനയ്ക്ക് വിധേയമാക്കേണ്ടിവരുന്നു. സാമാന്യജനതയുടെ ഭാവനയിൽ "സൈബർ സുരക്ഷ" എന്നു കേൾക്കുമ്പോൾ നമ്മൾ ആദ്യം അവതരിപ്പിക്കുന്ന ചിത്രം, ഹൂഡി ധരിച്ച് ഇരുട്ടുള്ള മുറിയിൽ നിന്ന് കീബോർഡ് അമർത്തുന്ന ഒരു 'ഹാക്കറി'നെ ആണ്. ബാങ്ക് അക്കൗണ്ട് ഹാക്ക് ചെയ്യുക, സോഷ്യൽ മീഡിയ കൈയേറിയെടുക്കുക, വ്യക്തിഗത ഡാറ്റ ചോർത്തുക – ഇതെല്ലാം വാർത്തകളിൽ നമ്മൾ പതിവായി കേൾക്കുന്നതുമാണ് . എന്നാൽ കേവലം വ്യക്തിപരമായ ആവശ്യങ്ങളും കൊള്ളയും മുൻനിർത്തി ചെയ്യപ്പെടുന്ന ഇത്തരം പ്രവർത്തികൾ ചർച്ചവിഷയമാകുമ്പോൾ നിയമവിധേയമാക്കപ്പെടുന്ന ഭരണകൂടത്തിന്റെ സൈബർ പിടിവള്ളികൾ ചർച്ചചെയ്യപ്പെടാതെപോവുന്നുവെന്നത് ഭീതികരമാണ്.

ഡിജിറ്റൽ ലോകത്ത് യഥാർത്ഥത്തിൽ ഏറ്റവും വലിയ ഭീഷണി ആരിൽ നിന്നാണ്? ചില അപരിചിത ഹാക്കർമാരിൽ നിന്നോ, അല്ലെങ്കിൽ നിയമപരമായ ചട്ടക്കൂടിനുള്ളിൽ തന്നെ നമ്മുടെ ഡാറ്റ ശേഖരിച്ചു, വിശകലനം ചെയ്ത്, നമ്മെ നിരീക്ഷിക്കാൻ കഴിവുള്ള വലിയ കോർപ്പറേഷനുകളിലും രാഷ്ട്രയന്ത്രത്തിലും നിന്നോ എന്ന രീതിയിലേക്കുള്ള പൗരനെന്ന നിലയിലും അധ്യാപകനെന്ന നിലയിലുമൊക്കെ ചോദ്യമുന്നയിക്കേണ്ട ഘട്ടം അനിവാര്യമായിരിക്കുന്നു. ഇന്ത്യയിലെ കേന്ദ്രസർക്കാർ അവതരിപ്പിച്ച "Sanchar Saathi" (സഞ്ചാർ സാഥി) പ്ലാറ്റ്ഫോം, ഈ ചോദ്യങ്ങളെ അത്യന്തം സങ്കീർണ്ണവും അതേ സമയംഅനിവാര്യവുമായി മുന്നിലേക്ക് കൊണ്ടുവരുന്ന ഒരു പുതിയ ഉദാഹരണമാണ്.

### ഡിജിറ്റൽ സുരക്ഷ: സാങ്കേതിക പ്രശ്നമോ രാഷ്ട്രീയ പ്രശ്നമോ?

സാധാരണമായി ക്ലാസ് മുറികളിലും പൊതുചർച്ചയിലും സൈബർ സുരക്ഷയെ മുഴുവനായി ഒരു സാങ്കേതിക പ്രശ്നമായി മാത്രം കാണുന്ന പ്രവണതയുണ്ട്.

ശക്തമായ പാസ്‌വേഡ്

ആന്റിവൈറസ്

ഫയർവാൾ

രണ്ട്-ഘട്ട സ്ഥിരീകരണം (Two-Factor Authentication)

ഇതെല്ലാം തീർച്ചയായും ആവശ്യമാണ്.

ഈ രീതിയിൽ ഇതിനെ പ്രതിരോധിക്കുവാനുള്ള ഘട്ടങ്ങളുമൊക്കെ ചർച്ചചെയ്താണ് ഈ വിഷയം കൈകാര്യം ചെയ്യുന്നത്. പക്ഷേ ഇതിലൊക്കെ തന്നെ ആർക്കാണ്




സുരക്ഷ? ആർക്കെതിരെയാണ് സുരക്ഷ? സുരക്ഷയുടെ പേരിൽ ആരുടെ മേൽനോട്ടമാണ് വർധിക്കുന്നത്? മുതലായ അടിസ്ഥാന ചോദ്യങ്ങളെ അഭിസംബോധന ചെയ്യുന്നില്ല എന്നത് ആലോചിക്കേണ്ടിയിരിക്കുന്നു. ഒരു സഹപ്രവർത്തകയുടെ ഫോണിൽ malware കയറി അവളുടെ WhatsApp ചാറ്റുകൾ ഒരു ഹാക്കർ വായിക്കുന്നത് തീർച്ചയായും വലിയ സുരക്ഷാ പ്രശ്നമാണ്. പക്ഷേ അതേ വ്യക്തിയുടെ എല്ലാ ഫോൺ കണക്ഷനുകളുടെയും, എപ്പോൾ, എവിടെയിരുന്നു, ആരുമായി ബന്ധപ്പെട്ടു എന്നൊക്കെ ഒരു കേന്ദ്ര ഡേറ്റാബേസിലേക്ക് നിയമപരമായി, തുടർച്ചയായി ഒഴുക്കിയാൽ, അതിനെ "സുരക്ഷ" എന്ന് വിളിക്കുന്നു. ഇവിടെയാണ് സുരക്ഷ എന്ന സങ്കല്പനത്തെ പ്രത്യശാസ്ത്രപരമായ ഭരണകൂടഉപകരണമാക്കി പുനർനിർവചിക്കുന്നതിന്റെ രാഷ്ട്രീയം വെളിവാക്കപ്പെടുന്നത്.

സാങ്കേതികമായി രണ്ട് കാര്യങ്ങളിലും ഡാറ്റ അനധികൃത കൈകളിൽ കേറുന്നു; പക്ഷേ ഒന്നിനെ "സൈബർ ക്രൈം" എന്ന് വിളിച്ചുകൊണ്ട് മറ്റൊന്നിനെ "ജനഹിതത്തിനു വേണ്ടിയുള്ള പദ്ധതി" എന്ന് മാത്രം പറയാൻ പറ്റുമോ? ഈ രാഷ്ട്രീയ-സാമൂഹ്യ ചോദ്യമാണ് ഡിജിറ്റൽ സുരക്ഷയെ ശരിയായി മനസ്സിലാക്കാൻ അടിസ്ഥാനപരമായി ആവശ്യം.

### സഞ്ചാർ സാഥി (Sanchar Saathi): ഔദ്യോഗിക ലക്ഷ്യങ്ങളും മറഞ്ഞിരിക്കുന്ന ചോദ്യങ്ങളും

സഞ്ചാർ സാഥി എന്നത് കേന്ദ്രസർക്കാർ അവതരിപ്പിച്ച, ടെലി കമ്മ്യൂണിക്കേഷൻ വകുപ്പിന്റെ കീഴിലുള്ള ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോമാണ്. പൊതുവായി ഇതിന്റെ ലക്ഷ്യങ്ങൾ ഇങ്ങനെ അവതരിപ്പിക്കപ്പെടുന്നു:

അനധികൃതമായി എടുത്ത സിം കണക്ഷനുകൾ കണ്ടെത്തുക

ഒരു വ്യക്തിയുടെ പേരിൽ എത്ര മൊബൈൽ കണക്ഷനുകൾ എടുത്തിട്ടുണ്ടെന്ന് പരിശോധിക്കാൻ സഹായിക്കുക

എപ്പോൾ, ആരെങ്കിലുമോ ഫോണുകൾ നഷ്ടപ്പെടുകയോ മോഷണം പോവുകയോ ചെയ്താൽ അവ ബ്ലോക്ക് ചെയ്യാൻ സൗകര്യം ഒരുക്കുക

ഫോണുകളുടെ IMEI നമ്പർ ചേർത്ത് misuses കുറയ്ക്കുക

ഇതൊക്കെ കേൾക്കുമ്പോൾ സാധാരണ ഉപഭോക്താവിന് ഒരു ആശ്വാസബോധമുണ്ടാകും. ഫോൺ തട്ടിപ്പുകൾ, SIM swap fraud, KYC ദുരുപയോഗം തുടങ്ങിയ നമ്മൾ നേരിട്ട് അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് ഒരു പരിഹാരമെന്ന രീതിയിൽ ഈ പദ്ധതിയെ അവതരിപ്പിക്കുന്നു. ഭരണകൂടം സുരക്ഷാപ്രശ്നങ്ങളുടെ ഭാഗമായി അവതരിപ്പിക്കുന്ന ഇതിൽ ചില നിർണായക ചോദ്യങ്ങൾ ഉയർന്നു വരുന്നുണ്ട്:

### ഏത് ഡാറ്റ എല്ലാം ശേഖരിക്കുന്നു?

നിങ്ങളുമായി ബന്ധമുള്ള എല്ലാ

മൊബൈൽ കണക്ഷനുകളും

നിങ്ങളുടെ തിരിച്ചറിയൽ രേഖകൾ (ID proofs)

IMEI, SIM, service provider വിശദാംശങ്ങൾ

ഇവയെല്ലാം ഒരു കേന്ദ്ര കാഴ്ച്ചപ്പാടിൽ map ചെയ്യപ്പെടുന്നു.

ഈ ഡാറ്റ എത്ര കാലം സൂക്ഷിക്കും?

ഒരു തവണ verification നാണോ?

വർഷങ്ങളോളം metadata നിലനിർത്താനാണോ?

ഈ ഡാറ്റക്ക് ആരൊക്കെ ലഭ്യത നേടും?

ടെലികോം കമ്പനികൾ?

വിവിധ അന്വേഷണഏജൻസികൾ?

മറ്റേതെങ്കിലും സർക്കാർ വകുപ്പുകൾ?

ഭാവിയിൽ ലക്ഷ്യം മാറുമ്പോൾ എന്താകും?

ഇന്ന് "സിം തട്ടിപ്പ് തടയൽ" എന്ന ലക്ഷ്യത്തോടെ ശേഖരിച്ച ഡാറ്റ നാളെ രാഷ്ട്രീയ പ്രൊഫൈലിംഗ്, പ്രൊട്ടസ്റ്റ് നെറ്റ്‌വർക്ക് map ചെയ്യൽ, പ്രവർത്തകരെ black-list ചെയ്യൽ എന്നിവക്ക് ഉപയോഗിക്കപ്പെടാൻ സാധ്യതയില്ലെന്ന് ആരാണ് ഉറപ്പാക്കുന്നത്?

സാങ്കേതികമായി പറഞ്ഞാൽ, identity-linked metadata അളവറ്റമായ അളവിൽ, കൂട്ടിച്ചേർത്ത്, കേന്ദ്രസർക്കാർ നിയന്ത്രിക്കുന്ന ഒരു ഡേറ്റാ പ്ലാറ്റ്ഫോമിലേക്ക് കെട്ടിനിറയ്ക്കുകയാണ് ഇവിടെ നടക്കുന്നത്. സുരക്ഷയുടെ പേരിൽ ഒരു Data Infrastructure ഭരണകൂടം കൈക്കലാക്കുന്നുവെന്നത് വളരെ പ്രധാനമാണ്. അത്തരമൊരു data infrastructure ഉണ്ടാക്കിയശേഷം അതിന്റെ ഉപയോഗസാധ്യതകൾ നിയമപരമായ/രാഷ്ട്രീയമായ തീരുമാനം മാത്രമാണ്. അത് തന്നെയാണ് ആശങ്കയുടെയും ചർച്ചയുടെയും കേന്ദ്രം ആകേണ്ടത്. 2025 നവംബർ അവസാനം, ടെലികോം വകുപ്പ് പുറത്തുവിട്ട ഒരു നിർദ്ദേശം പ്രകാരം: ഇന്ത്യയിൽ വിൽക്കുന്ന എല്ലാ പുതിയ സ്മാർട്ട് ഫോണിലും സഞ്ചാർ സാധി നിർബന്ധമായും പ്രീ - ഇൻസ്റ്റാൾ ചെയ്തിരിക്കണം; ആപ്പിന്റെ ചില core functionalities disable ചെയ്യുന്നതിനോ അൺ ഇൻസ്റ്റാൾ ചെയ്യുന്നതിനോ സാധിക്കാത്ത രീതിയിൽ നൽകണം. ഇപ്പോൾ എതിർപ്പുകളെ തുടർന്ന് പിൻവലിച്ചെങ്കിലും അത് ഭീഷണിയായി നിലനിൽക്കുന്നുണ്ട്.

### ഡാറ്റ ശേഖരണം, പ്രൊഫൈലിംഗ്, മേൽനോട്ടം: ജനാധിപത്യത്തിന്റെ വില

ഡിജിറ്റൽ ലോകത്ത് ഒരു പ്രധാന തെറ്റിദ്ധാരണയുണ്ട്: "Content" ഇല്ലെങ്കിൽ അത്ര വലിയ privacy പ്രശ്നം ഇല്ല എന്ന ധാരണ. അതായത്, "ഞാൻ ആരോട് എന്താണ് സംസാരിക്കുന്നത് എന്ന മെസേജ് കണ്ടില്ലെങ്കിൽ കുഴപ്പമൊന്നുമില്ലല്ലോ?" എന്നൊരു ഭാവം. പക്ഷേ അവരുടെ കൈവശം ഉള്ളത് metadata മാത്രമാണെങ്കിലും (ഏത് നമ്പർ, ഏത് നമ്പറുമായി, എപ്പോൾ, എത്ര നേരം, ഏത് ലൊക്കേഷനിൽ നിന്നു എന്നിവ) അത് വഴി ചുവടെ പറയുന്നവ എല്ലാം മനസ്സിലാക്കാൻ കഴിയും:

നിങ്ങളുടെ സാമൂഹിക വലയങ്ങൾ (family, friends, co-workers)

രാഷ്ട്രീയ പ്രവർത്തന വലയങ്ങൾ (party, union, student movement, mass organisations)

നിങ്ങൾ സ്ഥിരമായി ബന്ധപ്പെടുന്ന തൊഴിലാളി യൂണിയൻ, മനുഷ്യാവകാശ സംഘടനകൾ തുടങ്ങിയവ

നിങ്ങൾ ഏത് സമയം, ഏത് പ്രദേശത്ത് കൂടുതലായി സാന്നിദ്ധ്യമുള്ള വ്യക്തിയാണ്

protest, meeting, dharna തുടങ്ങിയവയിൽ നിങ്ങൾ സജീവമാണോ എന്നു പോലും ഇതുവരെ ഭരണകൂടം നിയമവാഴ്ച്ചയെന്ന പേരിൽ ചില തിരഞ്ഞെടുക്കപ്പെട്ട "സംശയാസ്പദ" ആളുകളെ നിരീക്ഷിക്കുകയായിരുന്നു എങ്കിൽ, ഇത്തരത്തിലുള്ള സമഗ്ര പ്ലാറ്റ്ഫോമുകൾ വഴി "population-level surveillance" എന്ന നിലയിലേക്ക് മാറുന്ന ഭീഷണിയാണ് നമ്മൾ കാണേണ്ടത്. നിരന്തരമായ പ്രതിരോധവും വിമർശനവും പ്രതിഷേധവുമെല്ലാം ആരോഗ്യകരമായ ജനാധിപത്യ സമൂഹത്തിൽ ഭരണനിർവഹണത്തിൽ അതിപ്രധാനമാണ്. അതിലേക്കുള്ള കടന്നുകയറ്റവും നിയന്ത്രണവും എന്നത് ഏകാധിപത്യ/ഫാസിസ്റ്റ ഭരണനിവഹണമാതൃകയിലേക്കുള്ള അത്രകണ്ട് ദൃശ്യമാകാത്ത പരിണാമ അടയാളമാണ്. നിരന്തരം മേൽനോട്ടമുണ്ടാകാം എന്ന ബോധം നമ്മുടെ പെരുമാറ്റത്തെയും സംസാരത്തെയും ഒരു "self-censorship" എന്ന നിലയിലേക്ക് മാറ്റുന്നു.

WhatsApp/Telegram ഗ്രൂപ്പുകളിൽ പ്രതികരണം കുറച്ച് തുടങ്ങുക

ഫോൺ വഴി രാഷ്ട്രീയ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിൽ വിമുഖത കാട്ടുക

സമരാഹ്വാനങ്ങൾ ഡിജിറ്റൽസംവിധാനം വഴി നടത്തുന്നതിൽ ഭയപ്പെടുക

ഇങ്ങനെ "നിരീക്ഷിക്കപ്പെടുന്നുവെന്ന ബോധം തന്നെ" ഒരു ജനാധിപത്യാവകാശം നിർവഹിക്കുവാനുള്ള നമ്മുടെ മനഃശക്തിയെ തകർക്കുന്നുണ്ടെങ്കിൽ, അത് സുതാര്യമായോ അദൃശ്യമായോ നടപ്പിലാക്കപ്പെടുന്ന ഡിജിറ്റൽ മേൽനോട്ടത്തിന്റെ രാഷ്ട്രീയ ഫലം തന്നെയാണ്.

ഹാക്കർമാരും കോർപ്പറേഷനുകളും രാഷ്ട്രവും: യഥാർത്ഥ ഭീഷണി ആരിൽ നിന്ന്?

ഡിജിറ്റൽ സുരക്ഷാ ഭീഷണികളെ ഏറെയും നാം മൂന്ന് തലങ്ങളിൽ ചിന്തിക്കാം:

ഹാക്കർ ഭീഷണി

ബാങ്ക് അക്കൗണ്ട് hack ചെയ്യുക

വ്യക്തിഗത ഫോട്ടോകൾ ചോർത്തുക

ransomware കൊണ്ട് സാധാരണക്കാരായ ആളുകളെ പീഡിപ്പിക്കുക

ഇവ life-impacting ആയ ഭീഷണികളാണ്; criminal law കൊണ്ട് കൈകാര്യം ചെയ്യേണ്ട



പ്രശ്നങ്ങളുമാണ്.

എന്നാൽ സാധാരണയായി individual scale-ലാണ് ഇവയുടെ പ്രഭാവം.

### കോർപ്പറേറ്റ് surveillance ഭീഷണി

വലിയ ടെക് കമ്പനികൾ (social media, search, ad networks മുതലായവർ) നമ്മുടെ search, click, like, share എന്നിവ നിരീക്ഷിച്ച് detailed behavioural profile ഉണ്ടാക്കുന്നു. targeted advertising, misinformation, political micro-targeting മുതലായ ഗുരുതര പ്രത്യാഘാതങ്ങൾ ഇതിനുണ്ട്.

ഇവക്കെതിരെ കുറച്ചു public awareness ഉണ്ടെങ്കിലും, ശക്തമായ ജനാധിപത്യ നിയന്ത്രണം ഇപ്പോഴും പരിമിതമാണ്. State surveillance ഭീഷണി ഇവിടെ coercive power + legal power + technological power മൂന്നു ഘടകങ്ങളും ഒരുമിച്ച് പ്രവർത്തിക്കുന്നു.

Sanchar Saathi പോലുള്ള initiatives മുഖേന reliability-ഉം completeness-ഉം ഉള്ള identity-linked datasets കെട്ടിച്ചമയ്ക്കുമ്പോൾ, ഏതൊരു പൗരനും state machinery-യുടെ watch-list-ൽ എപ്പോൾവേണമെങ്കിലും ആക്കാവാൻ കഴിയും.

ഇതിൽ നിന്ന് “opt-out” ചെയ്യാനുള്ള വാസ്തവപരമായ മാർഗ്ഗം തന്നെ ഇല്ല; കാരണം മൊബൈൽ ഫോൺ, SIM, KYC എന്നിവ

ഇപ്പോൾ ബാങ്കിംഗ് മുതൽ വിദ്യാഭ്യാസം വരെ

എല്ലാ മേഖലകളിലും “അനിവാര്യ അടിസ്ഥാനസൗകര്യം” ആയി മാറിയിരിക്കുന്നു. ഇത് ആധാർനമ്പറുമായി ബന്ധിപ്പിച്ചിരിക്കുന്നുണ്ട്.

അതുകൊണ്ട് സുരക്ഷാഭീഷണിയെ സംബന്ധിച്ചിടത്തോളമുള്ള പ്രധാനചോദ്യം ഇങ്ങനെ രൂപപ്പെടുത്താം: ഒരു ഹാക്കർ നടത്തുന്ന ആക്രമണമാണോ ജനാധിപത്യത്തിന് വലിയ ഭീഷണി, അതോ, കാണാൻ സുതാര്യമാവുന്ന, “ജനഹിതം” എന്ന മുദ്രകുത്തിയിട്ടുള്ള, law-compliant surveillance infrastructures ആണോ? സത്യത്തിൽ, രണ്ടും പ്രശ്നകരമാണ്. സുരക്ഷയുടെ പേരിൽ സർവ്വവ്യാപകമായ മേൽനോട്ടത്തിലൂടെ ഭരണകൂടത്തിന്റെ പ്രത്യശാസ്ത്ര ഉപകരണമാകുന്ന മൂന്നാമത്തെ ഭീഷണി നേരിട്ട് ഭരണനിർവഹണരൂപത്തിലേക്കും അധികാരത്തിലേക്കും നഴഞ്ഞുകയറുന്നതിനാൽ അത് മറ്റുള്ളവയേക്കാൾ ശ്രദ്ധിക്കേണ്ടുന്ന ഒന്നാണ്.

ജനാധിപത്യപരമായ ഡിജിറ്റൽ സുരക്ഷ: എങ്ങനെയിരിക്കണം?

ഇത്തരം സാമൂഹ്യപ്രശ്നങ്ങളുടെ രാഷ്ട്രീയത്തെ എതിർക്കുന്നതോടൊപ്പം തന്നെ ഇതിന്റെ സാങ്കേതിക സാമൂഹിക തലത്തിലുള്ള പരിഹാരത്തെപ്പറ്റി നിർദ്ദേശങ്ങൾ വയ്ക്കുവാനും അക്കാദമികസമൂഹമെന്ന നിലയിൽ നമുക്ക് സാധിക്കണം.

സ്വകാര്യത ഒരു അടിസ്ഥാന അവകാശം

ഇന്ത്യൻ സുപ്രീം കോടതിയും privacy-യെ ഒരു അടിസ്ഥാന അവ



കാശമായി അംഗീകരിച്ചിട്ടുണ്ട്.

ഡിജിറ്റൽ കാലത്ത് ഇത് വെറും "വ്യക്തിപരമായ രഹസ്യത" മാത്രമല്ല; രാഷ്ട്രീയ ചിന്താ സ്വാതന്ത്ര്യത്തിന്റെയും കൂട്ടായ്മ സ്വാതന്ത്ര്യത്തിന്റെയും അടിസ്ഥാനം കൂടിയാണ്.

### Data minimisation & purpose limitation

ആവശ്യത്തിനും അതിൽ കുറച്ച് മാത്രമേ ഡാറ്റ ശേഖരിക്കാവൂ. "ഒരു പ്രത്യേക public good ലക്ഷ്യം" മുന്നിട്ട് കാണിച്ച് data ശേഖരിച്ചു കഴിഞ്ഞാൽ, അതേ data-യെ "new purpose" കൾക്ക് ഉപയോഗിക്കുന്നതിനെ കർശനമായി നിയന്ത്രിക്കേണ്ടത് നിയമത്തിന്റെ ഉത്തരവാദിത്തം.

### സുതാര്യതയും ഉത്തരവാദിത്തവും (Transparency & Accountability)

Sanchar Saathi പോലുള്ള പദ്ധതികൾക്ക് data flow, retention policy, access control എന്നിവ പൊതുവിൽ വിശദമായി വെളിപ്പെടുത്തണം. സ്വതന്ത്രമായ oversight bodies (technologists, jurists, civil society, academics എന്നിവർ ഉൾപ്പെട്ട) audit നടത്താൻ പാടുള്ള വരായിരിക്കണം.

### സാങ്കേതിക പരിഹാരങ്ങൾ

സാധ്യമായിടത്ത് decentralised architectures ഉപയോഗിക്കണം; എല്ലാ പൗരന്മാരുടെയും metadata ഒരു single centralised honeypot ആക്കുന്നത് ഒഴിവാക്കണം. encryption, anonymisation, privacy-preserving analytics (ഉദാ: differential privacy) പോലുള്ള സാങ്കേതിക മാർഗങ്ങൾ state-level പദ്ധതികളിലും നിർബന്ധമാക്കണം. open-source software ഉപയോഗിച്ച് public scrutiny സാധ്യമാക്കുക.

### വിദ്യാഭ്യാസ രംഗത്തിന്റെ പങ്ക്

അധ്യാപക സംഘടനകൾ (ഉദാ. AKPCTA പോലുള്ളവ), സർവകലാശാലകൾ, കോളേജുകൾ എന്നിവ digital literacy-യെ political literacy-യുമായി ബന്ധിപ്പിച്ചുകൊണ്ട് പഠിപ്പിക്കേണ്ട കാലമാണിത്.

"ആപ്പുകൾ എങ്ങനെ ഉപയോഗിക്കാം" എന്നതിലുപരി "ആപ്പുകൾ വഴിയുള്ള മേൽനോട്ടം എങ്ങനെ നടക്കുന്നു", "ഡിജിറ്റൽ അവകാശങ്ങൾ എന്തെല്ലാം" എന്നൊക്കെയാണ്

### വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അറിയേണ്ടത്.

നിഗമനം: സുരക്ഷയുടെ പേരിൽ സ്വാതന്ത്ര്യം വിറ്റുഉലയ്ക്കരുത്

സമൂഹങ്ങൾ ഭയക്കുമ്പോഴാണ് അധികാരം കൈവശമുള്ളവർ "സുരക്ഷ" എന്ന വാക്ക് ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത്. ഭീകരവാദം, law-and-order, ഇപ്പോൾ സൈബർ ക്രൈം – ഇതെല്ലാംഭരണകൂടഭീഷണികളായിമാറുന്നു; പക്ഷേ അവയെ ലക്ഷ്യമാക്കികൊണ്ട് പൊതുവ്യാപക മേൽനോട്ടം സാമാന്യവിധേയമാക്കുമ്പോൾ ജനാധിപത്യത്തിന്റെ ഉള്ളിലുള്ള ചലനാത്മകത നിശബ്ദമായി ചോരുകയാണ്. സഞ്ചാർ സാരഥി പോലുള്ള പദ്ധതികൾക്ക് സുരക്ഷാ നേട്ടങ്ങൾ ഉണ്ടാകാം – മൊബൈൽ തട്ടിപ്പുകൾ കുറയാം, ഫോൺ മോഷണം കുറയാം. അത് അംഗീകരിക്കുമ്പോഴും, ഇത് കേവലസുരക്ഷയുടെ ഭാഗമായി സ്വാതന്ത്ര്യത്തിലേക്കുള്ള കടന്നുകയറ്റവും വരാനാരിക്കുന്ന കടുത്ത സാമൂഹ്യ വിരുദ്ധതയിലേക്കുള്ള ഉപകരണവുമാകാനുള്ള സാധ്യത അതിൽ നിലനില്ക്കുന്നവെന്ന കാരണത്താലാണ് അത് എതിർക്കപ്പെടേണ്ടാവുന്നത്.

ഇത്തരം data infrastructures ഒരു നിരീക്ഷണസംസ്ഥാനത്തിലേക്കുള്ള പടിയാവാതിരിക്കാനുള്ള നിയമപരവും സാങ്കേതികവുമായ തടസ്സങ്ങൾ നമുക്ക് ഉറപ്പാക്കണം. അധ്യാപകരായും ഗവേഷകരായും നമ്മുടെ ഉത്തരവാദിത്തം വെറും "new app awareness" നടത്തുക മാത്രമല്ല; ഡിജിറ്റൽ കാലഘട്ടത്തിൽ ഹാക്കർമാരിൽ നിന്ന് മാത്രമല്ല, അതിരില്ലാത്ത state-corporate മേൽനോട്ടത്തിൽ നിന്ന് നമ്മുടെ ജനാധിപത്യത്തെയും ചിന്തസ്വാതന്ത്ര്യത്തെയും എങ്ങനെ കാക്കാം എന്ന് ചോദ്യമുയർത്തുകയും അതിന് രാഷ്ട്രീയ-സാങ്കേതികമായ ഉത്തരങ്ങൾ തേടുകയും ചെയ്യുക എന്നതും നമ്മുടെ പൗരച്ചുമതലയാണ്.

**Dr. DHANYA P.S .**
EMEA College of Arts & Science, Kondotti



# कल आज कल

आज का मौसम, पानी, हवा हो
आज का प्यार, भाई बहनपन
आज के त्योहार, मेला, मिलापन
आज के गीतों की वैविध्य मालिका ।

पेड़ का नाच हो घास का खेल
बूंदों के ताल हो दिल का धडकन
पानी की मीठास हो मुस्कान का माधुर्य
काश कल होगा ये स्वच्छ हवा?

कल नहीं होगा ये यादों की गीतें
यादें जो रोकेगी आर्यों की घोड़ा
तोड़ेगी मोड़ेगी कल की सब गाथा
मोड़ती कथाएं बताएंगी बातें ।

सत्यों की तूफान आएगी जल्दी
रोकेगी कहानी बोलेंगे मुहावरा
एडी चोटी का पसीना बहाओ
बदलेगी गलती छादर दिलों की।।

**GOVERNMENT OF KERALA**

**Abstract**

Payment of Dearness Allowance/Dearness Relief payable in respect of the Teaching staff/Pensioners/Family pensioners coming under UGC/AICTE /Medical Education Schemes – Revised Rates – Orders Issued.

**FINANCE (PAY RESEARCH UNIT) DEPARTMENT**

G.O.(P)No.14/2026/FIN Dated,Thiruvananthapuram, 04-02-2026

Read 1. G.O.(P) No.151/2020/Fin dated 05.11.2020

2. O.M.No.1/1/2024-E-II (B) dated 12.03.2024 from the Department of Expenditure, Ministry of Finance, Government of India.
3. O.M.No.42/02/2024-P&PW (D) dated 13.03.2024 from the Department of Pension & Pensioners' Welfare, Ministry of Personnel, Public Grievances & Pensions, Government of India.
4. O.M.No.1/3(1)/2008-E.II(B) dated 03.06.2024 from the Department of Expenditure, Ministry of Finance, Government of India.
5. G.O.(P) No.137/2025/Fin dated 31.10.2025.
6. State Budget Speech for 2026-27.

**ORDER**

Government are pleased to order that the rates of Dearness Allowance payable in respect of the teaching staff coming under UGC/AICTE/Medical Education Schemes who have changed over to revised UGC/AICTE/Medical Education scale from 01.01.2016 or thereafter will be enhanced from the existing 46% to 50%.

2. The rates of Dearness Allowance payable in respect of the teaching staff coming under UGC/AICTE/Medical Education Schemes

who are continuing in the 6th UGC/AICTE/Medical Education scale from 01.01.2006 or thereafter will be enhanced from the existing 230% to 239%.

3. The rates of Dearness Relief payable to UGC Pensioners/Family pensioners whose Pension/Family pension has been revised as per Government Order read 1st above will be enhanced from the existing 46% to 50%.

4. The rates of Dearness Relief payable to UGC Pensioners/Family pensioners whose Pension/Family pension had not been revised as per Government Order read 1st above will be enhanced from the existing 230% to 239%.

5. The enhanced Dearness Allowance shall be started to draw along with the salary due from the month of February 2026. i.e., salary to be disbursed from March 2026.

6. The enhanced Dearness Relief shall be started to draw along with the pension due for the month of March 2026, i.e, pension to be disbursed from March 2026.

7. The enhanced rate of dearness allowance is applicable, subject to availability of funds, to grant-in-aid institutions, including RCC, MCC etc, where UGC/AICTE/Medical Education Scheme has been implemented through Government Order. The increased rate of dearness relief is applicable only to institutions, including universities, where statutory pension is followed by Government order. The enhanced rate of Dearness Allowance and Dearness Relief should not exceed 50% (239% for those continuing in the 6th UGC/AICTE/Medical Education scale

effective from 01.01.2006 or thereafter). Such institutions can sanction the enhanced rate of Dearness Allowance and Dearness Relief after obtaining approval of the Board of Directors/Governing Body/Managing Committee/Executive Committee etc.

8. An order will be issued separately regarding the arrears.

(By order of the Governor)
K R JYOTHILAL
ADDITIONAL CHIEF SECRETARY

To:

The Principal Accountant General (A&E), Kerala, Thiruvananthapuram.

The Accountant General (Audit-I/II), Kerala, Thiruvananthapuram.

All Departments (All Sections) of the Secretariat including Law Department.

All Heads of Departments and Offices.

The Secretary, Kerala Public Service Commission.

The Registrar, High Court of Kerala, Ernakulam.

The Advocate General, Kerala, Ernakulam.

All Additional Chief Secretaries, Principal Secretaries, Secretaries, Special Secretaries, Additional Secretaries, Joint Secretaries, Deputy Secretaries and Under Secretaries to Government.

The Secretary to Governor.

The Private Secretaries to Chief Minister and Ministers.

The Private Secretary to the Leader of Opposition and Government Chief Whip.

# GOVERNMENT OF KERALA

## Abstract

Payment of Dearness Allowance/Dearness Relief payable in respect of the Teaching staff/Pensioners/Family pensioners coming under UGC/AICTE /Medical Education Schemes – Revised Rates – Orders Issued.

---

**FINANCE (PAY RESEARCH UNIT) DEPARTMENT**

G.O.(P)No.26/2026/FIN Dated,Thiruvananthapuram, 20-02-2026

---

Read 1. G.O.(P) No.151/2020/Fin dated 05.11.2020

2. O.M.No.1/5/2024-E-II (B) dated 21.10.2024 from the Department of Expenditure, Ministry of Finance, Government of India.
3. O.M.No.1/1(1)/2025-E.II(B) dated 02.04.2025 from the Department of Expenditure, Ministry of Finance, Government of India.
4. O.M.No.1/4(i)/2025-E.II(B) dated 06.10.2025 from the Department of Expenditure, Ministry of Finance, Government of India.
5. O.M.No.42/02/2024-P&PW (D) dated 30.10.2024 from the Department of Pension & Pensioners' Welfare, Ministry of Personnel, Public Grievances & Pensions, Government of India.
6. O.M.No.42/02/2024-P&PW (D) dated 11.04.2025 from the Department of Pension & Pensioners' Welfare, Ministry of Personnel, Public Grievances & Pensions, Government of India.
7. O.M.No.42/02/2024-P&PW (D) dated 08.10.2025 from the Department of Pension & Pensioners' Welfare, Ministry of Personnel, Public Grievances & Pensions, Government of India.
8. O.M.No.1/6(1)/2024-E.II(B) dated 07.11.2024 from the

Department of Expenditure, Ministry of Finance, Government of India.

9. O.M.No.1/1(2)/2025-E.II(B) dated 02.04.2025 from the Department of Expenditure, Ministry of Finance, Government of India.
10. O.M.No.1/4(ii)/2025-E.II(B) dated 06.10.2025 from the Department of Expenditure, Ministry of Finance, Government of India.
11. G.O.(P) No.14/2026/Fin dated 04.02.2026.
12. State Budget Speech for 2026-27.

## ORDER

Government are pleased to order that the rates of Dearness Allowance payable in respect of the teaching staff coming under UGC/AICTE/Medical Education Schemes who have changed over to revised UGC/AICTE/Medical Education scale from 01.01.2016 or thereafter will be enhanced from the existing 50% to 58%.

2. The rates of Dearness Allowance payable in respect of the teaching staff coming under UGC/AICTE/Medical Education Schemes who are continuing in the 6th UGC/AICTE/Medical Education scale from 01.01.2006 or thereafter will be enhanced from the existing 239% to 257%.

3. The rates of Dearness Relief payable to UGC Pensioners/Family pensioners whose Pension/Family pension has been revised as per Government Order read 1st above will be enhanced from the existing 50% to 58% .

4. The rates of Dearness Relief payable to UGC Pensioners/Family pensioners whose Pension/Family pension had not been revised as per Government Order read 1st above will be enhanced from the existing 239% to 257% .

5. The enhanced Dearness Allowance shall be started to draw along with the salary due from the month of March 2026. i.e., salary to be disbursed from April 2026.

6. The enhanced Dearness Relief shall be started to draw along with the pension due for the month of April 2026, i.e, pension to be disbursed from April 2026.

7. The enhanced rate of dearness allowance is applicable, subject to availability of funds, to grant-in-aid institutions, including RCC, MCC etc, where UGC/AICTE/Medical Education Scheme has been implemented through Government Order. The increased rate of dearness relief is applicable only to institutions, including universities, where statutory pension is followed by Government order. The enhanced rate of Dearness Allowance and Dearness Relief should not exceed 58% (257% for those continuing in the 6th UGC/AICTE/Medical Education scale effective from 01.01.2006 or thereafter). Such institutions can sanction the enhanced rate of Dearness Allowance and Dearness Relief after obtaining approval of the Board of Directors/Governing Body/Managing Committee/Executive Committee etc.

8. An order will be issued separately regarding the arrears.

(By order of the Governor)
K R JYOTHILAL
ADDITIONAL CHIEF SECRETARY

To:
The Principal Accountant General(A&E),Kerala,Thiruvananthapuram
The Accountant General (Audit-I/II), Kerala, Thiruvananthapuram
All Departments (All Sections) of the Secretariat including Law Department.
All Heads of Departments and Offices.
The Secretary, Kerala Public Service Commission.
The Registrar, High Court of Kerala, Ernakulam.
The Advocate General, Kerala, Ernakulam.
All Additional Chief Secretaries, Principal Secretaries, Secretaries, Special Secretaries, Additional Secretaries, Joint Secretaries, Deputy Secretaries and Under Secretaries to Government.
The Secretary to Governor.
The Private Secretaries to Chief Minister and Ministers.
The Private Secretary to the Leader of Opposition and Government Chief Whip.
The Private Secretary to Speaker/Deputy Speaker.
The Additional Secretary to the Chief Secretary.
The Registrars, All Universities in Kerala.
The Director of Treasuries, Thiruvananthapuram.
All District Treasury Officers/ Sub Treasury Officers.
The Nodal Officer, www.finance.kerala.gov.in
The Chief Project Manager, SPARK.
The Web & New Media, Information and Public Relations Department.
Stock file/Office copy (PRU-2/26/2026-FIN).

Forwarded /By order
**Signed by Mini Viji A V**
**Date: 20-02-2026 12:20:48**
Section Officer

# സംഘടനാവാർത്തകൾ

# എ.നിശാന്ത് ഐഫക്ടോ ദേശീയ പ്രസിഡന്റ്




2026-28 വർഷത്തേക്കുള്ള ഐഫക്ടോ ദേശീയ പ്രസിഡന്റ് ആയി എ നിശാന്ത് (എ കെ പി സി ടി എ സംസ്ഥാന പ്രസിഡന്റ് ) തെരഞ്ഞെടുക്കപ്പെട്ടു. ഇന്ത്യയിലെ വിവിധ സർവ്വകലാശാല - കോളേജ് അധ്യാപക സംഘടനകളുടെ ഫെഡറേഷൻ ആണ് ഐഫക്ടോ. വർഷങ്ങൾക്കുശേഷം എ കെ പി സി ടി എ യ്ക്ക് ഇപ്രാവശ്യം ലഭിച്ച പ്രാതിനിധ്യം എന്ന നിലയിൽ ആണ് 34-ാം ദേശീയ സമ്മേളനം നമ്മുടെ പ്രസിഡന്റിനെ ഈ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തത്. ഐഫക്ടോ അംഗസംഘടനകളുടെ സംസ്ഥാന ഭാരവാഹികളിൽ നിന്നാണ് ദേശീയ ഭാരവാഹിത്വത്തിലേക്ക് തെരഞ്ഞെടുക്കുക.



അരുൺകുമാറിനെ (ബിഹാർ) ജനറൽ സെക്രട്ടറിയായും, മോജ്പാൽ സിങിനെ (ഉത്തർ പ്രദേശ്) ട്രഷറർ ആയും തെരഞ്ഞെടുത്തു. 7 സെക്രട്ടറിമാരെയും 15 വൈസ് പ്രസിഡന്റ്മാരെയും 10 സോണൽ സെക്രട്ടറിമാരെയും ഉൾപ്പെടെ 35 പേരെ മധുരയിൽ ചേർന്ന 34-ാമത് സ്റ്റാറ്റ്യൂട്ടറി കോൺഫറൻസ് തെരഞ്ഞെടുത്തു. കേരളത്തിൽ നിന്ന് ഡോ മനോജ് എൻ (എ കെ ജി സി ടി സംസ്ഥാന പ്രസിഡന്റ് ) വൈസ് പ്രസിഡന്റായും, ഡോ പ്രേമ എ (എഫ് യു ടി എ ; ടി ഒ കെ എ യു ജനറൽ സെക്രട്ടറി) ദക്ഷിണ മേഖലാ സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടു.


YOUR TECHNOLOGY PARTNER!
NEO SYSTEMS
services
LAPTOPS
DESKTOPS
CCTV
INVERTERS
BATTERIES
INTERACTIVE PANELS
COMPUTER SALES/ SERVICE
+91 9656985998
sales@neosystems.in
www.neto.sysylests.com
Opp. Aswini Hospital
Ottapalam, Palakkad
GeM Government e Marketplace


Awarded to
Sreeragam residency cherthala
9.3
Booking.com
Traveller Review Awards 2026
SREERAGAM RESIDENCY
SREERAGAM RESIDENCY
ROOMS AVAILABLE
A/C & NON A/C
ആലപ്പുഴ ചേർത്തല 11-ാം മൈൽ മുട്ടത്തിപ്പറമ്പ് റൂട്ട്
9497371377, 8075144467, 9645964678

KERALA PRIVATE COLLEGE TEACHER

ISSUE No.320

ISSN 2454-4795
MARCH - APRIL 2026




Printed and Published by Prof. (Dr.) K. Bijukumar, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 0471-2463494 E-mail: akpctatvm@gmail.com www.akpcta.org
**Editor : Dr. Vidhu Narayan**